
# കമ്യൂണിസ്റ്റ് പാർട്ടി സംഘടനയുടെ

# അടിസ്ഥാനപ്രമാണങ്ങൾ



BOOK HOUSE
CHALAPURAM
MALABAR

KERALA COMMITTEE,
COMMUNIST PARTY OF INDIA,
...PURAM, ERNAKULAM.

9/24

137

324.254

324·264

# 1921-ൽ ചേൎന്ന കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ മൂന്നാം കോൺഗ്രസ്സ് അംഗീകരിച്ചതു്

4510

# I. പൊതുതത്വങ്ങൾ

1. പാർട്ടിയുടെ സംഘടന അതിൻെറ പ്രവൎത്തനങ്ങളുടെ ഉപാധികൾക്കും ലക്ഷ്യത്തിന്നും പററിയ തരത്തിലുണ്ടാക്കേണ്ടതാണ്. വിപ്ലവകരമായ വൎഗ്ഗസമരത്തിൻെറ എല്ലാ പതനങ്ങളിലും, പിന്നീട് കമ്മ്യൂണിസ്റ്റ് സമുദായത്തിൻെറ ആദ്യത്തെ ഘട്ടം സാധിക്കുന്നതിലേക്കുള്ള പരിവൎത്തനകാലഘട്ടത്തിലും കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിവൎഗ്ഗത്തിൻെറ മുന്നണിയായിരിയ്ക്കും, സമരരംഗത്തിൽ ഏററവും മുന്നിൽ നിൽക്കുന്ന വിഭാഗമായിരിക്കണം.

2. കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് എല്ലാ കാലത്തേക്കും കേവലം തെററാനിടയില്ലാത്തതും മാറേറണ്ടതില്ലാത്തതുമായ സംഘടനാരൂപമുണ്ടായിരിക്കാൻ വയ്യ. തൊഴിലാളിവൎഗ്ഗസമരത്തിൻെറ സ്ഥിതിഗതികൾ അനുസ്യൂതമായ ഒരു പരിണാമഗതിയിൽ മാററങ്ങൾക്കു വിധേയമാണ്; ഈ മാററങ്ങൾക്കൊത്ത്, തൊഴിലാളിവൎഗ്ഗമുന്നണിയുടെ സംഘടനയും നിരന്തരം തദനുസൃതമായ രൂപങ്ങളെ ആരാഞ്ഞുകൊണ്ടിരിക്കും. പ്രത്യേകം ഓരോ രാജ്യത്തിലെ സവിശേഷസ്ഥിതികളും അതുപോലെത്തന്നെ അതാതു പാർട്ടികളുടെ സംഘടനാരൂപങ്ങളിൽ അവയ്ക്കൊത്ത സവിശേഷഭേദങ്ങളെ നിൎണ്ണയിക്കുന്നു.

പക്ഷേ ഈ വ്യത്യസ്തതകൾക്ക വ്യക്തമായ അതിരുകളുണ്ട്. സവിശേഷതകളെന്തുതന്നെയുണ്ടായാലും വിവിധരാജ്യങ്ങളിലും തൊഴിലാളിവിപ്ലവത്തിൻെറ വിവിധഘടകങ്ങളിലുമുള്ള തൊഴിലാളിവൎഗ്ഗസമരത്തിൻെറ ഉപാധികളുടെ ഐകരൂപ്യം സാൎവ്വദേശീയകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്നു മൌലികപ്രാധാന്യത്തോടുകൂടിയതാകുന്നു; അതു് എല്ലാ രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സംഘടനക്ക് ഒരു പൊതു അടിസ്ഥാനം സൃഷ്ടിക്കുന്നു.

ഈ അടിസ്ഥാനത്തിൽ, കമ്മ്യൂണിസ്ററ് പാർട്ടികളുടെ സംഘടനയെ വളൎത്തേണ്ടതാവശ്യമാണ്; പക്ഷേ, പുതിയ മാതൃകാപാർട്ടികൾ സ്ഥാപിക്കാൻ ശ്രമിക്കുകയോ എന്നേക്കും ശരിയായ സംഘടനാരൂപങ്ങളും മാതൃകാഭരണഘടനകളും ഉണ്ടാക്കാൻ നോക്കുകയോ ചെയ്യുന്നതിലൎത്ഥമില്ല.

3. മിക്ക കമ്മ്യൂണിസ്ററ് പാർട്ടികൾക്കും, അതുകൊണ്ടുതന്നെ ലോകത്തിലെ വിപ്ലവകാരിയായ തൊഴിലാളിവൎഗ്ഗത്തിൻെറ ഏകീകൃതപാർട്ടിയായ കമ്മ്യൂണിസ്ററ് ഇൻറർനാഷനലിന്നും, അവയുടെ സമരോപാധി

കളിൽ ഇതയൊരു പൊതുസ്വഭാവമുണ്ടു്: അവക്കെല്ലാം എപ്പോഴും മേധാവിത്വം വഹിക്കുന്ന മുതലാളിവൎഗ്ഗത്തിന്നെതിരായിട്ടാണു് പൊരുതേണ്ടതായിട്ടുള്ളതു്. പുതിയ സംഭവവികാസങ്ങളുണ്ടാകുംവരെ, അവയുടെയെല്ലാം പ്രവൎത്തനത്തെ നിൎണ്ണയിക്കുകയും നയിക്കുകയും ചെയ്യുന്ന പ്രധാന ലക്ഷ്യം മുതലാളിവൎഗ്ഗത്തെ കീഴടക്കി അതിന്റെ കയ്യിൽനിന്നു ഭരണാധികാരം പിടിച്ചെടുക്കുകയാണു്. അതനുസരിച്ചു്, മുതലാളിരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റുപാൎട്ടികളുടെ സംഘടനാപ്രവൎത്തനത്തെ നിൎണ്ണയിക്കുന്ന സംഗതി, സ്വത്തുടമവൎഗ്ഗങ്ങൾക്കെതിരായ തൊഴിലാളിവിപ്ലവത്തിന്റെ വിജയം സാദ്ധ്യവും സുദൃഢവുമാക്കുന്ന അത്തരം സംഘടനകൾ കെട്ടിപ്പടുക്കുകയെന്നതാകുന്നു

4. കൂട്ടായ ഏതു പ്രവൃത്തിക്കും നേതൃത്വം ഒരു അവശ്യോപാധിയാണു്; പക്ഷേ എല്ലാററിലുമധികം, ലോകചരിത്രത്തിലെ ഏററവും വമ്പിച്ചുള്ള സമരത്തിൽ, അതു ഒഴിച്ചുകൂടാൻ വയ്യാത്തതാണു്. കമ്മ്യൂണിസ്റ്റുപാൎട്ടിയുടെ സംഘടന തൊഴിലാളിവിപ്ലവത്തിൽ കമ്മ്യൂണിസ്റ്റുനേതൃത്വത്തിന്റെ സംഘടനയാണു്.

ഒരു നല്ല നേതാവാകാൻ പാൎട്ടിക്കാകെതന്നെ നല്ല നേതൃത്വം വേണം. അതുകൊണ്ടു നമ്മുടെ സംഘടനാപ്രവൎത്തനത്തിന്റെ പ്രധാനകടമയിതാണു് — തൊഴിലാളിവിപ്ലവത്തിന്റെ നേതൃസ്ഥാനമെടുക്കാൻ കഴിയുന്നവിധം വ്യക്തമായ നേതൃത്വഘടകങ്ങളുടെ കീഴിൽ കാൎയ്യപ്രാപ്തിയോടുകൂടിയ കമ്മ്യൂണിസ്റ്റുപാൎട്ടികളെ പഠിപ്പിക്കുക, സംഘടിപ്പിക്കുക, പരിശീലിപ്പിക്കുക.

5. സാദ്ധ്യമായതിലേററവും വമ്പിച്ച ആക്രമണശക്തിയേയും, കമ്മ്യൂണിസ്റ്റുപാൎട്ടിയുടേയും അതിന്റെ പ്രധാന ഘടകങ്ങളുടേയും കാൎയ്യത്തിൽ സദാപി മാറിക്കൊണ്ടിരിക്കുന്ന സമരസ്ഥിതിക്കനുസരിച്ചു പുതിയ രൂപങ്ങളിലേക്കു മാറാനുള്ള അങ്ങേയററത്തെ കഴിവിനേയും സംഘടിതമായി കൂട്ടിയിണക്കുകയാണു് വിപ്ലവകരമായ വൎഗ്ഗസമരത്തിലെ നേതൃത്വത്തിന്റെ ആദ്യോപാധി. എന്നുതന്നെയല്ല, തൊഴിലാളിബഹുജനങ്ങളുമായി ഏററവും അടുത്ത ബന്ധം വിജയകരമായ നേതൃത്വത്തിന്നു് അത്യാവശ്യമാണു്. അത്തരം ബന്ധംകൂടാതെ, നേതൃത്വം ബഹുജനങ്ങളെ നയിക്കുകയില്ല; നേരെമറിച്ചു്, ഏറിയതു അവരെ പിന്തുടരുക മാത്രം ചെയ്യും.

കമ്മ്യൂണിസ്റ്റുപാൎട്ടി സംഘടനയുടെ ആന്തരൈക്യം നേടേണ്ടതു ജനാധിപത്യപരമായ കേന്ദ്രീകരണത്തിലൂടെയാണു്.

# II. ജനാധിപത്യപരമായ കേന്ദ്രീകരണം

6. കമ്മ്യൂണിസ്റ്റ് പാർട്ടീസംഘടനയിലെ ജനാധിപത്യപരമായ കേന്ദ്രീകരണം, കേന്ദ്രീകരണത്തിന്റെയും തൊഴിലാളിജനാധിപത്യത്തിന്റെയും യഥാർത്ഥമായ ഒരു സംയോജനമായിരിക്കണം, ഇണക്കമായിരിക്കണം. പാർട്ടീസംഘടനയുടെയാകെ നിരന്തരമായ പൊതുപ്രവർത്തനത്തിന്റെയും പൊതുസമരത്തിന്റെയും അടിസ്ഥാനത്തിൽമാത്രമേ ഈ ഇണക്കം സാധിക്കുകയുള്ളു. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ കേന്ദ്രീകരണത്തിന്റെ അർത്ഥം ഔപചാരികവും യാന്ത്രികവുമായ കേന്ദ്രീകരണമല്ല; നേരെമറിച്ച് കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളുടെ കേന്ദ്രീകരണമാണ് — അതായത് എപ്പോഴും സമരത്തിന്നു തയ്യാറും അതേസമയത്തു സ്ഥിതിക്കനുസരിച്ചു മാറാൻ കഴിവുമുള്ള സുശക്തമായ ഒരു നേതൃത്വത്തിന്റെ രൂപീകരണമാണ്. ബാക്കി പാർട്ടീമെമ്പർമാരുടേയോ പാർട്ടീസംഘടനക്കു പുറത്തു നില്ക്കുന്ന വിപ്ലവകാരികളായ തൊഴിലാളിബഹുജനങ്ങളുടേയോ മേൽ മേധാവിത്വം വഹിക്കുന്ന ഒരു തൊഴിലാളിയുദ്യോഗസ്ഥമേധാവിത്വത്തിന്റെ കയ്യിൽ 'അധികാര'മാകെ കേന്ദ്രീകരിക്കലാണ് ഔപചാരികമോ യാന്ത്രികമോ ആയ കേന്ദ്രീകരണം. തൊഴിലാളികളുടെ വർഗ്ഗസമരങ്ങളെ നടത്തുകയും കമ്മ്യൂണിസ്റ്റ് നേതൃത്വത്തെ കേന്ദ്രീകരിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗത്തെ അടക്കിഭരിക്കാൻ ശ്രമിക്കുകയാണെന്നു കമ്മ്യൂണിസ്റ്റുകാരുടെ ശത്രുക്കൾ മാത്രമേ വാദിക്കുകയുള്ളു. അത്തരം വാദം നുണയാണ്. പാർട്ടിക്കുള്ളിൽ അധികാരത്തിന്നുള്ള മത്സരവും മേധാവിത്വത്തിന്നുള്ള വടംവലിയും, കമ്മ്യൂണിസ്റ്റ് ഇന്റർനാഷനൽ അംഗീകരിച്ചിട്ടുള്ള ജനാധിപത്യപരമായ കേന്ദ്രീകരണത്തിന്റെ മൌലികതത്വങ്ങളുമായി ഒരുതരത്തിലും പൊരുത്തമുള്ളവയല്ല.

പഴയ, വിപ്ലവകരമല്ലാത്ത തൊഴിലാളിപ്രസ്ഥാനത്തിന്റെ സംഘടനയിൽ, സർവ്വവ്യാപിയായ ഒരു വൈരുദ്ധ്യം വളർന്നുവന്നിട്ടുണ്ട് — ബൂർഷ്വാഭരണകൂടത്തിലുള്ളപോലെ ഉദ്യോഗസ്ഥമേധാവിത്വവും 'ജനങ്ങളും' തമ്മിലുള്ള വൈരുദ്ധ്യം. ബൂർഷ്വാസാഹചര്യങ്ങളുടെ നാശകാരിയായ

സ്വാധീനശക്തിയുടെ കീഴിൽ ഒരു തരം പ്രവൃത്തിവിഭജനം വളർന്നുവന്നിരിക്കുന്നു—കൂട്ടായ ഉദ്യമത്തിന്റെ സജീവമായ സംഘടനയുടെ സ്ഥാനത്ത് ഒരു ശൂന്യമായ ഔപചാരികജനാധിപത്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു, സജീവപ്രവർത്തകന്മാരും ഒന്നും ചെയ്യാത്ത ബഹുജനങ്ങളുമായി സംഘടന പിളർക്കപ്പെട്ടിരിക്കുന്നു. വിപ്ലവകരമായ തൊഴിലാളിപ്രസ്ഥാനത്തിന്നും ബൂർഷ്വാസാഹചര്യങ്ങളുടെ കീഴിൽ കുറെയൊക്കെ ഈ വൈരുദ്ധ്യത്തിന്റെയും ഔപചാരികത്വത്തിന്റെയും പാരമ്പര്യം കിട്ടിയിട്ടുണ്ട്.

നിരന്തരവും സ്ഥിരവുമായ രാഷ്ട്രീയസംഘടനാപ്രവർത്തനം വഴി, സംഘടനയെ സദാപി നന്നാക്കുകയും പുതുക്കുകയും ചെയ്തിട്ട്, കമ്മ്യൂണിസ്റ്റ് പാർട്ടി മൌലികമായി ഈ വൈരുദ്ധ്യങ്ങളെ വിജയിക്കണം.

7. ഒരു ബഹുജനസോഷ്യലിസ്റ്റ് പാർട്ടിയെ കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറ്റുമ്പോൾ, പഴയ സംഘടനാരൂപത്തെ അങ്ങിനെതന്നെ നിലനിർത്തിക്കൊണ്ട് അധികാരം പാർട്ടിയുടെ കേന്ദ്രനേതൃത്വത്തിലേക്കു മാറ്റുകമാത്രം ചെയ്യുന്നതുകൊണ്ടു പാർട്ടി തൃപ്തിപ്പെടരുത്. കേന്ദ്രീകരണം കടലാസ്സിൽമാത്രം ഉണ്ടായാൽപോര, നേരേമറിച്ചു പ്രവൃത്തിയിൽ കാണിക്കണം – തങ്ങളുടെ പൊതുവായ പ്രവർത്തനത്തിലും സമരത്തിലും മൌലികമായി സഹായിക്കാൻ കഴിവുള്ള ഒരുപകരണമാണ് ഈ പുതിയ നേതൃത്വമെന്നു സാധാരണമെമ്പർമാർക്കു തോന്നുമ്പോൾ മാത്രമേ ഇതു സാദ്ധ്യമാവുകയുള്ളു. അല്ലെങ്കിൽ, പാർട്ടിയ്ക്കകത്തെ ഒരു ഉദ്യോഗസ്ഥമേധാവിത്വമായിട്ടു സാധാരണബഹുജനങ്ങൾക്ക് അതു തോന്നുകയുള്ളു; എല്ലാ കേന്ദ്രീകരണത്തോടും എല്ലാ നേതൃത്വത്തോടും, എല്ലാ കണിശമായ അച്ചടക്കത്തോടും തൽഫലമായി എതിർപ്പുളവാകാനിടയുണ്ട്. ഉദ്യോഗസ്ഥമേധാവിത്വത്തിന്റെ മറുതലയാണ് അരാജകത്വം.

സംഘടനയ്ക്കകത്തെ വെറും ഔപചാരികജനാധിപത്യംകൊണ്ട് ഉദ്യോഗസ്ഥമേധാവിത്വപരമോ അരാജകത്വപരമോ ആയ വാസനകളെ നീക്കാനാവില്ല—അത്തരം ജനാധിപത്യംതന്നെയാണ് ആ വാസനകൾക്കു വളരാനുള്ള ഫലവത്തായ മണ്ണുണ്ടാക്കുന്നത്. അതുകൊണ്ട്, സംഘടനയുടെ കേന്ദ്രീകരണം, അത്യന്തം സുശക്തമായ ഒരു നേതൃത്വം സൃഷ്ടിക്കുകയെന്ന ലക്ഷ്യം നേടാനായി ഔപചാരികജനാധിപത്യത്തെ ആശ്രയിക്കുകയാണെങ്കിൽ, വിജയിക്കുകയേയില്ല. പാർട്ടിക്കകത്തു നേ

ത്ത്വം വഹിയ്ക്കുന്ന ഘടകങ്ങളും സാധാരണ മെമ്പർമാരും തമ്മിലും, പാർട്ടിയ്ക്കു പുറത്തുള്ള തൊഴിലാളിബഹുജനങ്ങളും പാർട്ടിയും തമ്മിലും പരസ്പരബന്ധവും സജീവമായ കൂട്ടുകെട്ടും വളർത്തുകയും പുലർത്തുകയുമാണ് അതിന്നാവശ്യമായ പ്രാഥമികോപാധികൾ.

# III കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിന്റെ കടമകൾ

8. വിപ്ലവകരമായ മാർക്സിസത്തിന്റെ ഒരു ട്രെയ്നിങ്ങ് സ്കൂളായിരിക്കണം കമ്മ്യൂണിസ്റ്റ് പാർട്ടി. പാർട്ടിസംഘടനയുടെ വിവിധഭാഗങ്ങളും പാർട്ടിമെമ്പർഷിപ്പും തമ്മിലുള്ള അഭേദ്യബന്ധം, പാർട്ടിയുടെ പ്രവർത്തനങ്ങളിൽ നിത്യേന കൂട്ടായി എല്ലാ മെമ്പർമാരും പങ്കെടുക്കുന്നതിലൂടെ ഊട്ടിയുറപ്പിയ്ക്കേണ്ടതാണ്.

നിയമവിധേയമായി പ്രവർത്തിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ പോലും ഇന്നു മിയ്ക്ക മെമ്പർമാരേയും സംബന്ധിച്ചേടത്തോളം പാർട്ടിയുടെ ദൈനന്ദിനപ്രവർത്തനത്തിൽ കൃത്യമായി പങ്കെടുക്കുകയെന്നതില്ല. ഈ പാർട്ടികളുടെ പ്രധാന പോരായ്മയാണതു്, അവയുടെ വളർച്ചയിൽ എല്ലായ്പോഴും തടസ്ഥമുണ്ടാകുന്നതിന്നടിസ്ഥാനവും അതാണ്.

9. എല്ലാ തൊഴിലാളിപ്പാർട്ടികളും കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപാന്തരപ്പെടുന്നതിന്റെ ആദ്യഘട്ടങ്ങളിൽ ഇങ്ങിനെയൊരു ആപത്തിൽ ചെന്നുപെടാനിടയുണ്ട്: കമ്മ്യൂണിസ്റ്റ് പരിപാടി സ്വീകരിച്ചതുകൊണ്ടും പ്രചാരവേലയിൽ പഴയ സിദ്ധാന്തങ്ങൾക്കു പകരം കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ സ്വീകരിച്ചതുകൊണ്ടും എതിർപക്ഷത്തിൽപ്പെട്ട ഭാരവാഹികളുടെ സ്ഥാനത്തു കമ്മ്യൂണിസ്റ്റുകാരായ ഭാരവാഹികളെ നിയമിച്ചതുകൊണ്ടും മാത്രം തൃപ്തിപ്പെടുക. കമ്മ്യൂണിസ്റ്റ് പരിപാടി അംഗീകരിക്കുന്നതു് ഒരു കമ്മ്യൂണിസ്റ്റാകാനുള്ള ആഗ്രഹത്തിന്റെ പ്രകടനം മാത്രമാണ്. കമ്മ്യൂണിസ്റ്റ് പ്രവർത്തനമില്ലെങ്കിൽ, പണ്ടത്തെപ്പോലെ ബഹുജനങ്ങളുടെ നിഷ്ക്രിയത്വം തുടരുകയാണെങ്കിൽ, കമ്മ്യൂണിസ്റ്റ് പരിപാടി അംഗീകരിക്കുന്നതുകൊണ്ടു പാർട്ടി സ്വയം എടുത്ത പ്രതിജ്ഞയുടെ ഏററവും ചുരുങ്ങിയ ഭാഗംപോലും അതു നിർവ്വഹിക്കുന്നില്ല, കാരണം, കമ്മ്യൂണിസ്റ്റ്

പരിപാടി ആത്മാർത്ഥമായി നിറവേററുന്നതിൻെറ ആദ്യോപാധി പാർട്ടിയുടെ സ്ഥിരമായ ദൈനംദിനപ്രവർത്തനത്തിൽ എല്ലാ മെമ്പർമാരും പങ്കെടുക്കലാണ്.

കമ്മ്യൂണിസ്റ്റ് സംഘടനയുടെ കല കിടക്കുന്നതു തൊഴിലാളിവർഗ്ഗസമരത്തിൽ ഓരോരുത്തരേയും ഉപയോഗപ്പെടുത്താനുള്ള കഴിവിലാണ്; പാർട്ടിയുടെ ജോലികൾ എല്ലാ മെമ്പർമാരുടേയുമിടയിൽ വിതരണം ചെയ്യുന്നതിലാണ്; കൂടുതൽ കൂടുതൽ തൊഴിലാളിബഹുജനങ്ങളെ പാർട്ടിമെമ്പർമാർവഴി വിപ്ലവപ്രസ്ഥാനത്തിലേക്കു നിരന്തരം ആകർഷിക്കുന്നതിലാണ്. എന്നുമാത്രമല്ല, പാർട്ടി അതിൻെറ അധികാരബലംകൊണ്ടല്ല പ്രസ്ഥാനത്തിൻെറയാകെ നിയന്ത്രണം സ്വന്തംകയ്യിൽ നിലനിർത്തേണ്ടതു; നേരെമറിച്ച് അതിൻെറ ബഹുജനവിശ്വാസവും ഉത്സാഹവും കൂടുതലായ അനുഭവവും എല്ലാററിനേയുംകുറിച്ചുള്ള കൂടുതലായ ജ്ഞാനവും പ്രാപ്തിയും കൊണ്ടാണ്.

10. യഥാർത്ഥമായും സജീവമായി പ്രവർത്തിക്കുന്ന മെമ്പർമാർമാത്രമുള്ള ഒരു പാർട്ടിയായിത്തീരാൻ കമ്മ്യൂണിസ്റ്റ് പാർട്ടി പരിശ്രമിക്കണം; നിലവിലുള്ള സ്ഥിതിഗതികളിൽ തങ്ങൾക്കു നൽകാൻ കഴിയുന്ന തങ്ങളുടെ മുഴുവൻ ശക്തിയും സമയവും പാർട്ടിയുടെ വരുതിക്കു നൽകുകയും പാർട്ടിപ്രവർത്തനത്തിന്നായി തങ്ങളുടെ കഴിവുകളെ അങ്ങേയററം ഉപയോഗിക്കുകയും ചെയ്യണമെന്നു പാർട്ടി ഓരോ സാധാരണമെമ്പറോടും ആവശ്യപ്പെടണം.

കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ മെമ്പറാവുകയെന്നുവെച്ചാൽ, സ്വാഭാവികമായും കമ്മ്യൂണിസ്റ്റാദർശങ്ങളിൽ വിശ്വാസത്തിന്നുപുറമെ, ആദ്യം സ്ഥാനാർത്ഥിയായും പിന്നീടു മെമ്പറായും ഔപചാരികമായി രജിസ്റ്റർചെയ്യണം, പാർട്ടി നിശ്ചയിക്കുന്ന വരിസംഖ്യ കൃത്യമായടയ്ക്കണം, പാർട്ടിപത്രങ്ങൾക്കു വരിസംഖ്യ കൊടുക്കണം മുതലായവയെല്ലാം വേണം. എന്നാൽ ഏററവും പ്രധാനമായതു്, പാർട്ടിയുടെ നിത്യപ്രവർത്തനത്തിൽ ഓരോ പാർട്ടിമെമ്പറും പങ്കെടുക്കുകയാണ്.

11. പാർട്ടിയുടെ പ്രവൃത്തികൾ നിറവേററുന്നതിന്നുവേണ്ടി ഓരോ പാർട്ടിമെമ്പറും ഏതെങ്കിലുമൊരു ചെറിയ ഗ്രൂപ്പിലോ, കമ്മിററിയിലോ, കമ്മീഷനിലോ, വലിയ ഗ്രൂപ്പിലോ, ഫ്രാക്ഷനിലോ, സെല്ലിലോ നിയമേന മെമ്പറായി പ്രവർത്തിക്കണം. ഇങ്ങിനെമാത്രമേ പാർട്ടിപ്രവർത്തനം ശരിയായി വീതിക്കാനും നിയന്ത്രിക്കാനും നടത്താനും കഴിയുകയുള്ളു.

പ്രാദേശികസംഘടനയുടെ പൊതുയോഗങ്ങളിൽ എല്ലാ മെമ്പർമാരും ഹാജരാകണമെന്നുള്ളത് തീർച്ചയായും എടുത്തുപറയേണ്ടതില്ല. നിയമവിധേയത്വമുള്ള സാഹചര്യങ്ങളിൽ പരസ്യമായി ഇടക്കിടെ കൂടുന്ന ഈ പൊതുയോഗങ്ങൾക്കുപകരം പ്രാദേശികപ്രതിനിധികളുടെ യോഗങ്ങൾ മാത്രം കൂടുവാൻ ശ്രമിക്കുന്നതു നന്നല്ല. ഈ യോഗങ്ങളിൽ കൃത്യമായി ഹാജരാകാൻ എല്ലാ മെമ്പർമാരും കടപ്പെട്ടിരിക്കുന്നു. പക്ഷേ ഒരുവിധത്തിലും അതുകൊണ്ടുമാത്രം മതിയായില്ല. ഈ പൊതുയോഗങ്ങൾക്ക് ഒരുക്കുകൂട്ടണമെങ്കിൽത്തന്നെ, തൊഴിലാളികളുടെ പൊതുയോഗങ്ങൾക്കും പ്രകടനങ്ങൾക്കും തൊഴിലാളിവർഗ്ഗത്തിന്റെ ബഹുജനസമരത്തിന്നുമുള്ള ഒരുക്കുകൂട്ടലിനെ ഫലപ്രദമായുപയോഗിച്ചുകൊണ്ടു ചെറിയ ഗ്രൂപ്പുകളിലോ പ്രത്യേകം നിശ്ചയിച്ച സഖാക്കൾമുഖേനയോ ഉള്ള പ്രവർത്തനം ഒഴിച്ചുകൂടാത്തതാണ്. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിരവധി കടമകൾ ചെറിയ ഗ്രൂപ്പുകളിൽമാത്രമേ ശ്രദ്ധിച്ചു പഠിക്കാനും ഊർജ്ജിതമായി നിറവേററാനും കഴിയുകയുള്ളു. ചെറിയ ഗ്രൂപ്പുകളിലായി സംഘടിപ്പിച്ച തൊഴിലാളിബഹുജനങ്ങൾക്കിടയിൽ വിഭജിക്കപ്പെട്ട പാർട്ടിമെമ്പർഷിപ്പിന്റെയാകെ ഇത്തരം സ്ഥിരമായ ദൈനന്ദിനപ്രവർത്തനം കൂടാതെ തൊഴിലാളിവർഗ്ഗസമരങ്ങളിൽ പങ്കെടുക്കാനുള്ള ഏററവും മിനക്കെട്ട ഉദ്യമങ്ങൾപോലും ഈ സമരങ്ങളിൽ സ്വാധീനം ചെലുത്താനുള്ള ദുർബ്ബലവും നിഷ്ഫലവുമായ ശ്രമങ്ങളായിട്ടാണ് പരിണമിക്കുക; അല്ലാതെ, തൊഴിലാളിവർഗ്ഗത്തിന്റെ മർമ്മപ്രധാനമായ വിപ്ലവശക്തികളെയെല്ലാം ഏകീകൃതവും സമർത്ഥവുമായ ഒരൊററ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അവശ്യം കൂട്ടിയിണക്കുന്നതിലേക്കു നയിക്കുകയില്ല.

12. തക്കസമയത്തുള്ള പ്രക്ഷോഭം നടത്തൽ, പാർട്ടിവിദ്യാഭ്യാസം, പാർട്ടിപ്രവർത്തനം, സാഹിത്യവിതരണം, വാർത്താസർവീസ്, സ്ഥിരം സർവ്വീസ് മുതലായ പാർട്ടിപ്രവർത്തനങ്ങളുടെ വിവിധശാഖകളിലും ദൈനംദിന ജോലികൾ നടത്താൻ കമ്മ്യൂണിസ്റ്റ് സെല്ലുകൾ രൂപീകരിക്കണം.

ഫാക്ടറികളിലും, വർക്ക്ഷാപ്പുകളിലും, ട്രേഡ്‌യൂനിയനുകളിലും, മററു തൊഴിലാളിസംഘങ്ങളിലും, സൈന്യത്തിലും മററുമുള്ള ദൈനംദിന കമ്മ്യൂണിസ്റ്റ് പ്രവർത്തനത്തിന്റെ കാമ്പായ സംഘടനയാണ് കമ്മ്യൂണിസ്റ്റ് സെല്ലുകൾ — ഒന്നിലധികം കമ്മ്യൂണിസ്റ്റ് പാർട്ടി മെമ്പർമാരോ സ്ഥാനാ

ത്ഥികളോ ഉള്ള സ്ഥലങ്ങളിലെല്ലാം ഇങ്ങിനെ സെല്ലുകളുണ്ടാക്കണം. ഒരേ ഫാക്റ്ററിയിലോ യൂനിയനിലോ മറേറാ കൂടുതൽ പാർട്ടിമെമ്പർമാരുണ്ടെങ്കിൽ, ഈ സെല്ലിനെ ഒരു ഫ്രാക്ഷനായി വിപുലപ്പെടുത്തും; ഫ്രാക്ഷൻ പ്രവത്തിക്കുന്നതും സെല്ലുകളിലൂടെയാണ്.

കമ്മ്യൂണിസ്റ്റ്കാരല്ലാത്തവരെക്കൂട്ടിച്ചേർത്തു കൂടുതൽ വിപുലമായ ഒരു എതിർഫ്രാക്ഷൻ രൂപീകരിക്കുകയോ നിലവിലുള്ള ഒന്നിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാവശ്യമായിത്തീരുകയാണെങ്കിൽ, കമ്മ്യൂണിസ്റ്റ്കാർ ഒരു പ്രത്യേകസെൽവഴി അതിൽ നേതൃത്വം എടുക്കാൻ ശ്രമിയ്ക്കണം. തങ്ങളുടെ അടുത്ത ചുററുവട്ടത്തെ സംബന്ധിച്ചേടത്തോളമോ പൊതുജനങ്ങളുടെ മുമ്പിൽത്തന്നെയോ ഒരു കമ്മ്യൂണിസ്റ്റ്സെൽ പരസ്യമായി വരണമോ എന്ന കാര്യം, അതുകൊണ്ടുള്ള ആപത്തുകളേയും ആനുകൂല്യങ്ങളേയും കാര്യമായി പഠിച്ചതിന്നുശേഷം ഓരോ സ്ഥലത്തേയും പ്രത്യേകസ്ഥിതിയെ ആശ്രയിച്ചിരിയ്ക്കും.

13. പാർട്ടിയുടെ പൊതുപ്രവത്തനത്തിൽ പങ്കെടുക്കണമെന്ന ബാദ്ധ്യത നടപ്പിലാക്കാനും ഈ ചെറിയ പ്രവത്തനഗ്രൂപ്പുകളെ സംഘടിപ്പിക്കുവാനും ബഹുജനകമ്മ്യൂണിസ്റ്റ്പാർട്ടികൾക്ക വിശേഷിച്ചും വിഷമമുണ്ട്. പെട്ടെന്നിതെല്ലാം പ്രവൃത്തിയിൽ വരുത്താൻ സാദ്ധ്യമല്ല. അക്ഷീണമായ സ്ഥിരപ്രവത്തനവും പരിപക്വമായ പര്യാലോചനയും വളരെയധികം ഉത്സാഹവും അതിന്നാവശ്യമാണ്.

ആദ്യംമുതല്ക്കുതന്നെ വളരെ ശ്രദ്ധയോടും പരിപക്വമായ ആലോചനയോടുംകൂടി മാത്രമേ ഈ പുതിയ സംഘടനാരൂപം നടപ്പിലാക്കാൻ പാടുള്ളുവെന്നതു പ്രത്യേകം പ്രധാനമാണ്. മുൻകൂട്ടിയുണ്ടാക്കിയ ഒരു ഔപചാരികപദ്ധതിയനുസരിച്ച് ഓരോ സംഘടനയിലേയും എല്ലാ മെമ്പർമാരെയും ചെറിയ സെല്ലുകളും ഗ്രൂപ്പുകളുമായി വിഭജിക്കുവാനും അവയെ ഉടൻതന്നെ പൊതുപാർട്ടി പ്രവത്തനത്തിലേക്കു വിളിക്കുവാനും വളരെ എളുപ്പമായിരിക്കും. അത്തരമൊരു തുടക്കം തുടങ്ങാതിരിക്കുന്നതിനേക്കാളും തകരാറാണ്; ഈ പുതിയ പ്രധാന മാററങ്ങളോടു പാർട്ടിമെമ്പർമാരുടെയിടയിൽ അതൃപ്തിയും /വെറുപ്പും ഉണ്ടാക്കുക മാത്രമായിരിക്കും ഫലം.

കമ്മ്യൂണിസത്തിൽ ഉറച്ച വിശ്വാസവും ആവേശവുമുള്ളവരും രാജ്യത്തിലെ വിവിധകേന്ദ്രങ്ങളിലെ പ്രസ്ഥാനത്തിന്റെ നിലയെപ്പററി നല്ല

പോലെ അറിവുള്ളവരുമായ സംഘടകന്മാരുമായി ആദ്യം പാർട്ടി കൂടിയാലോചിയ്ക്കുകയും അങ്ങിനെ ഈ പുതിയ മാററങ്ങൾ നടപ്പിലാക്കുന്നതിന്നാവശ്യമായ അടിസ്ഥാനം സവിസ്തരമായി തയ്യാറാക്കുകയും ചെയ്യുന്നതു നന്നായിരിയ്ക്കും. അതിന്നുശേഷം പരിശീലനം സിദ്ധിച്ച സംഘടകന്മാരോ സംഘടനാക്കമ്മിററികളോ അതാതിടത്തെ പ്രവൃത്തി ഏറെറടുക്കണം, ഗ്രൂപ്പുകളുടെ ആദ്യത്തെ നേതാക്കന്മാരെ തിരഞ്ഞെടുക്കണം, പ്രവർത്തനത്തിൻെറ പ്രാരംഭനടപടികളെടുക്കണം. പിന്നീട് എല്ലാ സംഘടനകൾക്കും പ്രവർത്തനഗ്രൂപ്പുകൾക്കും സെല്ലുകൾക്കും ഒററയ്ക്കൊററയ്ക്കു മെമ്പർമാർക്കും ഒററനോട്ടത്തിൽത്തന്നെ ഉപയോഗപ്രദവും ആശാസ്യവും നടപ്പിലാക്കാവുന്നതുമാണെന്നു തോന്നുന്ന രീതിയിൽ വ്യക്തവും ഖണ്ഡിതവുമായ കടമകൾ കൊടുക്കണം. ആവശ്യമായേടത്തെല്ലാം ഈ കടമകൾ എങ്ങിനെയാണ് നിറവേറെറണ്ടതെന്ന് അവക്ക് പ്രയോഗത്തിൽ കാണിച്ചുകൊടുക്കണം. പ്രത്യേകിച്ചും പാറാതെ നോക്കേണ്ടതായ തെററുകളെപ്പററി അവക്ക് മുന്നറിയിപ്പ് കൊടുക്കുകയും വേണം.

14. പ്രയോഗത്തിൽ ക്രമേണ മാത്രമേ ഈ പുനഃസംഘടന നടപ്പിൽവരുത്താൻ പാടുള്ളു. ആരംഭത്തിൽ ഒരു പ്രാദേശികസംഘടനയിൽ വളരെയധികം ഗ്രൂപ്പുകളോ സെല്ലുകളോ രൂപീകരിയ്ക്കരുതു്. വേർതിരിയ്ക്കപ്പെട്ട പ്രധാന ഫാക്ടറികളിലും ട്രേഡ്യൂണിയനുകളിലും രൂപീകരിച്ച സെല്ലുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ടെന്നും പാർട്ടി പ്രവർത്തനത്തിൻെറ മററു പ്രധാന ശാഖകളിലും (ഉദാഹരണത്തിന്നു വാർത്താശേഖരണം, ബന്ധംവെക്കൽ, വനിതാപ്രസ്ഥാനം, പ്രക്ഷോഭണവകുപ്പ്, പത്രപ്രവർത്തനം, തൊഴിലില്ലാത്തവരുടെ പ്രസ്ഥാനം മുതലായതു്.) ആവശ്യമായ പ്രവർത്തകഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും അവയെ കുറെയൊക്കെ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും ചെറിയ തോതിൽ ആദ്യമായി തെളിയിച്ചുകൊടുക്കണം. പുതിയ സംഘടനയുടെ ചട്ടക്കൂടിന്നു കുറെ പ്രായോഗികാനുഭവം കിട്ടുന്നതിന്നുമുമ്പ്, പഴയ സംഘടനയെ കണ്ടമാനം പൊളിച്ചുകളയരുതു്. അതേസമയത്തു കമ്മ്യൂണിസ്റ്റ് സംഘടനാജോലിയുടെ ഈ മൌലികകടമ എല്ലായിടത്തും അങ്ങേയററത്തെ ഊർജ്ജിതത്തോടെ നടത്തുകയുംവേണം. നിയമവിധേയമെന്നപോലെ നിയമവിരുദ്ധമായ ഒരു പാർട്ടിയുടെ മേലും ഇതു വലിയ ചുമതലകൾ ചുമത്തുന്നു.

തൊഴിലാളിവൎഗ്ഗസമരത്തിന്റെ എല്ലാ കേന്ദ്രസ്ഥാനങ്ങളിലും കമ്മ്യൂണിസ്റ്റ് സെല്ലുകളുടേയും ഫ്രാക്ഷനുകളുടേയും പ്രവൎത്തകഗ്രൂപ്പുകളുടേയും വിപുലമായ ഒരു വലക്കെട്ടു പ്രവൎത്തിക്കാൻ തുടങ്ങുന്നതുവരെ, ദൈനംദിന വിപ്ലവപ്രവൎത്തനത്തിൽ തന്റെ ഭാഗം ഓരോ പാർട്ടിമെമ്പരും നിറവേററാനും അതയാളുടെ സ്വഭാവവും നിത്യജോലിയുമായിത്തീരാനും തുടങ്ങുന്നതുവരെ, ഈ കടമ നിറവേററുകയെന്ന ഭഗീരഥപ്രവൎത്തനങ്ങളിൽ പാർട്ടി തെല്ലും വിശ്രമിക്കാൻ പാടുള്ളതല്ല

15. ഈ മൌലികമായ സംഘടനാജോലി പാർട്ടിയുടെ നേതൃത്വഘടകങ്ങളുടെ മേൽ പാർട്ടി പ്രവൎത്തനത്തെ നിരന്തരം നയിക്കുകയും അതിന്മേൽ ഇടതടവില്ലാത്ത സ്വാധീനം ചെലുത്തുകയുമെന്ന ചുമതലയാണ് ചുമത്തുന്നതു്. തങ്ങളുടെ പാർട്ടിസംഘടനകളുടെ നേതൃത്വത്തിലിരിക്കുന്ന സഖാക്കളെ സംബന്ധിച്ചേടത്തോളം ഇതു നാനാവിധമായ ശ്രദ്ധയാവശ്യപ്പെടുന്നു. കമ്മ്യൂണിസ്റ്റ് പ്രവൎത്തനത്തിന്റെ ചുമതലവഹിക്കുന്നവർ, പൊതുവിൽ പാർട്ടിപ്രവൎത്തനം എല്ലാസഖാക്കളും—സ്ത്രീകളും പുരുഷന്മാരും—നടത്തുന്നുണ്ടോ എന്നു നോക്കിയാൽമാത്രം പോരാ; ഓരോ സ്ഥലത്തേയും പ്രത്യേകസ്ഥിതികൾക്കു അനുയോജ്യമായവിധം വ്യക്തമായ കാൎയ്യവിവരത്തോടുകൂടിയും കൃത്യമായും അത്തരം പ്രവൎത്തനത്തെ നയിക്കുകയും സഹായിക്കുകയും കൂടി വേണം. സ്വാനുഭവത്തിന്റെ അടിസ്ഥാനത്തിൽ സ്വന്തം പ്രവൎത്തനങ്ങളിൽ തെററുകൾ വന്നിട്ടുണ്ടോ എന്നു കണ്ടുപിടിക്കാൻ അവർ ശ്രമിയ്ക്കണം, തങ്ങളുടെ പ്രവൎത്തനരീതികളെ ഇടതടവില്ലാതെ നന്നാക്കിക്കൊണ്ടിരിക്കണം; സമരത്തിന്റെ ലക്ഷ്യത്തെ ഒരു നിമിഷവും മറക്കരുതു്.

16. താത്വികപ്രായോഗികരംഗങ്ങളിൽ പ്രത്യക്ഷമായ സമരങ്ങൾ നടത്തുന്നതിലോ അല്ലെങ്കിൽ അത്തരം സമരങ്ങൾക്കൊരുക്കുകൂട്ടുന്നതിലോ അടങ്ങിയിരിയ്ക്കുന്നു നമ്മുടെ പാർട്ടിപ്രവൎത്തനമാകെ. ഈ പ്രവൎത്തനത്തിന്നാവശ്യമായ പ്രത്യേകവൈദഗ്ധ്യം നേടൽ ഇതുവരെ വളരെ പോരാതെയാണിരിക്കുന്നതു്. പാർട്ടിയുടെ പ്രവൎത്തനം യാദൃച്ഛികം മാത്രമായിട്ടുള്ള പ്രധാനപ്പെട്ട പല രംഗങ്ങളുമുണ്ടു്. ഉദാഹരണത്തിന്നു്, നിയമവിധേയമായി പ്രവൎത്തിക്കുന്ന പാർട്ടികൾ രഹസ്യപ്പോലീസുകാരെ എതിൎക്കുന്നകാൎയ്യത്തിൽ വളരെ കുറച്ചേ ശ്രദ്ധിക്കുന്നുള്ളു. പാർട്ടിമെമ്പർമാരുടെ വിദ്യാഭ്യാസം സാധാരണയായി അശ്രദ്ധയോടെയാണു് നടത്തുന്നതു്,

അപ്രധാനമായിട്ടാണ് കണക്കാക്കീട്ടുള്ളതു്, ഒട്ടും അവഗാഢമല്ലതന്നെ-തൽഫലമായി പാർട്ടിയുടെ ഏററവും പ്രധാനമായ പ്രമേയങ്ങളിൽ ഭൂരിഭാഗംപോലും, കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ പരിപാടിയും തീരുമാനങ്ങളും തന്നേയും, പാർട്ടിമെമ്പർമാരിൽ ഭൂരിപക്ഷത്തിന്നും അജ്ഞാതമാണ്. കൂടുതൽ കൂടുതൽ പ്രത്യേകവൈദഗ്ധ്യം നേടുന്നതിന്നുവേണ്ടി പാർട്ടിസംഘടനയിലടിമുതൽ മുടിവരെ ക്രമമായും നിരന്തരമായും വിദ്യാഭ്യാസപ്രവൎത്തനം നടത്തണം.

17. കമ്മ്യൂണിസ്റ്റ് പ്രവൎത്തനത്തിന്റെ കടമകളിൽ പെട്ടതുതന്നെയാണ് റിപ്പോർട്ടുകളയക്കൽ. പാർട്ടിയിലെ എല്ലാ സംഘടനകളുടേയും ഘടകങ്ങളുടേയുമെന്നപോലെ ഓരോ മെമ്പറുടേയും കടമയാണിതു്. ചെറിയ കാലഘട്ടങ്ങളിലെ (ആഴ്ച, മാസം) പ്രവൎത്തനത്തെപ്പററി പൊതുറിപ്പോർട്ടുകളുണ്ടായിരിക്കണം. പാർട്ടിയുടെ പ്രത്യേകകമ്മിററികളുടെ പ്രവൎത്തനങ്ങളെപ്പററി പ്രത്യേകറിപ്പോർട്ടുകൾ വേണം. കമ്മ്യൂണിസ്റ്റ് പ്രവൎത്തനത്തിന്റെ ഉത്തമപാരമ്പര്യമെന്ന നിലക്ക റിപ്പോർട്ടിങ്ങിനെ സുസ്ഥാപിതമായ ഒരു പതിവാക്കിത്തീർക്കത്തക്കവിധം റിപ്പോർട്ടയക്കൽ കൃത്യമായി ചെയ്യേണ്ടതത്യാവശ്യമാണ്.

18. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ നേതൃത്വത്തിന്ന് ഓരോ പാർട്ടിയും അതിന്റെ കാൽക്കൊല്ലറിപ്പോർട്ടയക്കണം. പാർട്ടിയിലെ ഓരോ കമ്മിററിയും അടുത്ത ഉപരികമ്മിററികൾക്ക തങ്ങളുടെ റിപ്പോർട്ട സമൎപ്പിക്കണം (ഉദാഹരണത്തിന്ന പ്രാദേശികശാഖകൾ ഉപരിക്കമ്മിററിക്ക മാസാന്തറിപ്പോർട്ട കൊടുക്കണം).

ഓരോ സെല്ലും ഫ്രാക്ഷനും പ്രവൎത്തകഗ്രൂപ്പും തങ്ങളെ നയിക്കുന്ന പാർട്ടിസംഘടനയ്ക്കു തങ്ങളുടെ റിപ്പോർട്ടയക്കണം. ഓരോ പാർട്ടിമെമ്പറും താൻ മെമ്പറായ സെല്ലിന്നോ പ്രവൎത്തകഗ്രൂപ്പിന്നോ (അതാതിന്റെ നേതാക്കന്മാൎക്ക) റിപ്പോർട്ട കൊടുക്കണം, ഏതെങ്കിലും പ്രത്യേക ജോലിയെ സംബന്ധിച്ചാണെങ്കിൽ, അതേല്പിച്ച പാർട്ടിഘടകത്തിന്നാണ് റിപ്പോർട്ടയക്കേണ്ടതു്. റിപ്പോർട്ട കൊടുക്കാൻ ആദ്യം കിട്ടുന്ന അവസരം ഉപയോഗപ്പെടുത്തണം. എഴുതിയ റിപ്പോർട്ട വേണമെന്നു പ്രത്യേകം ആവശ്യപ്പെട്ടിട്ടില്ലെങ്കിൽ, നേരിട്ടുകണ്ടു സംസാരിച്ചാൽ മതി, റിപ്പോർട്ടുകൾ ചുരുക്കം വാക്കുകളിൽ കാൎയ്യമാത്രപ്രസക്തങ്ങളായിരിക്കണം. പ്രസിദ്ധീകരിക്കാൻ പററാത്ത സംഗതികളുണ്ടെങ്കിൽ അത്തരം

റിപ്പോർട്ടുകൾ ഭദ്രമായി സൂക്ഷിക്കുകയും പ്രധാനമായ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ അതാതു പാർട്ടിഘടകത്തിന്നെത്തിക്കുകയും ചെയ്യേണ്ടതു റിപ്പോർട്ടു സ്വീകരിക്കുന്ന സഖാവിൻെറ ചുമതലയാണ്.

19. ഈ റിപ്പോർട്ടുകളെല്ലാംതന്നെ സ്വാഭാവികമായും റിപ്പോർട്ടർ സ്വയം ചെയ്ത കാര്യങ്ങളുടെ വിവരണത്തിലൊതുക്കിനിർത്തേണ്ടതാണ്. ആ പ്രവർത്തനത്തിലിടയ്ക്കു വെളിക്കു വന്നിട്ടുള്ളതും നമ്മുടെ സമരത്തിന്ന് എന്തെങ്കിലും പ്രാധാന്യമുള്ളതുമായ കാര്യങ്ങളെക്കുറിച്ചും റിപ്പോർട്ടു വിവരം തരണം. വിശേഷിച്ചും നമ്മുടെ ഭാവിപ്രവർത്തനത്തിൽ മാററങ്ങളോ നന്നാക്കലോ വരുത്താനിടയാക്കുന്ന പരിഗണനകൾ റിപ്പോർട്ടു ചെയ്യേണ്ടതാണ്. അതുപോലെതന്നെ പ്രവർത്തനത്തിന്നിടയിൽ ആവശ്യമാണെന്നു തോന്നിയ മാററങ്ങൾക്കുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടുകളിലുൾക്കൊള്ളിയ്ക്കണം.

എല്ലാ കമ്മ്യൂണിസ്റ്റ് സെല്ലുകളിലും ഫ്രാക്ഷനുകളിലും പ്രവർത്തകഗ്രൂപ്പുകളിലും തങ്ങൾക്കു കിട്ടുന്നതും തങ്ങളയക്കുന്നതുമായ എല്ലാ റിപ്പോർട്ടുകളെപ്പററിയും വിസ്തരിച്ചു വാദപ്രതിവാദം നടത്തണം. അത്തരം വാദപ്രതിവാദം ഒരു പതിവ് തന്നെയായിത്തീരണം.

എതിർസംഘടനകളെപ്പററി, പ്രത്യേകിച്ചും പെററിബൂഷ്വാതൊഴിലാളിസംഘടനകളെപ്പററി, പ്രധാനമായും 'സോഷ്യലിസ്റ്റ്' പാർട്ടികളുടെ സംഘടനയെപ്പററി നിരന്തരം അന്വേഷിച്ചു റിപ്പോർട്ടുചെയ്യാൻ എല്ലാ സെല്ലുകളിലും പ്രവർത്തകഗ്രൂപ്പുകളിലും പാർട്ടിമെമ്പർമാരെയോ മെമ്പർമാരുടെ ഗ്രൂപ്പുകളെയോ ചുമതലപ്പെടുത്താൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## IV പ്രചാരവേലയും പ്രക്ഷോഭവും

20. പ്രത്യക്ഷമായ വിപ്ലവസമരത്തോടു നമുക്കുള്ള പ്രധാനമായ സാമാന്യകടമ വിപ്ലവകരമായ പ്രചാരവേലയും പ്രക്ഷോഭവും നടത്തുകയാകുന്നു. പഴയ ഔപചാരികമട്ടിൽത്തന്നെയാണ്, ഇടയ്ക്കിടെ പൊതുയോഗങ്ങളിൽ പ്രസംഗിയ്ക്കൽമാത്രമായിട്ടാണ്, പ്രസംഗങ്ങളുടേയും ലഘുലേഖകളുടെയും വ്യക്തവും വിപ്ലവകരവുമായ സാരാംശത്തെപ്പററി പ്രത്യേകം ശ്രദ്ധിയ്ക്കാതെയാണ്, ഇന്നും ഈ പ്രവർത്തനവും അതിന്നുള്ള സംഘടനയും മിയ്ക്കവാറും നടത്തുന്നതു്.

കമ്മ്യൂണിസ്റ്റ് പ്രചാരവേലയും പ്രക്ഷോഭവും തൊഴിലാളികളുടെ മദ്ധ്യത്തിൽത്തന്നെ വേരൂന്നണം—അവരുടെ പൊതുതാല്പര്യങ്ങളിലും ആശകളിലും, വിശേഷിച്ചും അവരുടെ പൊതുസമരങ്ങളിൽ.

ഓർമ്മിക്കേണ്ട ഏററവും പ്രധാനമായ സംഗതിയിതാണ്—കമ്മ്യൂണിസ്റ്റ് പ്രചാരവേല വിപ്ലവസ്വഭാവത്തോടു കൂടിയതായിരിക്കണം. അതുകൊണ്ടു്, കമ്മ്യൂണിസ്റ്റ് മുദ്രാവാക്യങ്ങളും പ്രായോഗികപ്രശ്നങ്ങളോടു പാർട്ടിയെടുക്കുന്ന നിലയാകെയും നമ്മുടെ സവിശേഷമായ ശ്രദ്ധക്കും പരിഗണനക്കും വിഷയമാകേണ്ടതാണ്.

ഈ ശരിയായ നിലയെടുക്കാൻ കഴിയണമെങ്കിൽ, പ്രചാരവേലയും പ്രക്ഷോഭവും പ്രധാനജോലിയായി സ്വീകരിച്ചിട്ടുള്ളവരെ മാത്രമല്ല, പാർട്ടിമെമ്പർമാരെയാകെ നിഷ്കർഷിച്ചു പരിശീലിപ്പിക്കേണ്ടതായിട്ടുണ്ട്.

21. കമ്മ്യൂണിസ്റ്റ് പ്രചാരവേലയുടെ മുഖ്യരൂപങ്ങൾ താഴെ പറയുന്നവയാണ്:

(i) ഒററയ്ക്കു കണ്ടു സംസാരിക്കൽ;

(ii) വ്യാവസായികവും രാഷ്ട്രീയവുമായ തൊഴിലാളിപ്രസ്ഥാനത്തിൽ പങ്കെടുക്കൽ;

(iii) പാർട്ടിപത്രങ്ങളും സാഹിത്യവിതരണവും മുഖേനയുള്ള പ്രചാരവേല.

നിയമവിധേയമായാലും നിയമവിരുദ്ധമായാലും പാർട്ടിയിലെ ഓരോ മെമ്പറും ഇതിലേതെങ്കിലുമൊന്നിൽ കൃത്യമായി പങ്കെടുക്കണം.

ഒററയ്ക്കു കണ്ടു സംസാരിച്ചു പ്രചാരവേല നടത്തേണ്ടതു ഗ്രൂപ്പുകളായി വീടുവീടാന്തരം കയറിയിറങ്ങിയിട്ടാണ്. പാർട്ടിയ്ക്കു സ്വാധീനശക്തിയുള്ള പ്രദേശങ്ങളിൽ ഒരൊററ വീടുപോലും ഈ പ്രചാരവേലയിൽനിന്നൊഴിച്ചുനിർത്തരുത്. വലിയ പട്ടണങ്ങളിൽ, പോസ്റ്ററുകളും ലഘുലേഖാവിതരണവുമായി പ്രത്യേകം സംഘടിപ്പിക്കുന്ന തെരുവ് പ്രചാരവേലകൊണ്ടും തൃപ്തികരമായ ഫലങ്ങളുണ്ടാവും. പുറമെ ഫാക്ടറികളിലും വക്ക്ഷാപ്പുകളിലും ഫ്രാക്ഷനുകൾ കൃത്യമായി തൊഴിലാളികളെ ഒററക്കൊററക്കു കണ്ടു സംസാരിക്കണം; കൂട്ടത്തിൽ സാഹിത്യവിതരണവും നടത്തണം.

ദേശീയന്യൂനപക്ഷങ്ങളുള്ള രാജ്യങ്ങളിൽ ഈ ന്യൂനപക്ഷക്കാരിൽപെട്ട തൊഴിലാളികളുടെയിടയിൽ പ്രചാരവേലയും പ്രക്ഷോഭവും നട

ള്ളുവാൻ തക്കതായ ശ്രദ്ധപതിപ്പിക്കേണ്ടതു പാർട്ടിയുടെ കടമയാകുന്നു. ഈ ന്യൂനപക്ഷങ്ങളുടെ പ്രത്യേകഭാഷയിൽത്തന്നെയായിരിക്കണം ഈ പ്രചാരവേലയും പ്രക്ഷോഭവും നടത്തുന്നതെന്നതിൽ സംശയമില്ലല്ലോ. പാർട്ടി അതിന്നാവശ്യമായ പ്രത്യേകസംഘടനകളുണ്ടാക്കണം.

22. വിപ്ലവബോധം വളർന്നുകഴിഞ്ഞിട്ടില്ലാത്ത ബഹുഭൂരിപക്ഷം തൊഴിലാളികളോടുകൂടിയ മുതലാളിത്തരാജ്യങ്ങളിൽ, പിന്നോക്കംനില്ക്കുന്ന വേലക്കാരെ പകുതിവഴിക്കു സ്വീകരിക്കാൻ ആവശ്യമായ പുതിയ പ്രചാരണങ്ങൾക്കുവേണ്ടി കമ്മ്യൂണിസ്റ്റ് പാർട്ടി സദാപി ആരാഞ്ഞുകൊണ്ടിരിക്കണം; അങ്ങിനെ അവർക്കു വിപ്ലവകാരികളുടെ അണികളിൽ ചേരാൻ സൗകര്യപ്പെടുത്തണം. തൊഴിലാളികളുടെ മനസ്സിൽ പഴയ ബൂർഷ്വാ പാരമ്പര്യങ്ങൾക്കും ആശയഗതികൾക്കുമെതിരായി ഉയർന്നുവരാൻ സമരം ചെയ്യുന്ന, പുതിയ, പിരിയാൻ തുടങ്ങിയ, ബോധപൂർവ്വമല്ലാത്ത, അപൂർണ്ണമായ, ആടിക്കളിക്കുന്ന അർദ്ധബൂർഷ്വാവിപ്ലവമനോഭാവങ്ങൾക്കു കമ്മ്യൂണിസ്റ്റ് പ്രചാരവേലയുടെ മുദ്രാവാക്യങ്ങൾ വ്യക്തരൂപം കൊടുക്കണം.

അതേസമയത്തുതന്നെ, ഈ തൊഴിലാളിബഹുജനങ്ങളുടെ ക്ലിപ്തവും അവ്യക്തവുമായ ആവശ്യങ്ങളേയോ ആഗ്രഹങ്ങളേയോ കൊണ്ടുമാത്രം കമ്മ്യൂണിസ്റ്റ് പ്രചാരവേല തൃപ്തിയടയുകയുമരുതു്. ഈ ആവശ്യങ്ങളിലും പ്രതീക്ഷകളിലും വിപ്ലവകരമായ ബീജമടങ്ങീട്ടുണ്ടു്; തൊഴിലാളികളെ കമ്മ്യൂണിസ്റ്റ് പ്രചാരവേലയുടെ സ്വാധീനത്തിൽ കൊണ്ടുവരാനുള്ള ഉപകരണങ്ങളാണവ.

23. നമ്മുടെ കമ്മ്യൂണിസ്റ്റ് സംഘടന തങ്ങളുടെ തൊഴിലാളിപ്രസ്ഥാനത്തിന്റെ സുധീരവും ബുദ്ധിപൂർവ്വകവും ഉത്സാഹപൂർണ്ണവും ഒരിക്കലും കൂറുമാറാത്തതുമായ നേതൃത്വമാണെന്നു സാധാരണ തൊഴിലാളിബഹുജനങ്ങൾക്കു ബോദ്ധ്യപ്പെടുന്ന രീതിയിലായിരിക്കണം കമ്മ്യൂണിസ്റ്റ് പ്രക്ഷോഭം നടത്തേണ്ടതു്.

ഇതു സാധിക്കണമെങ്കിൽ, കമ്മ്യൂണിസ്റ്റുകാർ തൊഴിലാളികളുടെ എല്ലാ പ്രാഥമികസമരങ്ങളിലും പ്രസ്ഥാനങ്ങളിലും പങ്കെടുക്കണം; ജോലിസമയത്തേയും പ്രവൃത്തിസൗകര്യങ്ങളേയും കൂലിയേയും മററും പററി തൊഴിലാളികളും മുതലാളികളും തമ്മിലുണ്ടാകുന്ന തർക്കങ്ങളിലെല്ലാം തൊഴിലാളികളുടെ ആവശ്യങ്ങൾക്കുവേണ്ടി വാദിക്കണം. തൊഴിലാളികളുടെ ജീവിതത്തിന്റെ പ്രായോഗികപ്രശ്നങ്ങളിൽ കമ്മ്യൂണിസ്റ്റുകാർ വ

ലിയ ശ്രദ്ധ ചെലുത്തേണ്ടതാണു്. ഈ പ്രശ്നങ്ങളെപ്പററി ശരിയായ ധാരണയുണ്ടാക്കാൻ അവർ തൊഴിലാളികളെ സഹായിക്കണം. ഏററവും കുറച്ചു വാക്കുകളിൽ പ്രായോഗികമായ രൂപത്തിൽ തങ്ങളുടെ ആവശ്യങ്ങൾ രൂപീകരിക്കാൻ തൊഴിലാളികളെ അവർ സഹായിക്കണം. അങ്ങിനെ അവക്കു തൊഴിലാളികളിൽ സൌഹാർദ്ദബോധം തട്ടിയുണർത്താൻ സാധിക്കും; ലോകത്തൊഴിലാളിസേനയുടെ ഒരു വിഭാഗമെന്ന നിലക്കു സ്വന്തം രാജ്യത്തിലെ എല്ലാ തൊഴിലാളികളും ഒരൊററ ഏകീകൃതതൊഴിലാളിവർഗ്ഗമാണെന്ന ആ പൊതുതാല്പര്യബോധം ഉളവാക്കാൻ കഴിയും.

ഇത്തരം പ്രാഥമികമായ ചുമതലകൾ നിറവേററുന്നതിലൂടെയും തൊഴിലാളികളുടെ എല്ലാ സമരങ്ങളിലും പങ്കെടുക്കുന്നതിലൂടെയും മാത്രമാണു് ഒരു കമ്യൂണിസ്ററുപാർട്ടി യഥാർത്ഥകമ്യൂണിസ്ററുപാർട്ടിയായിത്തീരുന്നതു്. പുതിയ മെമ്പർമാരെ ചേർക്കുകയും ഭരണപരിഷ്കാരങ്ങളെപ്പററിയും പാർളിമെണ്ടറിസമ്പ്രദായത്തിന്റെ സാദ്ധ്യതകളെ (അല്ലെങ്കിൽ അസാദ്ധ്യതകളെ) പ്പററിയും സംസാരിക്കുകയും മാത്രം ചെയ്യുന്ന, പഴയ നാറിപ്പുളിച്ച 'പരിശുദ്ധ'സോഷ്യലിസ്ററുപ്രചാരവേലയിൽനിന്നു കമ്യൂണിസ്ററുപാർട്ടിയെ വേർതിരിച്ചുനിർത്താൻ മേൽപ്പറഞ്ഞ തരത്തിൽ പ്രവർത്തിക്കുക മാത്രമേ വഴിയുള്ളു ചൂഷകന്മാർക്കെതിരായി ചൂഷിതരുടെ ദൈനംദിനസമരങ്ങളിലും തർക്കങ്ങളിലും എല്ലാ പാർട്ടിമെമ്പർമാരും ത്യാഗപൂർണ്ണമായും ബോധപൂർവ്വമായും പങ്കെടുക്കുന്നതു്, തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യം സ്ഥാപിക്കാൻ മാത്രമല്ല കൂടുതൽ ഉയന്ന തോതിൽ അതു നടപ്പിൽവരുത്താനും അനുപേക്ഷണീയമാണു്. മുതലാളിത്തത്തിന്റെ തട്ടിക്കയററങ്ങളെ നേരിടാനുള്ള ചില്ലറ സമരങ്ങളിൽ തൊഴിലാളിബഹുജനങ്ങളെ നയിക്കുന്നതിലൂടെ മാത്രമേ, കമ്യൂണിസ്ററുപാർട്ടിക്കു തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിവിഭാഗമായിത്തീരാൻ കഴിയുകയുള്ളു; ബൂഷ്വാസിയുടെ മേൽ നായകത്വം സമ്പാദിക്കുന്നതിനുള്ള പോരാട്ടത്തിൽ തൊഴിലാളിവർഗ്ഗത്തെ ഇടതടവില്ലാതെ നയിക്കുവാനുള്ള പ്രാപ്തി കൈവരികയുള്ളു

24. പണിമുടക്കങ്ങളുടേയും ലോക്കൌട്ടുകളുടേയും കൂട്ടത്തോടെയുള്ള മററു പിരിച്ചുവിടലുകളുടേയും കാലത്തു വിശേഷിച്ചും, തൊഴിലാളികളുടെ പ്രസ്ഥാനത്തിൽ പങ്കെടുക്കാൻ കമ്മ്യൂണിസ്ററുകാർ തങ്ങളുടെ ആൾശക്തിയെ മുഴുവൻ അണിനിരത്തണം.

തങ്ങളുടെ ജോലിസ്ഥിതിയിൽ എത്രയും നിസ്സാരങ്ങളായ മാററങ്ങൾക്കവേണ്ടി തൊഴിലാളികൾ ഇന്നു നടത്തുന്ന സമരങ്ങളെ അവജ്ഞയോടെ തള്ളിക്കളയുകയോ, അവസാനലക്ഷ്യങ്ങൾക്കവേണ്ടിയുള്ള കമ്മ്യൂണിസ്ററപരിപാടിയേയും ആയുധമേന്തിയ വിപ്ലവസമരത്തിന്റെ ആവശ്യത്തേയും പററി പറഞ്ഞ് ഈ സമരങ്ങളുടെ നേരെ നിഷ്ക്രിയമായ ഒരു നിലയെടുക്കുകപോലുമോ ചെയ്യുന്നതു കമ്മ്യൂണിസ്ററകാരെ സംബന്ധിച്ചേടത്തോളം ഒരു വലിയ തെററായിരിക്കും. ഇന്നു മുതലാളികളുമായി സമരംചെയ്യാൻ തൊഴിലാളികൾ ആഗ്രഹിക്കുകയും തയ്യാറാവുകയും ചെയ്യുന്ന അവരുടെ ആവശ്യങ്ങൾ എത്ര നിസ്സാരവും മിതവുമായിക്കൊള്ളട്ടെ, കമ്മ്യൂണിസ്ററകാർ ഒരിക്കലും ആവശ്യങ്ങളുടെ നിസ്സാരത ഒഴികഴിവാക്കിപ്പിടിച്ച് ആ സമരങ്ങളിൽ പങ്കെടുക്കാതിരിക്കരുത്. അതേസമയംതന്നെ, അർത്ഥശൂന്യമായ പണിമുടക്കങ്ങൾക്കും ആലോചനാരഹിതമായ മററു പ്രവൃത്തികൾക്കും, തൊഴിലാളികളെ കുത്തിയിളക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുന്നുവെന്ന കുററാരോപണത്തിന്നു നമ്മുടെ പ്രക്ഷോഭം വഴിവെക്കുകയുമരുത്. സമരം ചെയ്യുന്ന ബഹുജനങ്ങളുടെയിടയിൽ, അവരുടെ സമരങ്ങളിൽ ധീരമായും സഫലമായും പങ്കെടുക്കുന്നവരെന്ന പേരു സമ്പാദിക്കാൻ കമ്മ്യൂണിസ്ററകാർ ശ്രമിക്കണം.

25 ട്രേഡ് യൂനിയൻപ്രസ്ഥാനത്തിലെ കമ്മ്യൂണിസ്റ്റ് സെല്ലുകളും ഫ്രാക്ഷനുകളും, നിത്യജീവിതത്തിലെ ഏററവും സാധാരണമായ ചില പ്രശ്നങ്ങളുടെ മുമ്പിൽ തങ്ങളേറെക്കുറെ നിസ്സഹായരാണെന്ന് അനുഭവത്തിൽ സ്വയം തെളിയിച്ചിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ സാമാന്യതത്വങ്ങളെപ്പററി പ്രസംഗിച്ചുകൊണ്ടിരിക്കാനും പ്രായോഗികപ്രശ്നങ്ങളുമായി നേരിടുമ്പോൾ വെറും 'സിൻഡിക്കാലിസ'ത്തിന്റെ നിഷേധാത്മകനിലയിലേക്ക് അധഃപതിക്കുവാനും വളരെ എളുപ്പമാണ്, പക്ഷേ അതുകൊണ്ട്, പ്രയോജനമില്ല. അത്തരം പ്രവൃത്തികൾ 'യെല്ലോ ആംസ്റ്റർഡാം ഇന്റർനാഷനലി'ന്റെ കയ്യിൽ കളിക്കുകമാത്രമേയുള്ളു.

നേരെമറിച്ച്, കമ്മ്യൂണിസ്റ്റ്കാർ തങ്ങളുടെ പ്രവർത്തനത്തിൽ വഴികാട്ടിയായെടുക്കേണ്ടത്, ഓരോ പ്രശ്നത്തിന്റെയും എല്ലാവശങ്ങളെപ്പററിയുമുള്ള നിഷ്കൃഷ്ടമായ പഠനമാണ്.

ഉദാഹരണത്തിന്ന്, കൂലി, തൊഴിൽസ്ഥിതി മുതലായവസംബന്ധിച്ചുണ്ടാകുന്ന എല്ലാ ഒത്തുതീർപ്പുകളേയും സിദ്ധാന്തപരമായും താത്വികമാ

യും ചെറുക്കുന്നതുകൊണ്ടു സ്വയം തൃപ്തിപ്പെടുന്നതിനു പകരം, 'ആംസ്റ്റർഡാം' നേതാക്കന്മാർ ശുപാശചെയ്യുന്ന ഇത്തരം ഒത്തുതീപ്പുകളുടെ പ്രത്യേകസ്വഭാവത്തെപ്പററിയുള്ള സമരത്തിൽ നേതൃത്വമെടുക്കുകയാണ് കമ്മ്യൂണിസ്റ്റുകാർ വേണ്ടതു്. തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവകരമായ സന്നദ്ധതക്ക് ഏതുതരം തടസ്ഥവുമുണ്ടാക്കുന്നതിനെ അധിക്ഷേപിക്കുകയും ചെറുക്കുകയും ചെയ്യേണ്ടതു തീച്ചയായും ആവശ്യമാണ്; മുതലാളിമാരുടേയും അവരുടെ 'ആംസ്റ്റർഡാം' ദാസന്മാരുടേയും ഉദ്ദേശം നാനാവിധേനയുള്ള ഒത്തുതീപ്പുകൾകൊണ്ടു തൊഴിലാളികളുടെ കൈകാലുകൾ വരിഞ്ഞുകെട്ടുകയാണെന്നതു് എല്ലാവക്കുമറിയാവുന്ന ഒരു വാസ്തവവുമാണ്. അവരുടെ ഉദ്ദേശം ഇന്നതാണെന്നു തൊഴിലാളികളുടെ കണ്ണു തുറപ്പിക്കാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിക്കണം. തൊഴിലാളികളുടെ കൈകൾക്കു വിലങ്ങുവെക്കാത്ത ഒത്തുതീപ്പുകൾക്കുവേണ്ടി വാദിച്ചിട്ടാണ് കമ്മ്യൂണിസ്റ്റുകാക്കിതു് ഏററവും നന്നായി സാധിക്കുക.

തൊഴിലില്ലായ്മവേതനം, രോഗകാലഅലവൻസ് മുതലായ ട്രേഡ് യൂനിയൻ സംഘടനകളുടെ മററു ക്ഷേമനടപടികളുടെ കാര്യത്തിലും ഇതുതന്നെയാണ് ചെയ്യേണ്ടതു്. സമരഫണ്ടുണ്ടാക്കുന്നതും പണിമുടക്കുകാലത്തെ ശമ്പളം കൊടുക്കുന്നതും ആശാസ്യമായ നടപടികളാണ്.

അതുകൊണ്ട് ഇത്തരം പ്രവത്തനങ്ങളെ തത്വത്തിന്റെ പേരിൽ എതിക്കുന്നതു ദുരുപദിഷ്ടമായിരിക്കും. പക്ഷേ, ആംസ്റ്റർഡാംനേതാക്കന്മാർ ഉപദേശിക്കുന്ന മാതിരിയിൽ ഈ ഫണ്ടുകൾ പിരിക്കുന്നതും അവയെ ഉപയോഗിക്കുന്നതും എല്ലാ തൊഴിലാളിവർഗ്ഗതാല്പര്യങ്ങൾക്കുമെതിരാണെന്നു കമ്മ്യൂണിസ്റ്റുകാർ തൊഴിലാളികൾക്കു കാണിച്ചുകൊടുക്കണം. രോഗകാലഅലവൻസ് മുതലായവസംബന്ധിച്ചാണെങ്കിൽ, തൊഴിലാളികളിൽനിന്നു നിർബ്ബന്ധവരി പിരിക്കുന്ന സമ്പ്രദായം നീക്കുവാൻ കമ്മ്യൂണിസ്റ്റുകാർ ആവശ്യപ്പെടണം; സ്വമേധയാ വരിസംഖ്യകൊടുത്തുണ്ടാക്കുന്ന ഫണ്ടിന്മേൽ നിബന്ധനകൾ ചുമത്തുന്നതിനേയും എതിക്കണം. എന്നിട്ടും ട്രേഡ് യൂനിയൻമെമ്പർമാരിൽ ചിലക്കു വരിസംഖ്യകൊടുത്തു രോഗകാലഅലവൻസും മററും നേടണമെന്നു തോന്നുകയാണെങ്കിൽ, അവക്ക് അതിന്റെ അനാവശ്യകത മനസ്സിലായില്ലെന്ന ഭയംകൊണ്ട്, അതിനെ വെറുതെയങ്ങു നിരോധിക്കുന്നതു നമുക്കു ചേന്നതല്ല. ഒററക്കു കണ്ടു സംസാരിച്ച് ഊർജ്ജിതമായ പ്രചാരവേല നടത്തി അത്തരം തൊഴിലാളി

കളെ അവരുടെ ചെറിയ ബൂർഷ്വാ ആശയങ്ങളിൽനിന്നു വിടർത്തിക്കൊണ്ടുവരേണ്ടിയിരിക്കുന്നു!

26. സോഷ്യൽഡെമൊക്രാററിക്ക്-പെററിബൂർഷ്വാ ട്രേഡ്‌യൂനിയൻനേതാക്കന്മാൎക്കും വിവിധ ലേബർപാർട്ടികളുടെ നേതാക്കന്മാൎക്കും എതിരായ സമരത്തിൽ വെറും പ്രേരണകൊണ്ടു് അധികമൊന്നും നേടാമെന്നാശിക്കാൻ വയ്യ. ഏററവും ഊർജ്ജിതമായ രീതിയിൽ അവൎക്കെതിരായ സമരം നടത്തണം; അതിന്നുള്ള ഏററവും നല്ല വഴി അവൎക്കനുയായികളില്ലാതാക്കുകയാണു്; മുതലാളിത്തത്തിന്റെ കയ്യിൽ പാവകളിക്കുക മാത്രം ചെയ്യുന്ന, വഞ്ചകന്മാരായ ഈ സോഷ്യലിസ്ററുനേതാക്കളുടെ തനിനിറം തൊഴിലാളികൾക്കു തുറന്നു കാണിച്ചുകൊടുക്കുകയാണു്. ഈ നേതാക്കന്മാരുടെ കള്ളി പൊളിക്കാൻ കമ്മ്യൂണിസ്ററുകാർ ശ്രമിക്കണം; ഏററവും ഊർജ്ജിതമായി അവരെ എതിൎക്കുകയും വേണം.

ആംസ്റ്റർഡാം നേതാക്കന്മാരെ (അതായതു്, മിതവാദി ട്രേഡ്‌യൂനിയനുകളുടെ നേതാക്കളെ) വെറുതെ 'യെല്ലോ' (വഞ്ചകന്മാർ) എന്നു വിളിച്ചതുകൊണ്ടായില്ല. അവരുടെ വഞ്ചന തുടൎച്ചയായും പ്രായോഗികമായും ഉദാഹരണങ്ങളെക്കൊണ്ടു തെളിയിച്ചുകൊടുക്കണം. ട്രേഡ്‌യൂനിയനുകളിലും സർവ്വരാജ്യസഖ്യത്തിന്റെ ഇൻറർനാഷനൽ ലേബർ ബ്യൂറോവിലും ബൂർഷ്വാമന്ത്രിസഭകളിലും ഭരണകൂടത്തിലും അവരുടെ പ്രവൎത്തനങ്ങൾ, സമ്മേളനങ്ങളിലും പാർളിമെൻറുകളിലും അവർ ചെയ്യുന്ന വഞ്ചനാപരമായ പ്രസംഗങ്ങൾ, അവരുടെ സന്ദേശങ്ങളിലും പത്രലേഖനങ്ങളിലും അടങ്ങീട്ടുള്ള അഭ്യൎത്ഥനകൾ, എല്ലാററിലുമുപരിയായി ഏററവും മിതമായ കൂലിക്കൂട്ടലിന്നുവേണ്ടിയുള്ള സമരങ്ങളിൽപ്പോലും അവർ കാണിക്കുന്ന ചാഞ്ചാട്ടവും സംശയനിലയും — ഇവയെല്ലാംതന്നെ, ഏററവും ലളിതമായ പ്രസംഗങ്ങളിലും പ്രമേയങ്ങളിലും ഈ ആംസ്റ്റർഡാം നേതാക്കന്മാരുടെ വഞ്ചനാപൂർണ്ണമായ പെരുമാററങ്ങളെ തുറന്നുകാട്ടുന്നതിന്നു നമുക്കു നിരന്തരം അവസരങ്ങളുണ്ടാക്കുന്നുണ്ടു്.

27. പാർട്ടി ഫ്രാക്‌ഷനുകൾ തങ്ങളുടെ പ്രായോഗികമുന്നണിപ്രവൎത്തനം സംഘടിതമായ രീതിയിൽ നടത്തണം. ചില്ലറ ട്രേഡ്‌യൂനിയൻ ഭാരവാഹികൾ പറയുന്ന ഒഴികഴിവുകളെക്കൊണ്ടു തങ്ങളുടെ മുന്നോട്ടുള്ള ഗതി തടസ്ഥപ്പെടുത്താൻ കമ്മ്യൂണിസ്റ്റുകാരനുവദിക്കരുതു്. അവൎക്കു് എത്രതന്നെ നല്ല ഉദ്ദേശങ്ങളുണ്ടെങ്കിലും, വെറും നട്ടെല്ലില്ലായ്മകൊണ്ടു് അവർ ചട്ടങ്ങളുടേയും യൂനിയൻ തീരുമാനങ്ങളുടേയും മേലധികാരത്തിൽനി

നുള്ള കല്പനകളുടേയും പിന്നിൽ സാധാരണ രക്ഷപ്രാപിക്കുകയാണ് പതിവ്. ട്രേഡ് യൂനിയൻസംഘടനയുടെ ഉദ്യോഗസ്ഥയന്ത്രം തൊഴിലാളികളുടെ മുമ്പിൽ വലിച്ചിടുന്ന ഉള്ളതും ഇല്ലാത്തതുമായ തടസ്ഥങ്ങൾ നീക്കുന്ന കാര്യത്തിൽ തൃപ്തികരമായി പ്രവർത്തിയ്ക്കണമെന്നു കീഴ്ഭാരവാഹികളോടു കമ്മ്യൂണിസ്റ്റ്കാർ നിഷ്ക്കർഷിയ്ക്കണം.

ട്രേഡ് യൂനിയൻസംഘടനകളുടെ കോൺഫറൻസുകളിലും യോഗങ്ങളിലും കമ്മ്യൂണിസ്റ്റ്കാർ പങ്കെടുക്കുന്നതിന്നു ഫ്രാക്ഷനുകൾ മുൻകൂട്ടി സശ്രദ്ധം ഒരുക്കിക്കൂട്ടണം. ഉദാഹരണത്തിന്ന് അവർ പ്രമേയങ്ങൾ എഴുതി തയ്യാറാക്കണം, പ്രാസംഗികന്മാരേയും ഉപദേശകന്മാരേയും തിരഞ്ഞെടുക്കണം, പ്രാപ്തിയും പരിചയവും ഉത്സാഹവുമുള്ള സഖാക്കളെ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളായി നിർത്തണം. എതിരാളികൾ ഏർപ്പാടുചെയ്യുന്ന എല്ലാ തൊഴിലാളിയോഗങ്ങളുടേയും തിരഞ്ഞെടുപ്പുയോഗങ്ങളുടേയും, പ്രകടനങ്ങളുടേയും രാഷ്ട്രീയമേളകളുടേയും കാര്യത്തിലും കമ്മ്യൂണിസ്റ്റ്സംഘടനകൾ അവയുടെ ഫ്രാക്ഷനുകൾവഴി നിഷ്ക്കർഷമായൊരുക്കിക്കൂട്ടണം. കമ്മ്യൂണിസ്റ്റ്കാർ സ്വന്തമായി തൊഴിലാളിയോഗങ്ങൾ വിളിച്ചുകൂട്ടുമ്പോൾ, ധാരാളം പാർട്ടിമെമ്പർമാർ ഗ്രൂപ്പുകളായി സദസ്യരുടെയിടയിൽ എല്ലാ ഭാഗത്തും ഇരിക്കുവാനും അങ്ങിനെ തൃപ്തികരമായ പ്രചാരവേല നടത്തുവാനും എല്ലാ ഏർപ്പാടും ചെയ്യുന്നതാവശ്യമാണ്

28. അസംഘടിതരും പിന്നണിയിൽ നില്ക്കുന്നവരുമായ തൊഴിലാളികളെ ശാശ്വതമായി പാർട്ടിയിലേയ്ക്കാകർഷിയ്ക്കേണ്ടതെങ്ങിനെയെന്നും കമ്മ്യൂണിസ്റ്റ്കാർ പഠിയ്ക്കണം. ഫ്രാക്ഷനുകളുടെ സഹായത്തോടുകൂടി, ട്രേഡ് യൂനിയനുകളിൽ ചേരാനും പാർട്ടിയുടെ പത്രങ്ങൾ വായിക്കാനും നാം തൊഴിലാളികളെ പ്രേരിപ്പിയ്ക്കണം. വിദ്യാഭ്യാസബോർഡുകൾ, സ്പോർട്ട്സ് ക്ലബ്ബുകൾ, നാടകസംഘങ്ങൾ, സഹകരണസൊസൈററികൾ, ഉപഭോക്താക്കളുടെ സംഘങ്ങൾ, മുതലായ മററു സംഘടനകളെ നമ്മേയും തൊഴിലാളികളേയും ബന്ധപ്പെടുത്തുന്ന കണ്ണികളായി ഉപയോഗിയ്ക്കാൻ കഴിയും. കമ്മ്യൂണിസ്റ്റ്പാർട്ടിക്കു രഹസ്യമായി മാത്രം പ്രവർത്തിക്കാൻ കഴിയുന്ന സ്ഥലങ്ങളിൽ, പാർട്ടിമെമ്പർമാർ മുൻകയ്യെടുത്തും പ്രധാന പാർട്ടിഘടകങ്ങളുടെ അനുവാദത്തോടുകൂടിയും നിയന്ത്രണത്തിൻകീഴിലും പാർട്ടിയ്ക്കുപുറമേ ഇത്തരം തൊഴിലാളികളുടെ സംഘടനകൾ (അനുഭാവിയൂനിയനുകൾ) രൂപീകരിയ്ക്കാവുന്നതാണ്.

രാഷ്ട്രീയകാര്യങ്ങളിൽ തീരെ ശ്രദ്ധയില്ലാത്ത എത്രയോ തൊഴിലാളികളെ തട്ടിയുണർത്താൻ കമ്മ്യൂണിസ്റ്റ് യുവജന—മഹിളാസംഘടനകൾ വളരെ സഹായകമായിരിക്കും, അതുവഴി അദ്ധ്യയനക്ലാസ്സുകളും വായനഗ്രൂപ്പുകളും വിനോദയാത്രകളും മേളകളും മററും മുഖേന ലഘുലേഖകൾ വിതരണംചെയ്തും പാർട്ടിപത്രത്തിൻെറ പ്രചാരം വർദ്ധിപ്പിച്ചും അവരെ ക്രമേണ കമ്മ്യൂണിസ്ററുപാർട്ടിയിലേക്കുതന്നെ കൊണ്ടുവരാൻ കഴിയും. പൊതുപ്രസ്ഥാനത്തിൽ പങ്കെടുക്കുന്നതിലൂടെ തൊഴിലാളികൾക്ക് അവരുടെ പെററിബൂഷ്വാ ചിന്താഗതികളിൽനിന്നു സ്വയം മോചനം നേടാൻ സാധിക്കുന്നു.

29. പണിയെടുക്കുന്നവരിൽ അർദ്ധതൊഴിലാളികളായിട്ടുള്ള വിഭാഗങ്ങളെ വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗത്തിൻെറ അനുഭാവികളാക്കുന്നതിനുവേണ്ടി ആ വിഭാഗക്കാർക്ക് ഭൂമിയുടമകളോടും മുതലാളികളോടും മുതലാളിത്തഗവർമ്മെണ്ടിനോടുമുള്ള പ്രത്യേകവിരോധത്തെ കമ്മ്യൂണിസ്ററുകാർ ഉപയോഗപ്പെടുത്തണം; അങ്ങിനെ ഈ മദ്ധ്യവർത്തിവിഭാഗങ്ങൾക്കു തൊഴിലാളിവർഗ്ഗത്തെപ്പററിയുള്ള അവിശ്വാസം തീർക്കണം. ഇതിന്ന് അവരുമായി സുദീർഘമായ കൂടിയാലോചനകൾ നടത്തേണ്ടതായി വന്നേക്കാം; അവരുടെ ആവശ്യങ്ങളെ മനസ്സിലാക്കി അനുഭാവം കാണിക്കുകയും അവർക്കു നേരിടുന്ന വിഷമതകളിൽ സൌജന്യമായ സഹായവും ഉപദേശവും നൽകുകയും അവരുടെ വിദ്യാഭ്യാസനില ഉയർത്താൻ സൌകര്യങ്ങളുണ്ടാക്കിക്കൊടുക്കുകയും എല്ലാം വേണ്ടിവരും—ഇതെല്ലാംതന്നെ കമ്മ്യൂണിസ്ററുപ്രസ്ഥാനത്തിൽ അവർക്കു വിശ്വാസമുണ്ടാക്കിക്കൊടുക്കും. അതാതു പ്രദേശങ്ങളിൽ പ്രാമാണികസ്ഥാനം വഹിക്കുന്നവരും പണിയെടുക്കുന്ന പെററിബൂർഷ്വാ കൃഷിക്കാരുടേയും കുടിൽവ്യവസായങ്ങളിലെ ജോലിക്കാരുടേയും മററു അർദ്ധതൊഴിലാളിവർഗ്ഗങ്ങളുടേയും ഇടയിൽ സ്വാധീനശക്തിയുള്ളവരുമായ എതിർസംഘടനകളുടെ നാശകാരിയായ സ്വാധീനതയെ കുറയ്ക്കാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിക്കണം. ഇവ കുററകരമായ മുതലാളിത്തവ്യവസ്ഥയുടെയാകെ പ്രത്യക്ഷരൂപവും പ്രതിനിധികളുമാണെന്നു കഷ്ടപ്പെടുന്നവർക്കു സ്വന്തം കടുത്ത അനുഭവത്തിൽനിന്നറിയാം; ഇവയെ നാം തുറന്നുകാട്ടണം. ഗവർമ്മെണ്ടിൻെറ ഉദ്യോഗസ്ഥമേധാവിത്വവും പെററിബൂർഷ്വാജനാധിപത്യത്തിൻെറയും നീതിബോധത്തിൻെറയും ആദർശങ്ങളും തമ്മിൽ ഏററുമുട്ടാനിട

യാകുന്ന എല്ലാ ദൈനന്ദിനസംഭവങ്ങളേയും കമ്മ്യൂണിസ്റ്റ് പ്രക്ഷോഭത്തിൽ ഊർജ്ജിതമായും നയത്തോടുകൂടിയും ഉപയോഗപ്പെടുത്തണം. തങ്ങളുടെ ജില്ലയിലുള്ള എല്ലാ ഗ്രാമങ്ങളിലും കൃഷിസ്ഥലങ്ങളിലും ഒററപ്പെട്ടുകിടക്കുന്ന വീടുകളിലും കമ്മ്യൂണിസ്റ്റ് പ്രചാരവേല എത്തിക്കുന്നതിന്നുവേണ്ടി ഓരോ പ്രാദേശികപാർട്ടിസംഘടനയും അതിലെ മെമ്പർമാക്ക വീടുവീടാന്തരം പ്രചരണം നടത്തുകയെന്ന കടമ നിഷ്കൃഷ്ടയോടെ വീതിച്ചുകൊടുക്കണം.

30. മുതലാളിത്തഭരണകൂടങ്ങളുടെ പട്ടാളങ്ങളിലും നാവികപ്പടകളിലുമുള്ള പ്രചാരവേലയുടെ രീതികൾ ഓരോ രാജ്യത്തിലേയും പ്രത്യേകസ്ഥിതികൾ നോക്കി നിശ്ചയിക്കേണ്ടതാണ്. വെറും യുദ്ധവിരോധത്തെ അടിസ്ഥാനപ്പെടുത്തിയ പട്ടാളത്തിന്നെതിരായ പ്രചാരം അങ്ങേയററം തകരാറാണ്. തൊഴിലാളികളെ ആയുധംവെപ്പിക്കാൻ ബൂർഷ്വാസിയെ സഹായിക്കുകമാത്രമേ അതു ചെയ്യുകയുള്ളു. ബൂർഷ്വാഭരണകൂടത്തിൻെറയും പൊതുവിൽ ബൂർഷ്വാവർഗ്ഗത്തിൻെറയും എല്ലാ സൈനികസ്ഥാപനങ്ങളേയും തൊഴിലാളിവർഗ്ഗം താത്വികമായി നിഷേധിക്കുകയും അങ്ങേയററത്തെ ശക്തിയോടുകൂടി എതിർക്കുകയും ചെയ്യുന്നു. എങ്കിലും വരാനിരിക്കുന്ന വിപ്ലവപ്പോരാട്ടങ്ങൾക്ക് ആവശ്യമായ പട്ടാളപരിശീലനം തൊഴിലാളികൾക്കു കിട്ടുന്നതിന്നുവേണ്ടി ഈ സ്ഥാപനങ്ങളെ (സൈന്യം, പട്ടാളക്ലബ്ബുകൾ, പൊതുരക്ഷാസേന മുതലായവ) ഉപയോഗപ്പെടുത്തണം. അതുകൊണ്ടു ചെറുപ്പക്കാർക്കും വേലക്കാർക്കും പട്ടാളപരിശീലനം കൊടുക്കുന്നതിന്നെതിരായിട്ടല്ല നമ്മുടെ ഊർജ്ജിതമായ പ്രക്ഷോഭം തിരിച്ചുവിടേണ്ടതു്. തൊഴിലാളികൾക്കു ആയുധം കിട്ടാനുള്ള ഓരോ സാദ്ധ്യതയേയും ഏററവും ഔത്സുക്യത്തോടെ ഉപയോഗപ്പെടുത്തണം.

പട്ടാളഉദ്യോഗസ്ഥന്മാർക്കു കിട്ടുന്ന പ്രത്യേകാനുകൂല്യങ്ങളും, സാധാരണപട്ടാളക്കാരോടുള്ള ദുഷിച്ച പെരുമാററവും അവരുടെ അരക്ഷിതാവസ്ഥയും തമ്മിലുള്ള വ്യത്യാസത്തിൽ സ്വയം പ്രത്യക്ഷപ്പെടുന്ന വർഗ്ഗവൈരുദ്ധ്യങ്ങളെ സാധാരണപട്ടാളക്കാർക്ക് ഏററവും വിശദമാക്കിക്കൊടുക്കണം. കൂടാതെ സാധാരണപട്ടാളക്കാരുടെ ഭാവി ചൂഷിതരായ വർഗ്ഗങ്ങളുടെ ഭാവിയുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടാണിരിക്കുന്നതെന്ന വാസ്തവം അവരെ ബോദ്ധ്യപ്പെടുത്തണം. ആസന്നമായ വിപ്ലവഘട്ടങ്ങളി

ളുക്കം കൂടുതൽ വളൎന്നുവരുന്നതോടുകൂടി, എല്ലാ സൈന്യനായകന്മാരെയും സാധാരണപട്ടാളക്കാർ ജനാധിപത്യപരമായി തിരഞ്ഞെടുക്കണമെന്നും പട്ടാളകൌൺസിലുകൾ സ്ഥാപിയ്ക്കണമെന്നുമുള്ള പ്രക്ഷോഭം മുതലാളിത്തഭരണത്തിന്റെ അടിക്കല്ലുകളെ ഇളക്കുന്നതിൽ വളരെ ഫലപ്രദമായേയ്ക്കും.

വൎഗ്ഗസമരത്തിൽ മുതലാളികൾ ഉപയോഗിക്കുന്ന പ്രത്യേകപട്ടാളങ്ങൾക്കും അവരുടെ സ്വകാൎയ്യഗുണ്ടാസംഘങ്ങൾക്കുമെതിരായി പ്രക്ഷോഭം കൂട്ടുമ്പോൾ എല്ലായ്പോഴും ഏററവും അടുത്ത ശ്രദ്ധയും പരിഗണനയും ആവശ്യമാണു്.

ഈ പട്ടാളങ്ങളുടേയും ഗുണ്ടാസംഘങ്ങളുടേയും സാമൂഹ്യസ്വഭാവവും ജനദ്രോഹപരമായ പെരുമാററവും സാദ്ധ്യമാക്കുന്ന സന്ദൎഭങ്ങളിലെല്ലാം, അവക്കിടയിൽത്തന്നെ പിളപ്പുണ്ടാക്കുന്നതിനു കിട്ടുന്ന ഓരോ അവസരത്തേയും നാം പ്രക്ഷോഭത്തിൽ ഉപയോഗപ്പെടുത്തണം. പട്ടാളഉദ്യോഗസ്ഥന്മാരുടെ സംഘങ്ങളിലെപ്പോലെ ഇവക്കു് എത്രയും വ്യക്തമായ ബൂൎഷ്വാവൎഗ്ഗസ്വഭാവമുള്ളിടത്തെല്ലാം ജനങ്ങളുടെ മുമ്പിൽ ഇവയെ തുറന്നുകാട്ടണം; ജനങ്ങളുടെ കണ്ണിൽ ഇവരെ ഏററവും വെറുക്കപ്പെടുന്നവരാക്കിത്തീൎക്കണം; അങ്ങിനെ ഒററപ്പെടുന്നതുകൊണ്ടുതന്നെ അവർ സ്വയം പൊളിയാൻ തുടങ്ങും.

## V. രാഷ്ട്രീയസമരം സംഘടിപ്പിക്കൽ

31. കമ്മ്യൂണിസ്റ്റു് പാൎട്ടിയെ സംബന്ധിച്ചേടത്തോളം, അതിന്റെ സംഘടനകളെല്ലാം രാഷ്ട്രീയപ്രവൎത്തനത്തിലേൎപ്പെടാതിരിക്കുന്ന ഒരു കാലവുമില്ല. ഓരോ രാഷ്ട്രീയസാമ്പത്തികസ്ഥിതിയേയും അതിലുണ്ടാകുന്ന മാററങ്ങളേയും ശരിയ്ക്കുപയോഗപ്പെടുത്തണമെങ്കിൽ സംഘടനാപരമായ അടവുകളും സമരതന്ത്രങ്ങളും വളൎത്തിക്കൊണ്ടുവരണം. എത്ര ദുൎബ്ബലമായ പാൎട്ടിയാണെങ്കിലും, ചിട്ടയായും കാൎയ്യക്ഷമമായും സംഘടിപ്പിയ്ക്കപ്പെട്ട വിപ്ലവകരമായ പ്രചാരവേലകൊണ്ടു ജനങ്ങളെ ഇളക്കുന്ന രാഷ്ട്രീയസംഭവങ്ങളേയും സാമ്പത്തികവ്യവസ്ഥയെയാകെ ബാധിയ്ക്കുന്ന വിപുലമായ പണിമുടക്കങ്ങളേയും ഉപയോഗപ്പെടുത്താൻ സാധിയ്ക്കും.

ഒരു പ്രത്യേകസ്ഥിതിയെ ഇങ്ങിനെ ഉപയോഗപ്പെടുത്താൻ പാർട്ടി ഒരിക്കൽ തീരുമാനിച്ചുകഴിഞ്ഞാൽ, പാർട്ടിയുടേയും എല്ലാ മെമ്പർമാരുടേയും മുഴുവൻ കഴിവുകളും ആ പ്രക്ഷോഭത്തിൽ കേന്ദ്രീകരിയ്ക്കണം.

എന്നു മാത്രമല്ല, രാഷ്ട്രീയപ്രധാനങ്ങളായ കേന്ദ്രങ്ങളിലും ഓരോ പണിമുടക്കത്തേയും തുടൎന്നു പൊതുയോഗങ്ങൾ സംഘടിപ്പിക്കുന്നതിന്നായി പാർട്ടി അതിന്റെ സെല്ലുകളുടേയും പ്രവൎത്തകഗ്രൂപ്പുകളുടേയും പ്രവൎത്തനംവഴി നേടിയിട്ടുള്ള എല്ലാ ബന്ധങ്ങളേയും ഉപയോഗിയ്ക്കണം. ഈ പൊതുയോഗങ്ങളിൽ പാർട്ടി പ്രാസംഗികന്മാർ, കമ്മ്യൂണിസത്തിന്നു മാത്രമേ അവരുടെ സമരങ്ങളെ വിജയപൎയ്യവസായിയാക്കാൻ കഴിയുകയുള്ളു എന്നു സദസ്സിനെ ബോദ്ധ്യപ്പെടുത്താൻ അങ്ങേയററം ശ്രമിക്കണം. പ്രത്യേകക്കമ്മിററികളെ നിശ്ചയിച്ച് ഈ പൊതുയോഗങ്ങൾക്കു വേണ്ടി എല്ലാ ഒരുക്കങ്ങളും ചെയ്യേണ്ടതാണ്. എന്തെങ്കിലും കാരണവശാൽ പാർട്ടിയ്ക്കു സ്വന്തമായി യോഗങ്ങൾ വിളിച്ചുകൂട്ടാൻ കഴിഞ്ഞില്ലെങ്കിൽ, പണിമുടക്കിയവരോ സമരം ചെയ്യുന്ന തൊഴിലാളികളിൽ മറെറന്തെങ്കിലും വിഭാഗമോ വിളിച്ചുകൂട്ടുന്ന യോഗങ്ങളിൽ പററിയ പാർട്ടിസഖാക്കൾ സംസാരിയ്ക്കണം.

ഏതെങ്കിലും യോഗത്തിൽ സദസ്സിന്റെ ഭൂരിപക്ഷമോ വലിയൊരു വിഭാഗമോ നമ്മുടെ മുദ്രാവാക്യങ്ങളെ അനുകൂലിക്കാനുള്ള സാദ്ധ്യതയുണ്ടെങ്കിൽ, യോഗം അംഗീകരിക്കേണ്ട പ്രമേയങ്ങളുടെ രൂപത്തിൽ അവയെ നന്നായെഴുതിയുണ്ടാക്കുകയും അവയ്ക്കുവേണ്ടി ശരിയായി വാദിയ്ക്കുകയും വേണം; ഇതേ പ്രശ്നത്തെപ്പററി ഇതേ സ്ഥലത്തോ മററു സ്ഥലങ്ങളിലോ കൂടുന്ന എല്ലാ പൊതുയോഗങ്ങളിലും അതുപോലത്തെ പ്രമേയങ്ങൾ പാസ്സാക്കിക്കാൻ, എങ്ങിനെയായാലും അവക്കു സുശക്തമായ ഒരു ന്യൂനപക്ഷത്തിന്റെ ആനുകൂല്യമുണ്ടെന്നു തെളിയിക്കാൻ നാം ശ്രമിക്കണം. അങ്ങിനെ, പണിയെടുക്കുന്ന ബഹുജനങ്ങളെ പ്രസ്ഥാനത്തിലുറപ്പിക്കുവാനും അവരെ നമ്മുടെ ധാൎമ്മികസ്വാധീനത്തിൽ കൊണ്ടുവരാനും അവരെക്കൊണ്ടു നമ്മുടെ നേതൃത്വം അംഗീകരിപ്പിക്കുവാനും നമുക്കു സാധിക്കും.

ഇത്തരം പൊതുയോഗങ്ങൾക്കെല്ലാംശേഷം, അവയ്ക്കുവേണ്ട സംഘടനാപരമായ ഒരുക്കങ്ങൾ ചെയ്യുകയും അവ നൽകിയ അവസരങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തു കമ്മിററികൾ കൂടിയാലോചിച്ചു മേൽക്കമ്മിററികൾക്കു സമൎപ്പിക്കാനുള്ള റിപ്പോർട്ടു തയ്യാറാക്കുകയും അതിൽ

ഭാവിപ്രവൎത്തനത്തിന്നു സഹായമാകുംവിധം അവയുടെ അനുഭവപാഠങ്ങളിൽനിന്നും പററീയിരിയ്ക്കാനിടയുള്ള തെററുകളിൽനിന്നും നിഗമനങ്ങളെടുക്കുകയും വേണം. ഓരോ പ്രത്യേകസ്ഥിതിയുമനുസരിച്ച്, അതിലുൾക്കൊണ്ടിട്ടുള്ള തൊഴിലാളികളുടെ പ്രായോഗികാവശ്യങ്ങളെ പോസ്റ്ററുകളും നോട്ടീസ്സുകളുംവഴി പൊതുജനങ്ങളുടെയിടയിൽ പ്രചരിപ്പിയ്ക്കണം, തൊഴിലാളികളുടെയിടയിലും അവ വിതരണംചെയ്യണം, അങ്ങിനെ സ്വന്തം ആവശ്യങ്ങൾവഴിതന്നെ കമ്മ്യൂണിസ്റ്റ് നയം അതാത്തു സ്ഥിതിയ്ക്കു യോജിച്ചതും ബോധകവുമാണെന്നു വേലക്കാൎക്കു തെളിയിച്ചുകൊടുക്കണം. പോസ്റ്ററുകൾ ശരിക്കു വിതരണംചെയ്യുന്ന, അവയൊട്ടിക്കേണ്ട സ്ഥലവും സമയവും ശരിയായി നിശ്ചയിക്കുന്നതിന്നു പ്രത്യേകം സംഘടിപ്പിച്ച ഗ്രൂപ്പുകൾതന്നെ ആവശ്യമാണ്. ഫാക്ടറികൾക്കകത്തും അവയുടെ മുമ്പിലും തൊഴിലാളികൾ സാധാരണയായി ധാരാളം ഒന്നിച്ചുകൂടാറുള്ള ഹാളുകളിലും പട്ടണത്തിന്റെ പ്രധാനഭാഗങ്ങളിലും ആപ്പീസുകളിലും സ്റ്റേഷനുകളിലുമാണ് നോട്ടീസുകൾ വിതരണം ചെയ്യേണ്ടതു്; നോട്ടീസുകൾ വിതരണം ചെയ്യുന്നതോടുകൂടിത്തന്നെ സാധാരണതൊഴിലാളികളുടെയിടയിൽ അതിവേഗം പ്രചരിയ്ക്കുന്നതരത്തിൽ ആകൎഷകമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും വാദപ്രതിവാദം നടത്തുകയും വേണം. കഴിയുമെങ്കിൽ നീണ്ട ലഘുലേഖകൾ വിതരണംചെയ്യുന്നതു്, തൊഴിലാളികൾ സശ്രദ്ധം വായിക്കാനിടയുള്ള ഹാളുകളിലും ഫാക്ടറിക്കകത്തും അവരുടെ വീടുകളിലും മററുമായിരിക്കണം.

ഈ പ്രചാരവേലയോടൊപ്പംതന്നെ പണിമുടക്കം നടക്കുന്നതിന്നിടക്കുണ്ടാകുന്ന എല്ലാ ട്രേഡ് യൂനിയൻ_ഫാക്ടറിയോഗങ്ങളിലും നാം പ്രവൎത്തിക്കണം. ഇത്തരം യോഗങ്ങളിൽ, അവയെ നാം സംഘടിപ്പിച്ചതായാലും നമ്മുടെ ആനുകൂല്യം മാത്രമുള്ളതായാലും, പ്രത്യേകം നിശ്ചയിച്ച പ്രാസംഗികന്മാർ ബഹുജനങ്ങളെ നമ്മുടെ അഭിപ്രായഗതി ബോദ്ധ്യപ്പെടുത്തുന്നതിന്നു കിട്ടുന്ന അവസരങ്ങളെയൊന്നും വിടരുതു്, ഇങ്ങിനെ പ്രത്യേകമൊരു പ്രക്ഷോഭം നടക്കുമ്പോൾ നമ്മുടെ പാർട്ടിപത്രങ്ങൾ അവയുടെ ഭൂരിഭാഗം സ്ഥലവും ഏററവും നല്ല കഴിവുകളും അതിന്നുവേണ്ടി നീക്കിവെക്കണം. വാസ്തവം പറഞ്ഞാൽ തല്ക്കാലത്തേക്കു സജീവമായി പ്രവൎത്തിക്കുന്ന പാർട്ടിസംഘടനകളാകെ ഈ പ്രസ്ഥാനത്തിന്റെ പൊതുതാല്പൎയ്യങ്ങൾക്കൊത്തു പ്രവർത്തിക്കണം; അങ്ങിനെ നമ്മുടെ സഖാ

കൾക്ക് ഏകാഗ്രമായ ഉത്സാഹത്തോടെ പ്രവർത്തിക്കാൻ സാധിക്കയും വേണം.

32. പ്രകടനങ്ങൾ നടത്തണമെങ്കിൽ വളരെ വേഗത്തിൽ നീങ്ങാൻ സാധിക്കുന്നതും അതേയററം ത്യാഗസന്നദ്ധവുമായ നേതൃത്വം ഒഴിച്ചുകൂടാത്തതാണ്. ഓരോ പ്രകടനത്തിന്റേയും ഉദ്ദേശത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിക്കാൻ നേതൃത്വത്തിന്നു കഴിയണം. ഒരു പ്രകടനം അതിന്നു കഴിയുന്നതിലങ്ങേയററത്തെ ഫലം ഉണ്ടാക്കിക്കഴിഞ്ഞുവോ, അപ്പോഴത്തെ സ്ഥിതിയിൽ പ്രകടനങ്ങളും പണിമുടക്കുകളും ഒടുവിൽ ഒരു പൊതു പണിമുടക്കംതന്നെയും നടത്തി ബഹുജനങ്ങളുടെ പ്രത്യക്ഷസമരത്തിലേയ്ക്കു പ്രസ്ഥാനത്തെ വളർത്താൻ ശ്രമിക്കുന്നതിലൂടെ കൂടുതൽ ഉർജ്ജിതമാക്കാൻ സാദ്ധ്യതയുണ്ടോ എന്നെല്ലാം ഓരോ സന്ദർഭത്തിലും ശരിക്കു മനസ്സിലാക്കി പ്രവർത്തിക്കുന്നതിന്നു നേതൃത്വത്തിന്നു കഴിവുണ്ടാകണം. ഒന്നാം ലോകമഹായുദ്ധകാലത്തു സമാധാനത്തിന്നുവേണ്ടി നാം നടത്തിയ പ്രകടനങ്ങൾ ഒരു സംഗതി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അത്തരം ഒരു പ്രകടനം പിരിച്ചുവിട്ടുകഴിഞ്ഞതിന്നുശേഷവും, സമരംചെയ്യുന്ന ഒരു യഥാർത്ഥതൊഴിലാളിപ്പാർട്ടി, അതെത്ര ചെറുതാണെങ്കിലും നിയമവിരുദ്ധമാണെങ്കിലും, വെറുതെയിരിക്കാനോ വഴി തെററിപ്പോകാനോ പാടില്ല; പ്രകടനത്തിന്റെ ഉദ്ദേശമായ പ്രശ്നം യഥാർത്ഥപ്രാധാന്യമുള്ളതാണെങ്കിൽ, ബഹുജനങ്ങൾക്കിടയിൽ കൂടുതൽ താല്പര്യം ഉണ്ടാക്കാൻ പോകുന്നതാണെങ്കിൽ, പാർട്ടി പ്രവർത്തനം തുടരുകതന്നെ വേണം. വലിയ ഫാക്ടറികളെ അടിസ്ഥാനമാക്കി സംഘടിപ്പിയ്ക്കുമ്പോഴാണ് തെരുവ് പ്രകടനങ്ങൾക്ക് ഏററവും വമ്പിച്ച ഫലപ്രദായകത്വമുണ്ടാവുക. വാങ്മൂലമായും നോട്ടീസുമൂലമായും ചെയ്ത പ്രചാരവേലവഴി നമ്മുടെ സെല്ലുകളും ഗ്രൂപ്പുകളും നടത്തിയ ഫലപ്രദമായ ഒരുക്കക്കൂട്ടലിന്ന് ഒരു പ്രത്യേകസ്ഥിതിയിൽ ഒരതിർത്തിവരെ അഭിപ്രായൈക്യവും പ്രവർത്തനൈക്യവും ഉണ്ടാകാൻ കഴിഞ്ഞാൽ, പാർട്ടിയുടെ മാനേജിങ്ങ് കമ്മിററി ഫാക്ടറികളിലെ വിശ്വസ്ത പാർട്ടിമെമ്പർമാരുടേയും സെൽഗ്രൂപ്പുനേതാക്കന്മാരുടേയും ഒരു സമ്മേളനം വിളിച്ചുകൂട്ടണം; അതിൽവെച്ചു നാം പ്ലാൻചെയ്യുന്ന പൊതുയോഗത്തിന്റെ സമയവും പരിപാടിയും, പ്രകടനത്തിൽ വിളിക്കേണ്ട മുദ്രാവാക്യങ്ങളും അതിനെ വളർത്താനുള്ള സാദ്ധ്യതകളും അവ പിരിച്ചുവിടേണ്ട സമയവും എല്ലാം ആലോചിച്ചു തീർച്ചപ്പെടുത്തണം. ഫാക്ടറികളിൽനി

ന്നു പ്രകടനം തുടങ്ങുന്നതുമുതൽ അതു പിരിച്ചുവിടുന്നതുവരെ ജനങ്ങൾക്കിടയിൽ ചേൎന്നു നീങ്ങുന്ന, നല്ല പരിശീലനവും പരിചയവും സിദ്ധിച്ചു, സമൎത്ഥന്മാരായ ഉദ്യോഗസ്ഥന്മാരുടെ (വളൻറിയർ കാപ്ടന്മാരുടെ) ഗ്രൂപ്പായിരിക്കണം പ്രകടനത്തിൻെറ നട്ടെല്ല്. അതോടൊപ്പം ഉത്തരവാദപ്പെട്ട പാർട്ടിപ്രവൎത്തകന്മാരും നാനാഭാഗത്തുമായി ജനങ്ങളുടെകൂടെയുണ്ടായിരിക്കണം; അതുകൊണ്ടു് ഈ കാപ്ടന്മാൎക്കു് അന്യോന്യം പരസ്പരബന്ധം വെക്കാനും അവൎക്കാവശ്യമായ രാഷ്ട്രീയനിദ്ദേശങ്ങൾ നൽകാനും സാധിക്കുന്നു. വേഗത്തിൽ നീങ്ങാൻ കഴിയുന്നതും രാഷ്ട്രീയമായി സംഘടിതവുമായ ഇത്തരം ഒരു നേതൃത്വത്തിൻകീഴിൽ പ്രകടനം ഏററവും ഫലപ്രദമായിത്തീരുന്നു; വീണ്ടും വീണ്ടും ആവൎത്തിക്കാൻ സാധിക്കുന്നതാവുന്നു; കൂടുതലുയൎന്ന ബഹുജനപ്രവൎത്തനത്തിലേക്കു് അതിനെ ക്രമേണ വളൎത്താനും കഴിയും

33. ആന്തരമായ അടിയുറപ്പും, തഴക്കവും പഴക്കവുമുള്ള ഭാരവാഹികളും, ബഹുജനങ്ങൾക്കിടയിൽ ഗണ്യമായ പിൻബലവും നേടിക്കഴിഞ്ഞ കമ്മ്യൂണിസ്റ്റ് പാർട്ടികൾ, അതിവിപുലമായ പ്രക്ഷോഭംവഴി വഞ്ചകരായ സോഷ്യലിസ്റ്റ് നേതാക്കന്മാരുടെ സ്വാധീനത്തെ തീരെ നശിപ്പിക്കാനും തൊഴിലാളികളിൽ ഭൂരിപക്ഷത്തെ കമ്മ്യൂണിസ്റ്റ്കൊടിക്കീഴിലണിനിരത്താനും എല്ലാ ശ്രമവും നടത്തണം. പരസ്യമായ പോരാട്ടത്തിനുതന്നെ സ്ഥിതിഗതികളനുകൂലമാണോ — ആണെങ്കിൽ കമ്മ്യൂണിസ്റ്റ്കാർ സജീവമായി പ്രവൎത്തിച്ചു തൊഴിലാളിപ്രസ്ഥാനത്തിൻെറ മുന്നണിനേതൃത്വം ഏറെറടുക്കണം — അതോ താല്ക്കാലികമായ മാന്ദ്യത്തിൻെറ ഒരു കാലഘട്ടമാണോ എന്നു നോക്കി പലതരത്തിലും പ്രക്ഷോഭം സംഘടിപ്പിക്കേണ്ടതായിവരും.

ഇത്തരം പ്രവൎത്തനങ്ങളുടെ സംഘടനാരീതിയെ തിരഞ്ഞെടുക്കുന്നതിനെ നിശ്ചയിക്കുന്ന പ്രധാന സംഗതികളിലൊന്നു പാർട്ടിയുടെതന്നെ ആന്തരഘടനയാണു്.

ഉദാഹരണത്തിനു് 'തുറന്ന കത്തുകൾ' പ്രസിദ്ധീകരിക്കുന്ന സമ്പ്രദായം: മറെറാരു രാജ്യത്തും സാദ്ധ്യമായതിലധികം ഫലപ്രദമായി ജൎമ്മനിയിൽ തൊഴിലാളികളിൽ സാമൂഹ്യപ്രാധാന്യമുള്ള വിഭാഗങ്ങളുടെ ആനുകൂല്യം സമ്പാദിക്കാൻ പാർട്ടി ഈ സമ്പ്രദായം ഉപയോഗിച്ചിട്ടുണ്ടു്. തൊഴിലാളികളുടെയിടയിൽ നൈരാശ്യം വൎദ്ധിക്കുകയും വൎഗ്ഗസംഘട്ടനങ്ങൾ മൂർഛിക്കുകയും ചെയ്തുവരുന്ന ഒരു സന്ദൎഭത്തിൽ ജൎമ്മൻകമ്മ്യൂണി

സ്റ്റ് പാർട്ടി സോസ്യലിസ്റ്റ് നേതാക്കന്മാരുടെ വഞ്ചനയെ തുറന്നുകാട്ടാൻവേണ്ടി മററു തൊഴിലാളിബഹുജനസംഘടനകളെ അഭിസംബോധനം ചെയ്തുകൊണ്ടു് ഒരു തുറന്ന കത്തു പ്രസദ്ധീകരിച്ചു. സുശക്തങ്ങളെന്നവകാശപ്പെടുന്ന സംഘടനകളോടുകൂടിയ ആ സ്ഥാപനങ്ങൾ, കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിച്ചു തൊഴിലാളികളുടെ പ്രത്യക്ഷമായ കഷ്ടപ്പാടുകൾക്കെതിരായും ഒരു കഷ്ണം അപ്പമെങ്കിലും കിട്ടുകയെന്ന ഏററവും നിസ്സാരമായ ആവശ്യങ്ങൾക്കുവേണ്ടിയും സമരം ചെയ്യാൻ തയ്യാറുണ്ടോ എന്നു തൊഴിലാളികൾക്കൊക്കെ കാണാവുന്ന തരത്തിൽ ചോദിക്കുകയായിരുന്നു അതിൻെറ ഉദ്ദേശം.

ഇത്തരം ഒരു പ്രസ്ഥാനം ആരംഭിക്കുന്ന സമയത്തു് ഏതു രാജ്യത്തായാലും കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിബഹുജനങ്ങളെയാകെ അതു സ്പർശിക്കുവാനാവശ്യമായ സംഘടനാപരമായ ഒരുക്കൾ പരിപൂർണ്ണമായും ചെയ്യണം

പാർട്ടിയുടെ എല്ലാ ഫാക്ടറിഗ്രൂപ്പുകളും പാർട്ടിമെമ്പർമാരായ എല്ലാ ട്രേഡ് യൂനിയൻ ഭാരവാഹികളും പാർട്ടി മുന്നോട്ടുകൊണ്ടുവന്നിട്ടുള്ള, തൊഴിലാളിവർഗ്ഗത്തിൻെറ ഏററവും മർമ്മപ്രധാനമായ ആവശ്യങ്ങളുൾക്കൊള്ളുന്ന, ആവശ്യം തങ്ങളുടെ അടുത്ത ട്രേഡ് യൂനിയൻഫാക്ടറിയോഗങ്ങളിൽ വാദപ്രതിവാദത്തിന്നു കൊണ്ടുവരണം. അതുപോലെതന്നെ, എല്ലാ ഒരുക്കങ്ങളും ചെയ്തതിന്നുശേഷം പൊതുയോഗങ്ങളിലും ഈ ആവശ്യം മുന്നോട്ടുകൊണ്ടുവരണം. ബഹുജനങ്ങളുടെ മനോഭാവത്തെ ശരിയായുപയോഗപ്പെടുത്തുന്നതിന്നു്, എല്ലാ സ്ഥലത്തും ലഘുലേഖകളും നോട്ടീസുകളും പോസ്റ്ററുകളും വിതരണം ചെയ്യണം; നമ്മുടെ ആവശ്യങ്ങൾക്കു ബഹുജനാനുകൂല്യം നേടാൻ നമ്മുടെ സെല്ലുകളും ഗ്രൂപ്പുകളും ശ്രമിക്കാനുദ്ദേശിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഇതു പ്രത്യേകിച്ചും ഫലപ്രദമായി നടത്തണം. ഇങ്ങിനെയൊരു പ്രസ്ഥാനം നടക്കുന്നകാലത്തൊക്കെ നമ്മുടെ പാർട്ടിപത്രങ്ങൾ പ്രസ്ഥാനത്തിലുന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ നിരന്തരം വിശദീകരിച്ചുകൊണ്ടിരിക്കണം; അതിന്നു എല്ലാ വീക്ഷണഗതികളിലൂടെയും ആ പ്രശ്നത്തിൻെറ നാനാവശങ്ങളെ പരാമർശിക്കുന്ന ചെറുതും വലുതുമായ ലേഖനങ്ങൾ നിത്യേനയെഴുതണം. ഇത്തരം ലേഖനങ്ങൾക്കാവശ്യമായ സംഗതികൾ പത്രത്തിന്നു തുടർച്ചയായി കൊടുക്കാൻ പാർട്ടി സംഘടന മറക്കരുതു്; പാർട്ടിയുടെ ഈ പ്രസ്ഥാനത്തെ സഹായിക്കുന്ന

തിന്നു പാർട്ടിപത്രാധിപന്മാർ നടത്തുന്ന ശ്രമങ്ങൾ നിന്നുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. പാർട്ടിയുടെ നിയമസഭാഗ്രൂപ്പുകളും മുൻസിപ്പാൽ പ്രതിനിധികളും ഈ സമരങ്ങളെ സഹായിക്കുന്നതിന്ന് ഇടതടവില്ലാതെ പ്രവൎത്തിക്കണം. വിവിധനിയമസഭകളിലെ പാർട്ടിനേതൃത്വത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് അവർ ഈ കാൎയ്യം പ്രമേയങ്ങളും മററും വഴി വാദപ്രതിവാദത്തിന്നു കൊണ്ടുവരണം. സമരംചെയ്യുന്ന ബഹുജനങ്ങളുടെ ബോധപൂർവ്വം പ്രവൎത്തിക്കുന്ന വിഭാഗമായി, ശത്രുവിന്റെ ചേരിയിൽപ്പോയി ബഹുജനങ്ങൾക്കുവേണ്ടി വാദിക്കുന്നവരായി, പാർട്ടിയുടെ ഉത്തരവാദപ്പെട്ട ഭാരവാഹികളും പ്രവൎത്തകരുമായി അവർ സ്വയം കണക്കാക്കണം.

പാർട്ടിയുടെ എല്ലാ ശക്തികളുടേയും ഏകീകൃതവും സംഘടനാപരമായി സുദൃഢവുമായ ഈ പ്രവൎത്തനങ്ങളുടെ ഫലമായി, കുറച്ചാഴ്ചകൾക്കകം, നമ്മുടെ ആവശ്യങ്ങളെ അനുകൂലിക്കുന്ന പ്രമേയങ്ങൾ ധാരാളമായും വൎദ്ധിച്ചുവരുന്നതോതിലും, പൊതുയോഗങ്ങളിലംഗീകരിപ്പിക്കാൻ കഴിഞ്ഞാൽ, നമ്മുടെ ആവശ്യങ്ങളെ അനുകൂലിക്കുന്നവരെന്നു തെളിഞ്ഞുകഴിഞ്ഞ ബഹുജനങ്ങളെ സംഘടിപ്പിക്കുകയെന്നതു നമ്മുടെ പാർട്ടിയുടെ കാൎയ്യമായ ജോലിയാണ്. പ്രസ്ഥാനം പ്രത്യേകിച്ചും ഒരു ട്രേഡ് യൂനിയൻസ്വഭാവം കൈക്കൊള്ളുകയാണെങ്കിൽ, ട്രേഡ് യൂനിയനുകളിൽ നമ്മക്കുള്ള സംഘടനാപരമായ സ്വാധീനം വൎദ്ധിപ്പിക്കാൻ എല്ലാററിലുമുപരിയായി നാം ശ്രമിക്കണം.

ഈ ലക്ഷ്യംവെച്ചു ട്രേഡ് യൂനിയനുകളിലെ നമ്മുടെ പാർട്ടിഗ്രൂപ്പുകൾ പ്രാദേശികട്രേഡ് യൂനിയൻനേതാക്കന്മാൎക്കെതിരായി നന്നായൊരുക്കുകൂട്ടിയ പ്രത്യക്ഷസമരത്തിന്നുതന്നെ തയ്യാറാവണം — ഒന്നുകിൽ ആ നേതാക്കന്മാരുടെ സ്വാധീനശക്തി നാമാവശേഷമാക്കുക, അല്ലെങ്കിൽ നമ്മുടെ പാർട്ടിയുടെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരു സമരം സംഘടിപ്പിക്കാൻ അവരെ നിർബ്ബന്ധിക്കുക: ഇതാണ് അതിന്റെ ഉദ്ദേശം. ഫാക്ടറികൌൺസിലുകളോ വ്യവസായക്കമ്മിററികളോ ഇതുപോലെയുള്ള മററു സ്ഥാപനങ്ങളോ നിലവിലുള്ള സ്ഥലങ്ങളിൽ, നമ്മുടെ ഗ്രൂപ്പുകൾ അത്തരം സ്ഥാപനങ്ങളുടെ പൊതുയോഗങ്ങൾ വിളിച്ചുകൂട്ടി സമരത്തെ അനുകൂലിച്ചുകൊണ്ടുള്ള തീരുമാനങ്ങളെടുക്കാൻ പ്രേരിപ്പിക്കണം. ഇങ്ങിനെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൽ തൊഴിലാളികളുടെ പ്രാഥമികമായ ജീവിതാ

വശ്യങ്ങൾക്കവേണ്ടിയുള്ള പ്രസ്ഥാനത്തെ അനുകൂലിക്കുന്നതിന്നു കുറെ പ്രാദേശികസംഘടനകളെ പ്രേരിപ്പിക്കുവാൻ കഴിഞ്ഞാൽ, അവയുടെയെല്ലാം പൊതുസമ്മേളനങ്ങൾ വിളിച്ചുകൂട്ടേണ്ടതാണ്; പ്രസ്ഥാനത്തെ പിന്താങ്ങിക്കൊണ്ടു പ്രമേയങ്ങളംഗീകരിച്ച ഫാക്ടറിയോഗങ്ങളിൽനിന്നു പ്രത്യേകം പ്രതിനിധികളേയും ഈ സമ്മേളനങ്ങളിലേക്കു ക്ഷണിക്കണം.

## VI പുതിയ നേതൃത്വം

ഇത്തരത്തിൽ കമ്മ്യൂണിസ്റ്റ് സ്വാധീനത്തിൻ കീഴിൽ സംഘടിപ്പിക്കപ്പെട്ട പുതിയ നേതൃത്വം സംഘടിതതൊഴിലാളികളുടെ സജീവഗ്രൂപ്പുകളുടെ ഈ കേന്ദ്രീകരണത്തിലൂടെ പുതിയ ശക്തി സമ്പാദിക്കുന്നു, ട്രേഡ് യൂനിയനുകളുടേയും സോഷ്യലിസ്റ്റ് പാർട്ടികളുടേയും നേതൃത്വങ്ങളെ മുന്നോട്ടുന്തിനീക്കുന്നതിന്നും അതിന്നു സാധിച്ചില്ലെങ്കിൽ അവയെ തികച്ചും തുറന്നു കാട്ടുന്നതിന്നും ഈ ശക്തിയെ ഉപയോഗപ്പെടുത്തണം.

നമ്മുടെ പാർട്ടിയ്ക്ക് അതിന്റെ ഏററവും നല്ല സംഘടനകളുള്ളതും നമ്മുടെ ആവശ്യങ്ങൾക്കു ഏററവും വലിയ പിൻബലം കിട്ടിയിട്ടുള്ളതുമായ വ്യവസായകേന്ദ്രങ്ങളിൽ, പ്രാദേശികട്രേഡ് യൂനിയനുകളുടേയും വ്യവസായകൌൺസിലുകളുടേയും മേൽ സംഘടിതമായ നിർബ്ബന്ധം കൊണ്ടുവന്നു, അവിടെ പ്രത്യക്ഷമായിക്കഴിഞ്ഞ ഒററതിരിഞ്ഞ സാമ്പത്തികസമരങ്ങളേയും മററു വിഭാഗക്കാരുടെ വളർന്നുവരുന്ന പ്രസ്ഥാനത്തേയും ഒരൊററ ഏകോപിച്ച സമരമായി കൂട്ടിയിണക്കുവാൻ നമുക്കു സാധിക്കണം.

ഇതോടുകൂടി പ്രസ്ഥാനം, പ്രത്യേക തൊഴിൽതാല്പര്യങ്ങളെമാത്രം ബാധിക്കുന്നവയല്ലാത്ത പൊതുപ്രാഥമികാവശ്യങ്ങൾ രൂപീകരിക്കുകയും ആ കേന്ദ്രത്തിലെ എല്ലാ സംഘടനകളുടേയും ഏകീകൃതമായ ശക്തികൊണ്ട് ഈ ആവശ്യങ്ങൾ നേടാൻ ശ്രമിക്കുകയും വേണം. ഇത്തരമൊരു പ്രസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് സമരസന്നദ്ധമായ തൊഴിലാളിവർഗ്ഗത്തിന്റെ നേതാവെന്നു തെളിയും; ഏകീകൃതവും സംഘടിതവുമായ ഇത്തരമൊരു സമരത്തെ എതിർക്കുന്ന സോഷ്യലിസ്റ്റ് പാർട്ടിയുടേയും ട്രേഡ് യൂനിയൻ ഉദ്യോഗസ്ഥമേധാവിത്വത്തിന്റേയും ശരിയായ നിറം, രാഷ്ട്രീയമായി മാത്രമല്ല പ്രായോഗികവും സംഘടനാപരവുമായിക്കൂടി, പുറത്തു വരികയും ചെയ്യും.

34. പുതിയ ബഹുജനപ്രസ്ഥാനങ്ങൾക്കു കാരണമായിത്തീരുന്ന തീവ്രമായ രാഷ്ട്രീയ-സാമ്പത്തികക്കുഴപ്പങ്ങളുണ്ടാകുമ്പോൾ, കമ്യൂണിസ്റ്റ് പാർട്ടി ബഹുജനങ്ങളുടെ നേതൃത്വം ഏറെറടുക്കാൻ ശ്രമിക്കണം. ചില പ്രത്യേകാവശ്യങ്ങളെ വേണ്ടെന്നുവെച്ചിട്ടുപോലും, സോഷ്യലിസ്റ്റ് പാർട്ടികളിലേയും ട്രേഡ് യൂനിയനുകളിലേയും സാധാരണമെമ്പർമാരോടു നേരിട്ടു അഭ്യർത്ഥിക്കുന്നതു് ഈ സന്ദർഭങ്ങളിൽ നന്നായിരിക്കും — അവരുടെ ഉദ്യോഗസ്ഥമേധാവിനേതാക്കന്മാർ സുനിശ്ചിതമായ ഒരു സമരം കൂടാതെകഴിക്കാൻ എത്രതന്നെ ശ്രമിച്ചാലും, കഷ്ടപ്പാടും പട്ടിണിയും എങ്ങിനെയാണവരെ മുതലാളികളുമായി അനിവാര്യമായ സമരങ്ങളിലേയ്ക്കു നയിക്കുന്നതെന്നു് അവക്കു ചൂണ്ടിക്കാണിച്ചുകൊടുക്കണം. പാർട്ടിപത്രങ്ങൾ, വിശേഷിച്ചും പാർട്ടിയുടെ ദിനപത്രങ്ങൾ, ഇടതടവില്ലാതെ ഒരു കാര്യം ഊന്നിപ്പറഞ്ഞുകൊണ്ടിരിയ്ക്കണം — കഷ്ടപ്പെടുന്ന തൊഴിലാളികളുടെ ആസന്നമായ യഥാർത്ഥസമരത്തിൽ നേതൃത്വം എടുക്കാൻ കമ്മ്യൂണിസ്റ്റ്കാർ തയ്യാറാണ്; അപ്പോഴത്തെ കഠോരമായ സ്ഥിതിയിൽ അടിച്ചമർത്തപ്പെട്ടിട്ടുള്ളവർക്കെല്ലാം കഴിയുന്നവിധത്തിൽ സഹായഹസ്തം നൽകാൻ കമ്യൂണിസ്റ്റ്കാരുടെ സമരസംഘടനകൾ തയ്യാറാണ്. ഈ സമരങ്ങൾ കൂടാതെ കഴിക്കാനും തടസ്ഥപ്പെടുത്താനും പഴയ സംഘടനകൾ എത്രതന്നെ ശ്രമിച്ചാലും, ഈ സമരങ്ങൾ നടത്താതെ തൊഴിലാളികളുടെ ജീവിതസ്ഥിതി തെല്ലെങ്കിലും നന്നാക്കാനുള്ള സാദ്ധ്യതയില്ലെന്നു നമ്മുടെ പത്രങ്ങൾ നിത്യേന ഊന്നിപ്പറയണം. ട്രേഡ് യൂനിയനുകളിലും വ്യവസായസംഘടനകളിലുമുള്ള കമ്മ്യൂണിസ്റ്റ് ഫ്രാക്ഷനുകൾ കമ്യൂണിസ്റ്റ്കാരുടെ ആത്മത്യാഗപൂർണ്ണമായ സമരസന്നദ്ധതയെപ്പററി തുടർച്ചയായി എടുത്തുപറഞ്ഞുകൊണ്ടിരിക്കണം; സമരം അനിവാര്യമാണെന്നു തങ്ങളുടെ കൂട്ടുകാർക്കു വ്യക്തമാക്കികൊടുക്കണം. എങ്കിലും, അന്നത്തെ സ്ഥിതിയിൽനിന്നു പൊന്തിവരുന്ന എല്ലാ സമരങ്ങളേയും പ്രസ്ഥാനങ്ങളേയും ഏകോപിപ്പിക്കുകയും ഉറപ്പിക്കുകയുമാണ് പ്രധാന കടമ. സമരത്തിലേക്കു് ആകർഷിക്കപ്പെട്ട വ്യവസായങ്ങളിലേയും തൊഴിൽവിഭാഗങ്ങളിലേയും വിവിധസെല്ലുകളും ഫ്രാക്ഷനുകളും പരസ്പരം അടുത്ത ബന്ധം പുലർത്തിയാൽമാത്രം പോരാ; ജില്ലാക്കമ്മിററികളും കേന്ദ്രക്കമ്മിററികളുംവഴി ആ സമയത്തു പൊട്ടിപ്പുറപ്പെടാനിടയുള്ള എല്ലാ പ്രസ്ഥാനങ്ങളുടേയും നേതൃത്വം ഏറെറടുക്കണം; സമരത്തിലേപ്പെട്ടവരുമായി തോളോടുതോൾചേൻ സമരനേതൃത്വം ഏറെറടുക്കാൻ കഴിവുള്ള പ്രവർത്തകന്മാരേയും ഭാരവാഹികളേയും തക്കസമയത്തു

നൽകണം; അങ്ങിനെ സമരത്തിന്നു് ആഴവും വ്യാപ്തിയും കൂട്ടി അതിനെ വളൎത്തണം. ആവശ്യമായിവന്നാൽ രാഷ്ട്രീയസമരംവഴിതന്നെ പ്രശ്നത്തിന്നു പൊതുപരിഹാരം കാണേണ്ടിവരുമെന്ന ആശയം വളൎത്താൻവേണ്ടി ഈ വിവിധസമരങ്ങളുടേയെല്ലാം സാമാന്യസ്വഭാവത്തെ ചൂണ്ടിക്കാണിക്കുകയും ഊന്നിപ്പറയുകയും ചെയ്യേണ്ടതു സംഘടനയുടെ പ്രധാനകടമയാണു്. സമരങ്ങൾ കൂടുതൽ തീവ്രമാവുകയും പൊതുസ്വഭാവം കൈക്കൊള്ളുകയും ചെയ്യുന്നതോടുകൂടി, അവയുടെ നേതൃത്വം ഏറ്റെടുക്കുന്നതിന്നു് ഒരുപോലത്തെ സംഘടന സൃഷ്ടിക്കേണ്ടതാവശ്യമായിത്തീരും. പഴയ ഉദ്യോഗസ്ഥമേധാവികളായ പണിമുടക്കുനേതാക്കന്മാർ സമരം നയിക്കുന്നതിൽ പരാജയപ്പെടുന്നേടത്തെല്ലാം കമ്യൂണിസ്റ്റുകാർ ഉടനെ മുന്നോട്ടുവരണം; അടിയുറച്ചു സമരസംഘടനയ്ക്കുറപ്പു നൽകണം—പ്രാഥമികമായ പൊതുസംഘടനയാണിതു്; സമൎത്ഥമായ സൈനികനേതൃത്വത്തിൻകീഴിൽ, ഫ്രാക്ഷൻയോഗങ്ങളിലും വ്യവസായകൗൺസിൽയോഗങ്ങളിലും സമരത്തിലിറങ്ങീട്ടുള്ള തൊഴിലാളികളുടെ പൊതുയോഗങ്ങളിലും തുടൎച്ചയായ പ്രചാരവേല നടത്തിയിട്ടാണിതു സാധിക്കുക.

പ്രസ്ഥാനം പരന്നുപിടിച്ചുകഴിഞ്ഞാൽ, മുതലാളിസംഘടനകളുടെ കയ്യേറ്റങ്ങൾകൊണ്ടും ഗവൎമ്മേണ്ടിന്റെ ഇടപെടൽകൊണ്ടും അതൊരു രാഷ്ട്രീയരൂപം കൈക്കൊള്ളുന്നതോടുകൂടി, തൊഴിലാളികളുടെ സമരസമിതികൾ തിരഞ്ഞെടുക്കുന്നതു സാദ്ധ്യവും ആവശ്യംതന്നേയുമായിത്തീൎന്നേയ്ക്കും; അതിന്നുവേണ്ടിയുള്ള പ്രാരംഭപ്രചാരവേലയും സംഘടനാപ്രവൎത്തനവും നാം തുടങ്ങണം.

സ്വന്തം സമരോപകരണങ്ങൾ ഉരുട്ടിയുണ്ടാക്കുന്നതുകൊണ്ടു മാത്രമേ തൊഴിലാളിവൎഗ്ഗത്തിന്നു തങ്ങളുടെ വിമോചനം നേടാൻ സാദ്ധ്യമാവുകയുള്ളൂവെന്ന ആശയം എല്ലാ പാൎട്ടിസംഘടനകളും ഊന്നിപ്പറയേണ്ടതു് ഈ സന്ദൎഭത്തിലാണു്. ഈ പ്രചാരവേലയിൽ ട്രേഡ്‌യൂനിയൻ ഉദ്യോഗസ്ഥമേധാവിത്വത്തിനോടോ പഴയ സോഷ്യലിസ്റ്റ്പാൎട്ടികളോടോ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല.

35. സുശക്തങ്ങളായി വളൎന്നുകഴിഞ്ഞ കമ്യൂണിസ്റ്റ്പാൎട്ടികൾ, വിശേഷിച്ചും വമ്പിച്ച ബഹുജനപ്പാൎട്ടികൾ, ബഹുജനസമരങ്ങൾക്കുവേണ്ട കഴിവു് സമ്പാദിയ്ക്കണം. എല്ലാ രാഷ്ട്രീയപ്രകടനങ്ങളുടേയും സാമ്പത്തികബഹുജനപ്രസ്ഥാനങ്ങളുടേയും പ്രാദേശികസമരങ്ങളുടേയും അനുഭവങ്ങളെ ബഹുജനങ്ങളുമായി അടുത്തബന്ധം സ്ഥാപിക്കാൻവേണ്ടി സം-

ഘടിപ്പിക്കാൻ സദാപി ശ്രമിച്ചുകൊണ്ടിരിയ്ക്കണം. പ്രധാന പാർട്ടിഭാരവാഹികളുടേയും ഉത്തരവാദപ്പെട്ട പാർട്ടിപ്രവർത്തകരുടേയും വലുതും ഇടത്തരവുമായ വ്യവസായങ്ങളിലെ വിശ്വസ്തട്രേഡ്യൂനിയൻ പ്രതിനിധികളുടേയും വിപുലമായ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി ഓരോ വമ്പിച്ച ബഹുജനപ്രസ്ഥാനത്തിൽനിന്നും കിട്ടിയ പ്രായോഗികാനുഭവങ്ങളെപ്പററി വാദപ്രതിവാദം നടത്തണം; ഇത്തരത്തിൽ ബഹുജനങ്ങളുമായുള്ള ബന്ധത്തിൻെറ വലക്കെട്ടു നിരന്തരം വളരുകയും ശക്തിപ്പെടുകയും ചെയ്യും; വ്യവസായങ്ങളിലെ വിശ്വസ്ത പാർട്ടിപ്രതിനിധികൾ അധികമധികം സമരബോധമുള്ളവരായിത്തീരും. പ്രധാന പാർട്ടിഭാരവാഹികൾക്കും ഉത്തരവാദപ്പെട്ട പാർട്ടിപ്രവർത്തകന്മാർക്കും ഫാക്ടറിപ്രതിനിധികളുമായുള്ള പരസ്പര വിശ്വാസബന്ധങ്ങളാണ്, പാർട്ടിയുടെ യഥാർത്ഥശക്തിക്കും അന്നത്തെ സാഹചര്യങ്ങൾക്കും അനുസരിച്ചല്ലാതെ, അകാലികമായ രാഷ്ട്രീയബഹുജനസമരങ്ങൾ ഉണ്ടാവില്ലെന്നതിന് ഏററവും നല്ല ഉറപ്പ്.

വമ്പിച്ച ബഹുജനസമരങ്ങളിലിറങ്ങുന്ന സാധാരണതൊഴിലാളികളും പാർട്ടിസംഘടനകളും തമ്മിൽ ഏററവും അടുത്ത ബന്ധം കെട്ടിപ്പടുക്കാതെ, യഥാർത്ഥത്തിൽ വിപ്ലവകരമായ ഒരു പ്രസ്ഥാനം വളർത്താനാവില്ല. കഴിഞ്ഞകൊല്ലം ഇററലിയിൽ ഇരമ്പിക്കേറിയതും ഫാക്ടറികൾ പിടിച്ചടക്കുന്നതിൽ സുശക്തമായി പ്രകടിപ്പിയ്ക്കപ്പെട്ടതുമായ, നിസ്സംശയമായും വിപ്ലവകരമായ ബഹുജനക്ഷോളിളക്കം പൊട്ടുന്ന തകരാനുള്ള പ്രധാനകാരണം ട്രേഡ്യൂനിയനുദ്യോഗസ്ഥമേധാവിത്വത്തിൻെറ വഞ്ചനയും രാഷ്ട്രീയപ്പാർട്ടി നേതാക്കളുടെ വിശ്വസിക്കാൻ കൊള്ളരുതായ്മയുമായിരുന്നുവെന്നതിൽ സംശയമില്ല; പക്ഷേ പാർട്ടിയുടെ ക്ഷേമത്തിൽ തല്പരരും രാഷ്ട്രീയജ്ഞാനം നേടിയവരുമായ ഫാക്ടറിപ്രതിനിധികൾവഴി വ്യവസായങ്ങളും പാർട്ടിയും തമ്മിൽ സംഘടനാപരമായ അടുത്തബന്ധം തീരെ ഇല്ലാതിരുന്നതും ആ തകർച്ചക്ക് കാരണമാണ്. ഈക്കൊല്ലം ഇംഗ്ലണ്ടിലുണ്ടായ ഖനിത്തൊഴിലാളികളുടെ പണിമുടക്കത്തിന്നും അന്യാദൃശമായ തോതിൽ ഈ പോരായ്മയുണ്ടായിരുന്നു.

## VII. പാർട്ടിപത്രങ്ങളെപ്പററി.

36. പാർട്ടി അക്ഷീണമായ ഉത്സാഹത്തോടുകൂടി കമ്മ്യൂണിസ്റ്റ്പത്രങ്ങളെ വളർത്തിക്കൊണ്ടുവരണം. പാർട്ടിയുടെ നിയന്ത്രണത്തിന്നു കീ

ഴ്വഴങ്ങാത്ത യാതൊരു പത്രത്തേയും കമ്മ്യൂണിസ്റ്റ് മുഖപത്രമായംഗീകരിക്കുന്നതല്ല.

പത്രങ്ങളുടെ എണ്ണം വര്‍ദ്ധിപ്പിക്കുന്നതിലല്ല, നല്ല പത്രങ്ങള്‍ നടത്തുന്നതിലാണ് പാര്‍ട്ടി കൂടുതല്‍ ശ്രദ്ധ ചെലുത്തേണ്ടതു്. ഓരോ കമ്മ്യൂണിസ്റ്റ് പാര്‍ട്ടിക്കും നല്ലൊരു — സാദ്ധ്യമാണെങ്കില്‍ പ്രതിദിന — കേന്ദ്രമുഖപത്രമുണ്ടായിരിയ്ക്കണം.

37. ബൂഷ്വാ പത്രങ്ങളെപ്പോലെ, — പ്രായേണ സോഷ്യലിസ്റ്റ് പത്രങ്ങളും അങ്ങിനെതന്നെയാണ് — കമ്മ്യൂണിസ്റ്റ് വര്‍ത്തമാനപത്രം ഒരു മുതലാളിത്തസ്ഥാപനമായിരിക്കരുതു്. നമ്മുടെ എല്ലാ മുതലാളിത്തധനസഹായസ്ഥാപനങ്ങളില്‍നിന്നും സ്വതന്ത്രമായിരിക്കണം. നിയമവിധേയമായി പ്രവര്‍ത്തിക്കുന്ന നമ്മുടെ ബഹുജനപ്പാര്‍ട്ടികള്‍ക്കു പത്രം നടത്താന്‍ സാധിക്കണമെങ്കില്‍ പരസ്യങ്ങള്‍ വളരെ സമര്‍ത്ഥമായി സംഘടിപ്പിക്കേണ്ടതായിട്ടുണ്ടു്; പക്ഷേ അതു ഒരിക്കലും വലിയ പരസ്യക്കാരെ ആശ്രയിക്കുന്നതിന്നിടയാക്കരുതു്. നേരെമറിച്ചു തൊഴിലാളികളെ ബാധിക്കുന്ന എല്ലാ സാമൂഹ്യപ്രശ്നങ്ങളിലും നമ്മുടെ പാര്‍ട്ടിയെടുക്കുന്ന ശരിയായ നില അതിനെപ്പററി നമ്മുടെ ബഹുജനപ്പാര്‍ട്ടികളില്‍ കൂടുതല്‍ ബഹുമാനമുണ്ടാക്കുകയേയുള്ളു.

പൊതുജനങ്ങള്‍ക്കു 'വിസ്മയ'സംഭവങ്ങളിലാവാനുള്ള ആഗ്രഹത്തെയോ വിനോദമോഹത്തെയോ ഉറ്റിപ്പെടുത്താന്‍ നമ്മുടെ പത്രം ശ്രമിക്കരുതു്. 'മാന്യ'മായിത്തീരാന്‍ ശ്രമിക്കണമെന്ന പത്രപ്രവര്‍ത്തനവിദഗ്ദ്ധന്മാരുടേയോ പെററിബൂഷ്വാലേഖകന്മാരുടേയോ വിമര്‍ശനത്തിന്നു നമ്മുടെ പത്രം കീഴടങ്ങരുതു്.

38. കമ്മ്യൂണിസ്റ്റ് പത്രം ഒന്നാമതായി മര്‍ദ്ദിതരും സമരം ചെയ്യുന്നവരുമായ തൊഴിലാളികളുടെ താല്പര്യങ്ങള്‍ സംരക്ഷിക്കണം. അതു നമ്മുടെ ഏററവും നല്ല പ്രക്ഷോഭകാരിയും തൊഴിലാളിവിപ്ലവത്തിന്റെ പ്രചാരകന്മാരില്‍ മുന്‍നില്ക്കുന്നതുമായിരിക്കണം.

പാര്‍ട്ടിമെമ്പര്‍മാരുടെ പ്രവര്‍ത്തനത്തില്‍നിന്നുള്ള എല്ലാ വിലപിടിച്ച അനുഭവങ്ങളേയും ശേഖരിക്കുകയും കമ്മ്യൂണിസ്റ്റ് പ്രവര്‍ത്തനരീതികളെ തുടര്‍ച്ചയായി പുതുക്കുന്നതിന്നും നന്നാക്കുന്നതിനും സഹായിക്കുന്ന വഴികാട്ടിയായി അവയെ പ്രകടിപ്പിക്കുകയും ചെയ്യേണ്ടതു നമ്മുടെ പത്രത്തിന്റെ ലക്ഷ്യമായിരിക്കണം; അങ്ങിനെ നമ്മുടെ പത്രം വിപ്ലവപ്രവര്‍ത്തനത്തിന്റെ ഏററവും നല്ല സംഘടകനായിത്തീരും.

കമ്മ്യൂണിസ്റ്റ് പത്രങ്ങളുടെ, വിശേഷിച്ചും നമ്മുടെ പ്രധാനപത്രത്തിന്റെ, സർവ്വം സ്പർശിയായ ഈ സംഘടനാപ്രവർത്തനംകൊണ്ടുമാത്രമാണ്, വ്യക്തമായ ഈ ലക്ഷ്യം മുമ്പിൽവെച്ചു നമുക്കു പാർട്ടിയിൽ ജനാധിപത്യപരമായ കേന്ദ്രീകരണം സ്ഥാപിക്കാനും കാര്യക്ഷമമായ പ്രവൃത്തി വിഭജനം നടത്തുവാനും കഴിയുകയുള്ളു. അങ്ങിനെ മാത്രമേ നമ്മുടെ പാർട്ടിക്കു അതിന്റെ ചരിത്രപ്രധാനമായ കടമ നിറവേററാൻ കഴിവുണ്ടാവുകയുള്ളു.

39, കമ്മ്യൂണിസ്റ്റ് പത്രം ഒരു കമ്മ്യൂണിസ്റ്റ് സ്ഥാപനമായിത്തീരാൻ ശ്രമിക്കണം: അതായതു്, അതൊരു തൊഴിലാളിസമരസംഘടനയായിത്തീരണം; വിപ്ലവകാരികളായ പ്രവത്തകന്മാരുടെ—പത്രത്തിലേക്കു കൃത്യമായി ലേഖനങ്ങളയക്കുന്ന എല്ലാ എഴുത്തുകാരുടേയും പത്രാധിപന്മാരുടേയും അച്ചുനിരത്തുന്നവരുടേയും അച്ചടിക്കുന്നവരുടേയും പത്രം വിതരണംചെയ്യുന്നവരുടേയും പ്രാദേശികമായ വാത്തകൾ ശേഖരിച്ചു് അവയെപ്പററി പത്രപംക്തികളിൽ വാദപ്രതിവാദം നടത്തുന്നവരുടേയും പത്രം പ്രചരിപ്പിക്കുന്നതിൽ നിത്യേന സജീവമായി പ്രവത്തിക്കുന്നവരുടേയും—ഒരു പണിയെടുക്കുന്ന കൂട്ടുകെട്ടായിത്തീരണം. നമ്മുടെ പത്രത്തെ ശരിക്കും ഒരു സമരോപകരണവും പണിയെടുക്കുന്ന കമ്മ്യൂണിസ്റ്റ്കാരുടെ ഒരു സുശക്ത കൂട്ടുകെട്ടും ആക്കിത്തീർക്കണമെങ്കിൽ, പ്രായോഗികമായി കുറെ നടപടികളെടുക്കേണ്ടതായിട്ടുണ്ടു്.

ഒരു കമ്മ്യൂണിസ്റ്റ്കാരനു തന്റെ പത്രവുമായി ഏററവും അടുത്ത ബന്ധമുണ്ടായിരിക്കണം; എന്നാലേ അയാൾക്കു് അതിനുവേണ്ടി പ്രവത്തിക്കാനും ത്യാഗംചെയ്യാനും സാധിക്കുകയുള്ളു. അതയാളുടെ നിത്യായുധമാണു്; അതെപ്പോഴും എടുത്തുപയോഗിക്കാവുന്നതായിരിക്കണമെങ്കിൽ, അതിനെ നിത്യേന ഉരുട്ടിയുറപ്പിക്കുകയും മൂച്ചകൂട്ടുകയും വേണം. കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ നിലനില്പിന്നു ഭൌതികവും സാമ്പത്തികവുമായ വമ്പിച്ച ത്യാഗം തുടച്ചയായാവശ്യമായിത്തീരും. കമ്മ്യൂണിസ്റ്റ് പത്രത്തെ വളത്തുവാനും ആന്തരമായി നന്നാക്കാനും ആവശ്യമായ കരുക്കൾ ഇടതടവില്ലാതെ പാർട്ടിയണികളിൽനിന്നു കൊടുക്കേണ്ടതായിട്ടുണ്ടു്; ക്രമേണ അതു്, നിയമവിധേയമായ ബഹുജനപ്പാർട്ടികളുള്ള സ്ഥലങ്ങളിൽ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്നു സ്വയം സുശക്തമായ ഒരു പിൻബലമായിത്തീരത്തക്ക ഉറച്ച സംഘടനയും വിപുലമായ പ്രചാരവുമുള്ള ഒരു നിലയിലെത്തിച്ചേരും.

പത്രത്തിനുവേണ്ടി സജീവമായി പ്രചാരവേലചെയ്യുകയും വിതരണം നടത്തുകയും മാത്രം ചെയ്താൽപോരാ, അതിന്റെ ഒരു ലേഖകൻകൂടിയായിരിക്കേണ്ടതാവശ്യമാണ്.

തൊഴിലാളികൾ പററുന്ന ഒരു അപായംമുതൽ അവരുടെ പൊതുയോഗങ്ങൾവരെ, ഒരു അപ്രന്റീസിനോടു മര്യാദകേടായി പെരുമാറിയതുമുതൽ കമ്പനിയുടെ ലാഭചേതക്കണക്കുവരെ, ഫാക്ടറിയിൽ നടക്കുന്നതും ഏതെങ്കിലും തരത്തിൽ സാമൂഹ്യസാമ്പത്തികപ്രാധാന്യമുള്ളതുമായ എല്ലാ സംഭവങ്ങളും ഉടനെ പത്രത്തിനു റിപ്പോർട്ടുചെയ്യണം. ട്രേഡ്‌യൂനിയനുകളുടെ പൊതുയോഗങ്ങളും പ്രവർത്തകക്കമ്മിററിയോഗങ്ങളും അംഗീകരിക്കുന്ന എല്ലാ പ്രധാനപ്രമേയങ്ങളും തീരുമാനങ്ങളും, അതുപോലെതന്നെ നമ്മുടെ എതിരാളികളുടെ സവിശേഷപ്രവൃത്തികളും നമ്മുടെ ഫ്രാക്ഷനുകൾ പത്രത്തെ അറിയിക്കണം. തെരുവുകളിലും പൊതുയോഗങ്ങളിലും നടക്കുന്ന എത്രയോ സംഭവങ്ങൾ, അവയെ ശ്രദ്ധിക്കുന്ന ഒരു പാർട്ടിമെമ്പർക്ക് സാമൂഹ്യവിമർശനം നടത്താൻ പലപ്പോഴും അവസരം നൽകും; അവയെ വിസ്തരിച്ചു പത്രത്തിൽ റിപ്പോർട്ടുചെയ്താലോ, നമ്മുടെ പത്രം നാട്ടുകാരുടെ നിത്യജീവിതാവശ്യങ്ങളെ കാണാൻ തുടങ്ങിയിരിക്കുന്നുവെന്ന് അത്രയൊന്നും ശ്രദ്ധയില്ലാത്ത വായനക്കാരനുകൂടി കാണിച്ചുകൊടുക്കുകയും ചെയ്യും.

തൊഴിലാളികളുടേയും തൊഴിലാളിവർഗ്ഗസംഘടനകളുടേയും ജീവിതത്തിൽനിന്നുള്ള ഇത്തരം റിപ്പോർട്ടുകളെ പത്രാധിപസമിതി പ്രത്യേകമായ ശ്രദ്ധയോടും സ്നേഹത്തോടുംകൂടി എടുത്തു പെരുമാറണം; നമ്മുടെ പത്രവും തൊഴിലാളികളുടെ ജീവിതവും തമ്മിലുള്ള അടുത്ത ബന്ധത്തിന്റെ ഒരു ബോധമുണ്ടാക്കാൻ സഹായിക്കുന്ന തരത്തിൽ ചെറുറിപ്പോർട്ടുകളായി അവ കൊടുക്കണം; അല്ലെങ്കിൽ, കമ്മ്യൂണിസത്തിന്റെ സിദ്ധാന്തങ്ങളെ വിശദീകരിക്കാനുപകരിക്കുന്ന, തൊഴിലാളികളുടെ നിത്യജീവിതത്തിൽനിന്നുള്ള പ്രായോഗികാനുഭവങ്ങളായി അവയെ ഉപയോഗപ്പെടുത്താം. കഴിയുമെങ്കിൽ, പത്രാധിപസമിതി നിത്യേന സൌകര്യമുള്ള സമയത്തു തങ്ങളെ കാണാൻ വരുന്ന തൊഴിലാളികളുമായി സംസാരിക്കാൻ നിശ്ചിതമണിക്കൂറുകൾ നീക്കിവെക്കേണ്ടതാണ്; തൊഴിലാളികളുടെ ആഗ്രഹങ്ങളും ജീവിതവിഷമതകളെക്കുറിച്ചുള്ള ആവലാതികളും അവർ കേൾക്കണം; അവയെ കുറിച്ചെടുക്കുകയും പാർട്ടിയുടെ അറിവിന്നായുപയോഗപ്പെടുത്തുകയും വേണം.

മുതലാളിത്തവ്യവസ്ഥയിൻകീഴിൽ നമ്മുടെ പത്രങ്ങൾക്ക പരിപൂൎണ്ണമായും കമ്മ്യൂണിസ്റ്റ് പ്രവൎത്തകന്മാരുടെ ഒരു കൂട്ടുകെട്ടായിത്തീരാൻ സാദ്ധ്യമല്ലെന്ന തീൎച്ചയാണ്. എങ്കിലും, ഏററവും വിഷമമായ സാഹചൎയ്യങ്ങളിൽക്കൂടി, അത്തരമൊരു വിപ്ലവകരമായ പത്രം സംഘടിപ്പിക്കുന്നതിൽ കുറെയൊക്കെ വിജയം നേടാൻ സാധിയ്ക്കേണ്ടതാണ്. 1912–13 കാലത്തു നമ്മുടെ റഷ്യൻസഖാക്കൾ നടത്തിയ "പ്രാവ്ദ" ഇതു തെളിയിച്ചിട്ടുണ്ട്. ഏററവും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെ വൎഗ്ഗബോധത്തോടുകൂടിയ വിപ്ലവപ്രവൎത്തകരുടെ സജീവവും സ്ഥിരവുമായ ഒരു സംഘടനയായിരുന്ന ആ പത്രം പത്രം എഡിററ് ചെയ്യാനും പ്രസിദ്ധീകരിക്കാനും വിതരണം നടത്താനും സഖാക്കൾ അവരുടെ കൂട്ടായ കഴിവുകളെയാകെ ഉപയോഗപ്പെടുത്തി; തങ്ങളുടെ മററു ജോലികളുടെ കൂട്ടത്തിലും തങ്ങളുടെ സമ്പാദ്യത്തിൽനിന്ന് ആവശ്യമായ പണം എടുത്തുമാണ എത്രയോ സഖാക്കളിതു ചെയ്തതു്. പത്രമാകട്ടെ, അവരാഗ്രഹിച്ച ഏററവും നല്ല സംഗതികൾ, അന്ന് അതാതുസന്ദൎഭത്തിൽ അവൎക്കാവശ്യമുണ്ടായിരുന്നതും ഇന്നും അവൎക്ക് അവരുടെ സമരത്തിലും പ്രവൎത്തനത്തിലും ഉപയോഗിക്കാവുന്നതുമായ സംഗതികൾ, അവൎക്ക നൽകുകയും ചെയ്തു. അത്തരമൊരു പത്രത്തെ പാർട്ടിമെമ്പർമാരും മററു വിപ്ലവപ്രവൎത്തകരും "നമ്മുടെ പത്ര"മെന്ന ശരിക്കും വാസ്തവമായും വിളിക്കും.

40. ഒരു ഉശിരൻ കമ്മ്യൂണിസ്റ്റ് പത്രത്തിന്ന ഒഴിച്ചുകൂടാത്ത പ്രധാനസംഗതി പാർട്ടി നടത്തുന്ന പ്രക്ഷോഭങ്ങളിൽ നേരിട്ടു പങ്കെടുക്കുകയാണ്. ഒരു പ്രത്യേകകാലത്തു പാർട്ടിയുടെ പ്രവൎത്തനം ഏതെങ്കിലുമൊരു പ്രത്യേക പ്രക്ഷോഭത്തിലാണ് കേന്ദ്രീകരിച്ചിട്ടുള്ളതെങ്കിൽ, ആ പ്രക്ഷോഭത്തെ സഹായിക്കാൻവേണ്ടി പത്രത്തിന്റെ മുഖപ്രസംഗപംക്തികൾ മാത്രമല്ല, എല്ലാ വകുപ്പുകളും നീക്കിവെയ്ക്കേണ്ടതു് അതിന്റെ കടമയാകുന്നു. പത്രാധിപസമിതി ഈ പ്രക്ഷോഭത്തിന്ന ബലംകൂട്ടാനാവശ്യമായ എല്ലാ വിവരങ്ങളും ശേഖരിയ്ക്കണം; അവയെ ഉള്ളടക്കത്തിലും രൂപത്തിലും പത്രത്തിലാകെ ഉൾക്കൊള്ളിക്കുകയും വേണം.

41. "നമ്മുടെപത്ര"ത്തിന്ന വരിക്കാരെ ചേൎക്കുന്ന കാൎയ്യം ഒരു പതിവുതന്നെയാകണം. തൊഴിലാളികളെ ഇളക്കുന്ന ഓരോ അവസരത്തേയും ഏതെങ്കിലും പ്രത്യേകസംഭവംകൊണ്ടു തൊഴിലാളികളുടെ രാഷ്ട്രീയ–സാമൂഹ്യബോധം തട്ടിയുണൎത്തപ്പെടുന്ന ഓരോ സാഹചൎയ്യത്തേയും ഉപ

യോഗപ്പെടുത്തുകയാണു് ആദ്യംവേണ്ടതു്. ഉദാഹരണത്തിന്നു്, വലിയൊരു പണിമുടക്കസമരവും ലോക്കൌട്ടും നടന്നതിന്നുശേഷം — ആ കാലത്തു നമ്മുടെ പത്രം തൊഴിലാളികളുടെ താല്പര്യങ്ങൾക്കുവേണ്ടി പരസ്യമായും ഊർജ്ജിതമായും വാദിച്ചിട്ടുണ്ടാവും – അതിൽ പങ്കെടുത്തവരുടെയിടയിൽ വരിക്കാരെ ചേർക്കാനുള്ള ഒരു പ്രസ്ഥാനം സംഘടിപ്പിക്കുകയും നടത്തുകയും വേണം. കമ്മ്യൂണിസ്റ്റ്കാർ പ്രവർത്തിക്കുന്ന വ്യവസായങ്ങളിൽ മാത്രമല്ല, പണിമുടക്കത്തിൽ പങ്കെടുത്ത വ്യവസായങ്ങളിലെ ട്രേഡ്യൂണിയൻ ബ്രാഞ്ചുകളുടെയിടയിൽ മാത്രമല്ല, കഴിയുന്നേടത്തെല്ലാം വരിക്കാരായി ചേരാനുള്ള ലിസ്റ്റ്കളും ഓർഡർപുസ്തകങ്ങളും വിതരണം ചെയ്യണം; പത്രത്തിന്നുവേണ്ടി പ്രചാരവേല നടത്തുന്ന തൊഴിലാളികളുടെ ഗ്രൂപ്പുകൾ വീടുതോറും കയറിയിറങ്ങി വരിക്കാരെ ചേർക്കണം.

അതുപോലെത്തന്നെ, തൊഴിലാളികളെ ആവേശംകൊള്ളിച്ച ഓരോ തിരഞ്ഞെടുപ്പ്പ്രക്ഷോഭത്തിന്നു ശേഷവും, അതിന്നുവേണ്ടി പ്രത്യേകം നിശ്ചയിച്ച ഗ്രൂപ്പുകൾ തൊഴിലാളികളുടെ വീടുകൾ സന്ദർശിച്ചു തൊഴിലാളികളുടെ പത്രത്തിന്നുവേണ്ടി ഇടതടവില്ലാതെ പ്രചാരവേല നടത്തണം.

വിലക്കൂടുതലിലും തൊഴിലില്ലായ്മയിലും വല്ലതെയധികം വേലക്കാരെ ബാധിക്കുന്ന മററു കുഴപ്പങ്ങളിലും സ്വയം പ്രത്യക്ഷപ്പെടുന്ന, ആസന്നമായ, സാമ്പത്തികരാഷ്ട്രീയക്കുഴപ്പങ്ങളുടെ കാലത്തു [illegible]ച്ചു സംഘടിതരായ വേലക്കാരുടെ ആനുകൂല്യം സമ്പാദിക്കാനും അവരെ പ്രവർത്തകഗ്രൂപ്പുകളായി സംഘടിപ്പിച്ചു വീടുവീടാന്തരം പത്രത്തിന്നുവേണ്ടി പ്രചാരവേല ചെയ്യിയ്ക്കാനും എല്ലാ ശ്രമങ്ങളും നടത്തണം. പത്രത്തിന്നു വരിക്കാരെ ചേർക്കാൻ പററിയ ഏററവും നല്ല സമയം ഓരോ മാസത്തിലേയും അവസാനത്തെ ആഴ്ചയാണെന്നു് അനുഭവം തെളിയിച്ചിരിക്കുന്നു. ഓരോ മാസത്തിലേയും ഈ അവസാനത്തെ ആഴ്ചകളിലൊന്നുപോലും പത്രത്തിന്നുവേണ്ടിയുള്ള പ്രചാരവേലയ്ക്കുപയോഗിക്കാതെ കടന്നുപോകാനനുവദിയ്ക്കുന്ന പ്രാദേശികഗ്രൂപ്പുകൾ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം വളത്തുന്ന കാര്യത്തിൽ ഗുരുതരമായ ഒരു കൃത്യവിലോപമാണ് കാണിക്കുന്നതു്. പത്രപ്രചരണം നടത്തുന്ന പ്രവർത്തകഗ്രൂപ്പുകൾ യാതൊരു പൊതുയോഗത്തേയും പ്രകടനത്തേയും ഒഴിച്ചുവിടരുതു്; അവയുടെ ആരംഭത്തിലും ഇടക്കുള്ള ഒഴിവുസമയങ്ങളിലും അവസാനത്തിലും വരിസംഖ്യാപുസ്തകങ്ങളുമായി അവർ അവിടെ ഉണ്ടായിരിയ്ക്കണം. ട്രേഡ്യൂണിയന്റെ ഓരോ

യോഗത്തിലും പങ്കെടുക്കുന്ന നമ്മുടെ ട്രേഡ്‌യൂനിയൻ ഫ്രാക്ഷനും ഫാക്ടറി ഡിപ്പാർട്ടുമെന്റ് പൊതുയോഗങ്ങളിൽ അവയിലെ പാർട്ടിഗ്രൂപ്പുകൾക്കും ഇതേ കടമകൾതന്നെയുണ്ട്.

42 ഓരോ പാർട്ടിമെമ്പറും നമ്മുടെ പാർട്ടിപത്രത്തെ അതിന്റെ ശത്രുക്കൾക്കെതിരായി ഇടതടവില്ലാതെ സംരക്ഷിക്കണം; മുതലാളിപത്രങ്ങൾക്കെതിരായി ഊർജ്ജിതമായ പ്രചാരവേല നടത്തുകയും വേണം. മുതലാളിപത്രങ്ങളുടെ കൊള്ളരുതായ്മയും കള്ളത്തരങ്ങളും വാർത്തകൾ പൂഴ്ത്തിവെക്കലും ഇരുതല കുത്തലും നാം തുറന്നുകാട്ടുകയും എടുത്തുകാണിക്കുകയും വേണം. സോഷ്യൽ ഡെമോക്രാററിക്കുപത്രങ്ങളേയും 'സ്വതന്ത്ര' പത്രങ്ങളേയും, കക്ഷിവഴക്കു പിടിച്ചു നിസ്സാരവാദപ്രതിവാദങ്ങളിലേപ്പെടാതെ, നിത്യേനയെന്നോണം ഏററവും പരസ്യമായ വർഗ്ഗവൈരുദ്ധ്യങ്ങളെ മൂടിവെക്കുന്നതിൽ അവയെടുക്കുന്ന വഞ്ചനാപരമായ നിലയെ ഇടതടവില്ലാതെ തുറന്നുകാട്ടുന്ന, മൂർച്ചയേറിയ വിമർശനംകൊണ്ടു് നാം നിരന്തരം നേരിടണം. ഈ സോഷ്യൽ ഡെമോക്രാററിക്ക് പത്രങ്ങളുടെ വഴിതെററിപ്പിക്കുന്നതും മുരടിപ്പിക്കുന്നതുമായ സ്വാധീനശക്തിയിൽനിന്നു ട്രേഡ്‌യൂനിയനുകളിലും മററു തൊഴിലാളിസംഘടനകളിലുംപെട്ട വേലക്കാരെ വിമോചിപ്പിക്കുന്നതിന്നായി അവയിലെ നമ്മുടെ ഫ്രാക്ഷനുകൾ സംഘടിതമായ രീതിയിൽ പരിശ്രമിക്കണം. എന്നുതന്നെയല്ല, നമ്മുടെ പത്രത്തിന്നുവേണ്ടി പ്രത്യേകിച്ചും വ്യവസായത്തൊഴിലാളികളുടെയിടയിൽ വീടുവീടാന്തരം നാം നടത്തുന്ന പ്രചാരവേല സോഷ്യൽഡെമോക്രാററിക്കുപത്രങ്ങൾക്കെതിരായി നാം സമർത്ഥമായി തിരിച്ചുവിടുകകൂടി ചെയ്യണം.

## VIII. പാർട്ടിസംഘടനയുടെ ആന്തരസ്വരൂപം

43 പടർന്നുപിടിക്കുകയും സ്വയം കോട്ടകെട്ടിയുറപ്പിക്കുകയും ചെയ്യുന്ന പാർട്ടിസംഘടന കേവലം ഭൂമിശാസ്ത്രപരമായ അതിർത്തിവിഭജനങ്ങളെ അടിസ്ഥാനമാക്കിയുള്ള പദ്ധതിയനുസരിച്ചല്ല കെട്ടിപ്പൊക്കേണ്ടതു്; അതാതു ജില്ലയുടെ രാഷ്ട്രീയ–സാമ്പത്തിക–ഗതാഗതസാഹചര്യങ്ങൾക്കനുസരിച്ചായിരിക്കണം. സംഘടനയുടെ ഊക്കം പ്രധാനനഗരങ്ങളിലും വലിയ വ്യവസായകേന്ദ്രങ്ങളിലും കേന്ദ്രീകരിക്കുകയും വേണം.

ഒരു പുതിയ പാർട്ടി കെട്ടിപ്പടുക്കുന്ന സമയത്തു രാജ്യത്തിന്റെ എല്ലാ ഭാഗത്തും ഒരൊററയടിക്കു പാർട്ടിസംഘടനയെ വ്യാപിപ്പിക്കുന്നതിനുള്ള ഒരു വാസന സാധാരണയായുണ്ടാകാനിടയുണ്ടു്. അതായതു്, പാർട്ടിക്കു എടുത്തുപയോഗിക്കാനുള്ള പ്രവർത്തകന്മാരുടെ എണ്ണം ക്ലിപ്തമാണെന്ന വാസ്തവത്തെ അവഗണിച്ചുകൊണ്ടു്, ഉള്ള സ്വല്പം പ്രവർത്തകരെ നാനാഭാഗത്തുമായി ചിന്നിച്ചിതറുന്നു. പാർട്ടിയുടെ വളർച്ചയെയും പുതിയ മെമ്പർമാരെ ചേർക്കാനുള്ള കഴിവിനേയും ഇതു ക്ഷീണിപ്പിക്കുന്നു. ഇതിന്റെ ഫലം, വിപുലമായ തോതിൽ എങ്ങും പാർട്ടിയാപ്പീസുകൾ പൊങ്ങിവരുന്നതു നമുക്കു കാണാം; പക്ഷേ, ഒരു സ്ഥലത്തും പ്രധാനവ്യവസായകേന്ദ്രങ്ങളിൽപ്പോലും ഒരു നില കിട്ടുന്നതിന്നു പാർട്ടിക്കൊട്ടു സാധിക്കുകയുമില്ല

44 അങ്ങേയററം പാർട്ടി പ്രവർത്തനത്തെ കേന്ദ്രീകരിക്കുന്നതിന്നു വേണ്ടി, പാർട്ടിനേതൃത്വത്തെ ഒന്നിനുമേലെയൊന്നായുള്ള കുറെ ഗ്രൂപ്പുകളടങ്ങുന്ന ഒരു ശ്രേണീമേധാവിത്വമായി വിഭജിക്കുന്നതു ശരിയായിരിക്കുകയില്ല. സാമ്പത്തിക-രാഷ്ട്രീയകാര്യങ്ങളിലും ഗതാഗതത്തിന്റെ കാര്യത്തിലും കേന്ദ്രമായ ഓരോ വലിയ പട്ടണത്തേയും അടിസ്ഥാനമാക്കി, ആ പ്രദേശത്തും തൊട്ടുകിടക്കുന്ന രാഷ്ട്രീയസാമ്പത്തികജില്ലകളിലേക്കും വ്യാപിക്കുകയും പാർട്ടി സംഘടനകളുടെ ഒരു വലക്കെട്ടുണ്ടാക്കുകയുമായിരിക്കണം നമ്മുടെ ലക്ഷ്യം. ആ വലിയ കേന്ദ്രത്തിലെ പാർട്ടിക്കമ്മിററി പാർട്ടിശരീരത്തിന്റെ ശിരസ്സായിത്തീരണം; ജില്ലയിലെ പാർട്ടി സംഘടനാപ്രവർത്തനമാകെ നടത്തണം; ഓരോ സ്ഥലത്തേയും പാർട്ടിമെമ്പർമാരുമായടുത്ത ബന്ധംവെച്ചു പാർട്ടിയുടെ നയത്തെ നിയന്ത്രിക്കണം.

പാർട്ടിയുടെ ജില്ലാസമ്മേളനത്തിൽവെച്ചു തിരഞ്ഞെടുക്കപ്പെട്ടവരും കേന്ദ്രകമ്മിററി അംഗീകരിച്ചവരുമായ, ഇത്തരമൊരു ജില്ലയുടെ സംഘടകന്മാർ പ്രാദേശികസംഘടനകളുടെ പാർട്ടിജീവിതത്തിൽ സജീവമായി പങ്കെടുക്കാൻ കടപ്പെട്ടവരാണു്. ജില്ലാപാർട്ടിക്കമ്മിററിയും ജില്ലയിലെ ബഹുജനങ്ങളും തമ്മിൽ അടുത്ത ബന്ധം പുലർത്താൻവേണ്ടി സ്ഥലത്തെ പാർട്ടിപ്രവർത്തകന്മാരിൽനിന്നു മെമ്പർമാരെയെടുത്തു കമ്മിററിയെ നിരന്തരം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കണം. സംഘടന വളർന്നുകൊണ്ടിരിക്കുന്നതോടുകൂടി, ജില്ലയിലെ പ്രധാനപാർട്ടിക്കമ്മിററിയെ അവിടത്തെ പ്രധാനരാഷ്ട്രീയനേതൃത്വസംഘടനകൂടിയാക്കാനുള്ള ശ്രമ

ങ്ങൾ നടത്തണം. അങ്ങിനെ ജില്ലയിലെ പാർട്ടിക്കമ്മിററി, കേന്ദ്രക്കമ്മിററിയോടുകൂടി, പൊതുവിൽ പാർട്ടിസംഘടനയുടെയാകെ യഥാർത്ഥനേതൃത്വഘടകമായിത്തീരണം.

പാർട്ടിജില്ലകളുടെ അതിരുകൾ സ്വാഭാവികമായും ആ പ്രദേശത്തിന്റെ ഗവമ്മേൻറതിരുകളായിരിയ്ക്കുകയില്ല. ജില്ലയുടെ എല്ലാ പ്രാദേശികസംഘടനകളുടേയും പ്രവത്തനങ്ങളെ ഒരേ രീതിയിൽ നയിക്കാൻ ജില്ലാക്കമ്മിററിക്കു സാധിക്കുമോ എന്നതാണ് നിർണ്ണായകമായ സംഗതി. ഇതു അസാദ്ധ്യമായിത്തീരുമ്പോൾ, ജില്ലയെ വിഭജിക്കുകയും പുതിയ പാർട്ടിജില്ലകൾ രൂപീകരിക്കുകയും വേണം.

വലിയ രാജ്യങ്ങളിൽ, കേന്ദ്രക്കമ്മിററിയേയും പ്രാദേശികഘടകങ്ങളേയും കൂട്ടിയിണക്കുന്ന കണ്ണികളായി ഇടക്കു മററു ചില സംഘടനകളുണ്ടാക്കുന്നതും ആവശ്യമായിരിക്കും. പ്രത്യേകസാഹചയ്യങ്ങളിൽ ഈ സംഘടനകളിൽ ചിലതിന്ന് — നല്ല മെമ്പർഷിപ്പുള്ള വലിയ ഒരു പട്ടണത്തിലെ പാർട്ടിസംഘടന ഉദാഹരണമായിപ്പറയാം — നേതൃസ്ഥാനം കൊടുക്കുന്നതും ആശാസ്യമായേക്കാം: പക്ഷേ, ഒരു പൊതുനിയമമെന്ന നിലക്കു കേന്ദ്രീകരണമില്ലാതാക്കുന്ന ഇത്തരം നടപടികൾ കൂടാതെ കഴിയ്ക്കണം.

45. ഇടക്കുള്ള കൂടുതൽ വലിയ സംഘടനകൾ പ്രാദേശികപാർട്ടിസംഘടനകളിൽനിന്നു രൂപീകരിയ്ക്കപ്പെടുന്നു: അതായത്, ചെറിയ പട്ടണങ്ങളേയും ജില്ലകളേയും ഒരു വലിയ പട്ടണത്തിലെ വിവിധഭാഗങ്ങളെയും, അല്ലെങ്കിൽ കുറേ വില്ലേജുഗ്രൂപ്പുകളെ, ഉൾക്കൊള്ളുന്ന സംഘടനകൾ.

ഒരു നിയമവിധേയസംഘടനയായി നിലനില്ക്കുന്ന സമയത്ത് എല്ലാ പാർട്ടിമെമ്പർമാരേയും ഉൾക്കൊള്ളുന്ന ജനറൽബോഡിയോഗങ്ങൾ കൂടാൻ സാദ്ധ്യമല്ലാത്തവിധത്തിൽ ഏതെങ്കിലും പ്രാദേശികപാർട്ടിസംഘടന വളർന്നുകഴിഞ്ഞാൽ, അതിനെ വിഭജിയ്ക്കണം.

ഏതു പാർട്ടിസംഘടനയിലും ദൈനന്ദിനപ്രവത്തനത്തിന്നുവേണ്ടി മെമ്പർമാരെ ഗ്രൂപ്പുകളായി തിരിയ്ക്കേണ്ടതാണ്. വലിയ സംഘടനകളിൽ ഈ ഗ്രൂപ്പുകളെത്തന്നെ വെവ്വേറെ ഒന്നിച്ചുചേക്കുന്നതും ആവശ്യമായിരിയ്ക്കും. നിയമേന ഒരേ സ്ഥലത്തു പ്രവത്തിക്കുകയോ താമസിക്കുകയോ ചെയ്യുന്ന മെമ്പർമാരെ ഒരേ ഗ്രൂപ്പിൽ പെടുത്തേണ്ടതാണ്; തങ്ങളുടെ ദൈനന്ദിനപ്രവത്തനത്തിൽ അവക്കു പരസ്പരം കാണാൻ സൌകര്യ

മുണ്ടായിരിയ്ക്കണം. ഗ്രൂപ്പുകളെത്തന്നെ ഒന്നിച്ചുചേൎക്കുന്നതിന്റെ ഉദ്ദേശം, ഈ ചെറിയ പ്രവൎത്തകഗ്രൂപ്പുകൾക്കു പാർട്ടിപ്രവൎത്തനം വീതിച്ചുകൊടുക്കുന്നതിന്നും ഭാരവാഹികളിൽനിന്നു റിപ്പോർട്ടു കിട്ടുന്നതിന്നും പാർട്ടി മെമ്പർഷിപ്പിന്നുള്ള സ്ഥാനാൎത്ഥികളെ പരിശീലിപ്പിക്കുന്നതിന്നും സൌകൎയ്യമുണ്ടാവുകയാണു്.

46. പാർട്ടിയാകെ കമ്മ്യൂന്നിസ്റ്റ് ഇന്റർനാഷനലിന്റെ നിയന്ത്രണത്തിൻകീഴിലായിരിയ്ക്കണം. ഇന്റർനാഷനലിനോടു് അഫിലിയേറ്റ് ചെയ്ത പാർട്ടികളെ ബാധിക്കുന്ന കാൎയ്യങ്ങളെപ്പററി ഇന്റർനാഷനലിന്റെ എക്സിക്യൂട്ടീവ് എടുക്കുന്ന തീരുമാനങ്ങളും നിർദ്ദേശങ്ങളും അയയ്ക്കുന്നതു് (1) അതാതു പാർട്ടിയുടെ കേന്ദ്രക്കമ്മിററിയ്ക്കോ, (2) കേന്ദ്രക്കമ്മിററിവഴി ഏതെങ്കിലും പ്രത്യേകക്കമ്മിററിയ്ക്കോ (3) പാർട്ടിമെമ്പർമാൎക്കാകെയോ ആയിരിയ്ക്കും.

ഇന്റർനാഷനലിന്റെ നിർദ്ദേശങ്ങളും തീരുമാനങ്ങളും നടപ്പിൽവരുത്താൻ ഓരോ പാർട്ടിയും, അതുകൊണ്ടു് ഓരോ പാർട്ടിമെമ്പറും ബാദ്ധ്യസ്ഥരാണ്.

47. പാർട്ടിയുടെ കേന്ദ്രക്കമ്മിററി പാർട്ടികോൺഗ്രസ്സിൽവെച്ചു തിരഞ്ഞെടുക്കപ്പെടുകയും അതിനോടുത്തരവാദപ്പെട്ടിരിക്കുകയും ചെയ്യുന്നു. കേന്ദ്രക്കമ്മിററി അതിലെ മെമ്പർമാരിൽനിന്നു രാഷ്ട്രീയപ്രവൎത്തനത്തിന്നായി രണ്ടു സബ്കമ്മിററികളുൾപ്പെടുന്ന ഒരു ചെറിയ കമ്മിററിയെ തിരഞ്ഞെടുക്കുന്നു. ഈ രണ്ടു സബ്കമ്മിററികളാണ് പാർട്ടിയുടെ രാഷ്ട്രീയവും ദൈനന്ദിനവുമായ പ്രവൎത്തനത്തിന്റെ ചുമതല വഹിക്കുന്നതു്. കേന്ദ്രക്കമ്മിററിയുടെ കൃത്യമായ സംയുക്തയോഗങ്ങൾക്കു് ഈ സബ്കമ്മിററികൾ (അല്ലെങ്കിൽ ബ്യൂറോ) ഏൎപ്പാടു ചെയ്യുന്നു; അടിന്തരപ്രാധാന്യമുള്ള തീരുമാനങ്ങളെടുക്കേണ്ടതു് ഈ യോഗങ്ങളിൽവെച്ചാണ്. പൊതുരാഷ്ട്രീയസ്ഥിതിയെപ്പററി പഠിക്കാനും പാർട്ടിയ്ക്കകത്തെ സ്ഥിതിഗതികളുടെ വിശദമായ ഒരു രൂപം കിട്ടാനും വേണ്ടി, പാർട്ടിയുടെയാകെ ജീവിതത്തെ ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കേണ്ട സന്ദൎഭങ്ങളിൽ വിവിധപ്രാദേശികസംഘടനകളുടെ പ്രതിനിധികളെക്കൂടി കേന്ദ്രക്കമ്മിററിയിൽ ഉൾപ്പെടുത്തേണ്ടതാവശ്യമാണ്. ഇതേ കാരണംകൊണ്ടുതന്നെ, സമരതന്ത്രങ്ങളെ സംബന്ധിച്ചുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ, കാൎയ്യമായവയാണെങ്കിൽ, കേന്ദ്രക്കമ്മിററി അമൎത്തിവെക്കാൻ പാ

ട്ടുള്ളതല്ല. നേരെമറിച്ച്, ഈ അഭിപ്രായഗതികൾക്കും കേന്ദ്രക്കമ്മിററിയിൽ പ്രാതിനിധ്യം കൊടുക്കണം. പക്ഷേ ചെറിയ ബ്യൂറോ (പോളിററ്ബ്യൂറോ) നടത്തേണ്ടതു് ഒരേ അഭിപ്രായക്കാരായവരെക്കൊണ്ടാണതാനും; സുദൃഢവും തീർച്ചയുമായ ഒരു നയം നടപ്പിൽവരുത്താൻവേണ്ടി പോളിററ്ബ്യൂറോവിന്നു് അതിന്റെ സ്വന്തം അധികാരശക്തിയേയും കേന്ദ്രക്കമ്മിററിയിലെ ഗണ്യമായ ഭൂരിപക്ഷത്തേയുംതന്നെ ആശ്രയിക്കാൻ കഴിയണം.

ഈയൊരു അടിസ്ഥാനത്തിൽ കാര്യങ്ങൾ നടത്തുന്ന പാർട്ടിയുടെ കേന്ദ്രക്കമ്മിററിക്കു് — വിശേഷിച്ചും നിയമവിധേയമാണെങ്കിൽ — ഏററവും കുറഞ്ഞ സമയത്തിന്നുള്ളിൽ പാർട്ടിമെമ്പർഷിപ്പിന്റെ നിരുപാധികമായ വിശ്വാസമാവശ്യപ്പെടുന്ന അച്ചടക്കത്തിന്നു് ഒരു ഉറച്ച അടിസ്ഥാനം സൃഷ്ടിക്കാനും, അതേസമയംതന്നെ ചാഞ്ചാട്ടങ്ങളേയും പാളിച്ചകളേയും പ്രത്യക്ഷമാക്കുന്ന അഭിപ്രായഗതികൾ തലപൊക്കുന്നതോടെതന്നെ അവയെ ഇല്ലായ്മചെയ്യാനും കഴിവുണ്ടാകും. ഒരു പാർട്ടികോൺഗ്രസ്സിന്റെ മുമ്പിൽ തീരുമാനത്തിന്നായി കൊണ്ടുവരേണ്ട ഘട്ടം എത്തുന്നതിന്നു മുമ്പുതന്നെ, പാർട്ടിയിലെ ഇത്തരം തകരാറുകളെ തീർക്കാവുന്നതാണ്.

48. പ്രവത്തനത്തിന്റെ വിവിധശാഖകളിൽ കാര്യക്ഷമതയുണ്ടാക്കാൻവേണ്ടി ഓരോ പ്രധാനപാർട്ടിക്കമ്മിററിയും അതിന്റെ ചുമതലകൾ കമ്മിററിമെമ്പർമാർക്കു് വീതിച്ചുകൊടുക്കണം. ഇതിന് പല പ്രത്യേകക്കമ്മിററികളേയും രൂപീകരിക്കുന്നതാവശ്യമായിത്തീർന്നേക്കാം — ഉദാഹരണമായി പ്രചാരവേല, പത്രംനടത്തിപ്പ്, ട്രേഡ്യൂനിയൻപ്രക്ഷോഭം, വിവിധപാർട്ടിഘടകങ്ങളുമായി ബന്ധംവെക്കൽ മുതലായവക്കുള്ള കമ്മിററികൾ. ഈ പ്രത്യേകക്കമ്മിററികൾ കേന്ദ്രക്കമ്മിററിയുടേയോ ജില്ലാക്കമ്മിററിയുടേയോ കീഴിലായിരിക്കും.

എല്ലാ പാർട്ടിക്കമ്മിററികളുടേയും പ്രവർത്തനത്തിന്റെയെന്നപോലെ രൂപീകരണത്തിന്റേയും നിയന്ത്രണം അതാതു ജില്ലാക്കമ്മിററികളുടേയും, അവസാനമായി കേന്ദ്രക്കമ്മിററിയുടേയും കയ്യിലായിരിക്കണം. പത്രാധിപന്മാർ, പ്രചാരകന്മാർ, സംഘടകന്മാർ മുതലായി വിവിധപാർട്ടിപ്രവർത്തനത്തിന്റെ ചുമതലയേല്പിക്കപ്പെട്ടിട്ടുള്ള ആളുകളുടെ സ്ഥാനവും ജോലിയും, പാർട്ടിപ്രവർത്തനത്തിന്നു വളരെയധികം തകരാറുണ്ടാകാത്ത തരത്തിൽ, ഇടക്കിടെ മാറേറണ്ടതു് ആവശ്യമായിത്തീർന്നേക്കാം.

പത്രാധിപന്മാരും പ്രചാരകന്മാരും ഏതെങ്കിലുമൊരു പാർട്ടിഗ്രൂപ്പിൽ ചേർന്നു കൃത്യമായ പാർട്ടിപ്രവർത്തനത്തിൽ പങ്കെടുക്കണം.

49. എല്ലാ കമ്മ്യൂണിസ്റ്റ് സംഘടനകളിൽനിന്നും അവയുടെ മുഖപത്രങ്ങളിൽനിന്നും പാർട്ടിമെമ്പർമാരിൽനിന്നും ആനുകാലികമായി പരിപൂർണ്ണമായ റിപ്പോർട്ടുകളാവശ്യപ്പെടാൻ പാർട്ടിയുടെ കേന്ദ്രക്കമ്മിററിക്കും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്നും അധികാരമുണ്ട്. കേന്ദ്രക്കമ്മിററിയുടെ പ്രതിനിധികളേയും കമ്മിററി അധികാരപ്പെടുത്തുന്ന സഖാക്കളേയും പാർട്ടിഘടകങ്ങളുടെ എല്ലാ യോഗങ്ങളിലും സമ്മേളനങ്ങളിലും പങ്കെടുക്കാനനുവദിക്കണം; അവക്ക് വോട്ടുചെയ്യാൻതന്നെ അധികാരമുണ്ട്. വിവിധജില്ലകളിലേയും റീജിയനുകളിലേയും പ്രധാനപാർട്ടിഘടകങ്ങൾക്ക്, രാഷ്ട്രീയകാര്യങ്ങളും പാർട്ടിസംഘടനയും സംബന്ധിച്ച കാര്യങ്ങളെപ്പററി, കത്തുകളും സർക്കുലറുകളുംവഴി മാത്രമല്ലാതെ, നേരിട്ടുകണ്ടു സംസാരിച്ചും ഉത്തരവാദപ്പെട്ട ആളുകൾ മുഖാന്തരവും നിർദ്ദേശങ്ങളും വിവരങ്ങളും കൊടുക്കാനുള്ള കമ്മിസ്സാർമാർ—പ്രതിനിധികൾ—കേന്ദ്രക്കമ്മിററിയുടെ കീഴിലുണ്ടായിരിക്കണം.

പാർട്ടിയുടെ എല്ലാ സംഘടനകൾക്കും ശാഖകൾക്കും ഓരോ മെമ്പർക്കും തങ്ങളുടെ ആഗ്രഹങ്ങളും അഭിപ്രായങ്ങളും വിമർശനങ്ങളും ആവലാതികളും എല്ലായ്പോഴും നേരിട്ടു കേന്ദ്രക്കമ്മിററിയേയോ കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിനേയോ അറിയിക്കാനുള്ള അവകാശമുണ്ട്.

50. പ്രധാനപാർട്ടിഘടകങ്ങളുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും അനുസരിക്കേണ്ടതു കീഴ്ഘടകങ്ങളുടേയും മെമ്പർമാരുടേയും ചുമതലയാണ്. പ്രധാനപാർട്ടിഘടകങ്ങളുടെ ചുമതലകളും, തങ്ങളുടെ സ്ഥാനത്തെ ദുരുപയോഗപ്പെടുത്തുകയോ ചുമതലകളിൽ വീഴ്ച വരുത്തുകയോ ചെയ്യുന്നതിനെ തടയേണ്ട ബാദ്ധ്യതയും ഔപചാരികമായ രീതിയിൽ മുഴുവനും തീരുമാനിക്കാൻ സാദ്ധ്യമല്ല. നിയമവിരുദ്ധപ്പാർട്ടികളിലെപ്പോലെ ഔപചാരികമായ ഉത്തരവാദിത്വം എത്രകണ്ടു കുറയുന്നുവോ, അത്രകണ്ടു കൂടുതലാണ്, പാർട്ടിമെമ്പർമാരുടെ അഭിപ്രായങ്ങൾ പഠിച്ച്, കൃത്യമായും ശരിയായും വിവരങ്ങൾ സമ്പാദിച്ച പരിപാകവും പരിപൂർണ്ണവുമായ ആലോചനക്കുശേഷം മാത്രം സ്വന്തമായി തീരുമാനങ്ങളെടുക്കണമെന്ന അവരുടെ ബാദ്ധ്യത.

51. തങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും, ഒരു സമരസന്നദ്ധമായ സംഘടനയിലെ അച്ചടക്കത്തോടുകൂടിയ മെമ്പർമാരെപ്പോലെ എല്ലായ്പ്പോ

ഴം ഉപരുമാറാൻ പാർട്ടിമെമ്പർമാർ ബാദ്ധ്യസ്ഥരാണ്. ശരിയായ പ്രവത്തനപരിപാടിയെപ്പററി അഭിപ്രായവ്യത്യാസങ്ങളുണ്ടാവുകയാണെങ്കിൽ, കഴിയുന്നതും പാർട്ടിസംഘടനക്കകത്തു മുൻകൂട്ടി വാദപ്രതിവാദം നടത്തി അതു തീരുമാനിക്കേണ്ടതും അങ്ങിനെയെടുക്കുന്ന തീരുമാനമനുസരിച്ചു പ്രവത്തിക്കേണ്ടതുമാണ്. പാർട്ടിമെമ്പർമാരിൽ ഒരു വിഭാഗത്തിന്നു പാർട്ടിസംഘടനയുടേയോ കമ്മിററിയുടേയോ തീരുമാനം ശരിയല്ലെന്നു തോന്നുകയാണെങ്കിൽത്തന്നെ, ആ സഖാക്കൾ തങ്ങളുടെ പരസ്യമായ പ്രവത്തനത്തിൽ ഒരു വാസ്തവം വിസ്മരിക്കരുതു്: പൊതുമുന്നണിയുടെ ഐക്യത്തെ തടയുകയോ അപ്പടി തകക്കുകയോ ചെയ്യുന്നതു് ഏററവും ദുഷിച്ച രൂപത്തിലുള്ള, അച്ചടക്കമില്ലാത്ത, നടപടിയും പട്ടാളപരമായി അങ്ങേയററത്തെ തെററുമാകുന്നു.

കമ്യൂണിസത്തിന്റെ എല്ലാ ശത്രുക്കൾക്കുമെതിരായി കമ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടിയും, എല്ലാററിലുമുപരി കമ്യൂണിസ്റ്റ് ഇൻറർനാഷനലിന്നുവേണ്ടിയും വാദിക്കേണ്ടതു് ഓരോ പാർട്ടിമെമ്പറുടേയും സർവ്വപ്രധാനമായ കടമയാണ്. ഇതു മറക്കുന്ന ഒരാൾ, അതിലുമധികം പാർട്ടിയേയോ കമ്യൂണിസ്റ്റ് ഇൻറർനാഷനലിനേയോ പരസ്യമായി കുററംപറയുന്ന ഒരാൾ, ഒരു ചീത്ത കമ്യൂണിസ്റ്റുകാരനാണ്.

52. പൊതുപാർട്ടിസംഘടനകളെ കമ്യൂണിസ്റ്റ് രീതിയിൽ വളത്തുന്നതിലും പാർട്ടിയുടെ പ്രവത്തനരീതികളെ തുടർച്ചയായി നന്നാക്കുന്നതിലും പ്രധാനപാർട്ടിഘടകങ്ങൾക്കു തടസ്ഥമുണ്ടാക്കാത്ത രീതിയിലായിരിക്കണം, സഹായകമാവുന്ന തരത്തിലായിരിക്കണം, പാർട്ടിയുടെ ചട്ടങ്ങൾ രൂപീകരിക്കുന്നതു് കമ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ തീരുമാനങ്ങൾ അഫിലിയേററ് ചെയ്ത പാർട്ടികൾ കാലവിളംബം കൂടാതെ നടപ്പിൽ വരുത്തണം—അവസ്ഥനുസരിച്ചു നിലവിലുള്ള പാർട്ടിയുടെ ചട്ടങ്ങളിലും തീരുമാനങ്ങളിലും മാററംവരുത്താൻ കാലതാമസം വരുമെങ്കിൽ കൂടി.

# IX നിയമവിധേയവും നിയമവിരുദ്ധവുമായ പ്രവത്തനം

53. സമരങ്ങളുടെ സാഹചര്യങ്ങളിൽ വന്നേക്കാനിടയുള്ള മാററങ്ങൾക്കനുസരിച്ച് അതിവേഗത്തിൽ സ്വയം മാറാൻ കഴിയുന്നവിധത്തി

ലായിരിക്കണം പാർട്ടിയെ സംഘടിപ്പിക്കുന്നതു്. ഒരു പ്രത്യേകസ്ഥലത്തു കേന്ദ്രീകരിക്കപ്പെട്ട ശത്രുവിന്റെ വമ്പിച്ച ശക്തിക്കെതിരായി നേരിട്ടു യുദ്ധത്തിലിറങ്ങാതെ ഒഴിഞ്ഞുമാറാനും, അതേ സമയത്തു ശത്രുവിന്റെ ആ കേന്ദ്രീകരണത്തിൽനിന്നുതന്നെ മുതലെടുത്തു ശത്രു തീരെ പ്രതീക്ഷിക്കാത്ത സ്ഥലത്തു് അവനെ ആഞ്ഞടിക്കുവാനും കഴിവുള്ള ഒരു സമരസന്നദ്ധസംഘടനയായി കമ്യൂണിസ്റ്റ് പാർട്ടി വളൻവരണം, പാർട്ടിസംഘടന ലഹളയിലും തെരുവുയുദ്ധത്തിലും, അല്ലെങ്കിൽ മൃഗീയമായ മർദ്ദനത്തിന്റെ സ്ഥിതികളിൽ മാത്രമോ സർവ്വസ്വവും പണയംവെക്കുന്നതു് ഏററവും വലിയ തെററായിരിക്കും. ഏതൊരു പരിതസ്ഥിതിയേയും നേരിടാനുള്ള സദാസന്നദ്ധതയുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ്കാർ തങ്ങളുടെ പ്രാരംഭവിപ്ലവപ്രവർത്തനത്തെ കുററമററതാക്കിതീർക്കുന്നു; കാരണം, കാററുംകോളും നിറഞ്ഞതും തീരെ ശാന്തവുമായ കാലഘട്ടങ്ങളുടെ വേലിയേററത്തിൽ വരുന്ന മാററങ്ങളെ മുൻകൂട്ടി കാണാൻ ഒട്ടുമുക്കാലും അസാദ്ധ്യമാണ് — കാണാൻകഴിഞ്ഞാൽത്തന്നെ മിക്കപ്പോഴും അതിനെ പുനസ്സംഘടനയ്ക്കുപയോഗപ്പെടുത്താൻ കഴിയില്ല; എന്തുകൊണ്ടെന്നാൽ സാധാരണയായി ഈ മാററം സത്വരമാണ്; പലപ്പോഴും പെട്ടെന്നാണ് സംഭവിക്കുക.

54. മുതലാളിരാജ്യങ്ങളിലെ നിയമവിധേയകമ്മ്യൂണിസ്റ്റ് പാർട്ടികൾ, ആയുധമേന്തിയ സമരത്തിന്നും പൊതുവിൽ നിയമവിരുദ്ധമായ പോരാട്ടങ്ങൾക്കും പാർട്ടി ശരിക്കും തയ്യാറായിരിക്കുകയെന്ന കടമയുടെ പ്രാധാന്യമാകെ സാധാരണയായി മനസ്സിലാക്കാറില്ല. തങ്ങളുടെ നിലനില്പിനു ശാശ്വതമായ ഒരു നിയമവിധേയാടിസ്ഥാനത്തെ ആശ്രയിക്കുകയും നിയമവിധേയമായ കടമകളുടെ ആവശ്യങ്ങൾക്കനുസരിച്ചു തങ്ങളുടെ പ്രവർത്തനം നടത്തുകയുമെന്ന തെററു കമ്മ്യൂണിസ്റ്റ് സംഘടനകൾക്കു പലപ്പോഴും പററാറുണ്ടു്.

നേരെമറിച്ച്, നിയമവിരുദ്ധപ്പാർട്ടികളാകട്ടെ, വിപ്ലവകാരികളായ ബഹുജനങ്ങളുമായി തുടർച്ചയായ ബന്ധം പുലർത്തുന്ന ഒരു പാർട്ടിസംഘടന കെട്ടിപ്പടുക്കാൻ നിയമവിധേയപ്രവർത്തനത്തിന്റെ എല്ലാ സാദ്ധ്യതകളേയും ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ പലപ്പോഴും പരാജയപ്പെടുന്നു. മർമ്മപ്രധാനമായ ഈ വാസ്തവങ്ങളെ അവഗണിക്കുന്ന രഹസ്യസംഘടനകൾ, നിഷ്ഫലമായ ജോലികൾക്കായി തങ്ങളുടെ

അദ്ധ്വാനം ദുവ്വ്യയംചെയ്യുന്ന ഗൂഢാലോചനക്കാരുടെ വെറും സംഘങ്ങളായി മാറുകയെന്ന ആപത്തിൽചെന്നു ചാടാനിടയുണ്ടു്.

ഈ രണ്ടു വാസനകളും കേടാണു്. ഓരോ നിയമവിധേയകമ്മ്യൂണിസ്റ്റ് സംഘടനയും, രഹസ്യമായി പ്രവത്തിക്കാൻ—എല്ലാററിലുമുപരി വിപ്ലവകരമായ സമരങ്ങൾക്കു്—പരിപൂണ്ണമായും തയ്യാറായിരിക്കേണ്ടതെങ്ങിനെയെന്നു് അറിഞ്ഞിരിക്കണം. നേരെമറിച്ചു്, ഓരോ നിയമവിരുദ്ധകമ്മ്യൂണിസ്റ്റ് പാർട്ടിയും, ഊർജ്ജിതമായ പാർട്ടിപ്രവത്തനംവഴി വിപ്ലവകാരികളായ വമ്പിച്ച ബഹുജനങ്ങളുടെ സംഘടിതരായ യഥാർത്ഥ നേതാക്കളായിത്തീരാൻ നിയമവിധേയതൊഴിലാളിപ്രസ്ഥാനം നൽകുന്ന എല്ലാ സാദ്ധ്യതകളേയും തികച്ചും ഉപയോഗപ്പെടുത്തുകയും വേണം.

55. പാർട്ടിസംഘടനയുടേയും പ്രവത്തനത്തിന്റേയും ബാക്കിഭാഗങ്ങളിൽനിന്നൊററപ്പെട്ട ഒരു കേവലസൈനികസംഘടന സ്ഥാപിച്ചു നിലനിത്തലായി രഹസ്യകമ്മ്യൂണിസ്ററുസംഘടനാപ്രവത്തനത്തെ രൂപാന്തരപ്പെടുത്തുന്നതിന്നുള്ള ഒരു വാസന നിയമവിധേയവും നിയമവിരുദ്ധവുമായ പാർട്ടികളിൽ ഒരുപോലെ കാണാനുണ്ടു്. ഇതു് അപ്പടി തെററാണു്. നേരെ മറിച്ചു്, വിപ്ലവത്തിന്നുമുമ്പുള്ള കാലഘട്ടത്തിൽ, നമ്മുടെ സൈനികസംഘടനകൾ രൂപീകരിക്കുന്നതു പ്രധാനമായും പാർട്ടിയുടെ പൊതുപ്രവത്തനത്തിലൂടെയായിരിക്കണം. വിപ്ലവം നടത്താനുള്ള സൈനികഘടനയായി പാർട്ടിയാകെ വളത്തിക്കൊണ്ടുവരണം.

വിപ്ലവത്തിന്നുമുമ്പുള്ള കാലഘട്ടത്തിൽ സമയമാകുന്നതിന്നുമുമ്പു രൂപീകരിക്കപ്പെടുന്ന ഒററപ്പെട്ട വിപ്ലവസൈനികസംഘടനകൾ, പ്രത്യക്ഷവും പ്രയോജനകരവുമായ പാർട്ടിപ്രവത്തനത്തിലേർപ്പെടാത്തതുകൊണ്ടു തകർന്നുപോകാനുള്ള വാസനകൾ കാണിച്ചേക്കാനിടയുണ്ടു്.

56. അധികൃതന്മാക്കു കണ്ടുപിടിക്കാൻ സാധിക്കാത്ത തരത്തിൽ പാർട്ടിമെമ്പർമാരെയും പാർട്ടിഘടകങ്ങളേയും സംരക്ഷിക്കുകയും, മെമ്പർഷിപ്പ് റജിസ്റ്റർ, അശ്രദ്ധമായ പാർട്ടിഫണ്ടു പിരിവ്, മുൻകരുതലുകളെടുക്കാതെ വിപ്ലവസാഹിത്യം വിതരണം ചെയ്യൽ മുതലായി അധികൃതന്മാക്കു കണ്ടുപിടിക്കാൻ സഹായിക്കുന്ന എല്ലാ സാദ്ധ്യതകളേയും ഇല്ലാതാക്കുകയും ചെയ്യേണ്ടതു നിയമവിരുദ്ധപാർട്ടികൾക്കു് ഒഴിച്ചുകൂടാത്തതാണെന്നു പറയേണ്ടതില്ലല്ലോ. ഇതേകാരണംകൊണ്ടുതന്നെ, നിയമവിധേയപ്പാർട്ടിയെപ്പോലെ, പരസ്യമായ സംഘടനാരീതികളുപയോ

ഗിക്കാനും അതിന്നു സാദ്ധ്യമല്ല. എങ്കിലും പരിചയംകൊണ്ടു് ഇക്കാര്യത്തിൽ അതിന്നു കൂടുതൽകൂടുതൽ നൈപുണ്യം സമ്പാദിക്കാം.

നേരെമറിച്ചു നിയമവിധേയബഹുജനപ്പാർട്ടികൾ നിയമവിരുദ്ധപ്രവർത്തനത്തിന്നും സമരങ്ങൾക്കും തികച്ചും ഒരുങ്ങിയിരിക്കണം. ഏതു സംഭാവ്യതയേയും നേരിടാനുള്ള ഒരുക്കങ്ങൾ അതു് ഒരിക്കലും ഉപേക്ഷിക്കരുതു് (അതായതു്, മെമ്പർഷിപ്പ് ഫയലുകളുടെ കോപ്പികൾ സൂക്ഷിക്കാൻ അതിന്നു ഭദ്രമായ സ്ഥലങ്ങളുണ്ടായിരിക്കണം; കഴിയുന്നതും എഴുത്തുകുത്തുകളെല്ലാം നശിപ്പിക്കണം; പ്രധാനമായ രേഖകൾ ഭദ്രമായി സൂക്ഷിച്ചുവെക്കണം; സന്ദേശവാഹകന്മാർക്ക രഹസ്യമായി പ്രവർത്തിക്കാൻ പരിശീലനം കൊടുക്കണം).

രഹസ്യസംഘടനകൾ ഒരുതരം അടച്ചുപൂട്ടിയ സൈനികസ്ഥാപനങ്ങളുടെ മട്ടിലുള്ളതാണെന്നും പാർട്ടിക്കകത്തു് അങ്ങേയററം ഒററപ്പെട്ട ഒരു നിലയാണതിന്നുള്ളതെന്നുമുള്ള ധാരണയാണു് നിയമവിധേയവും നിയമവിരുദ്ധവുമായ പാർട്ടികേന്ദ്രങ്ങളിലുള്ളതു്. ഈ ധാരണ തീരെ തെററാണു്. വിപ്ലവത്തിന്നുമുമ്പുള്ള കാലഘട്ടത്തിൽ നമ്മുടെ സമരസംഘടനയുടെ രൂപീകരണം പാർട്ടിയുടെ പൊതുപ്രവർത്തനത്തെ അടിസ്ഥാനമാക്കിയായിരിക്കണം. പാർട്ടിയെയാകെ വിപ്ലവത്തിന്നുള്ള സമരസംഘടനയായി വളർത്തുകയാണു് വേണ്ടതു്.

57. അതുകൊണ്ടു്, വിപ്ലവത്തിന്നുമുമ്പുള്ള കാലഘട്ടത്തിൽത്തന്നെ വിപ്ലവത്തിന്റെ ആവശ്യങ്ങൾക്ക യോജിച്ച തരത്തിലുള്ള ഒരു സമരസംഘടന കെട്ടിപ്പടുക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന രീതിയിലായിരിക്കണം നമ്മുടെ പൊതുപാർട്ടിപ്രവർത്തനത്തെ വിഭജിക്കേണ്ടതു്. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വഘടകത്തെ അതിന്റെ പ്രവർത്തനത്തിലാകെ നയിക്കുന്നതു വിപ്ലവത്തിന്റെ ആവശ്യങ്ങളായിരിക്കണമെന്നതു് ഈ ആവശ്യങ്ങളെന്തെന്നതിനെപ്പററി വ്യക്തമായ ഒരു ആശയം കിട്ടാൻ അതു കഴിയുന്നതും പരിശ്രമിക്കണമെന്നതും സർവ്വപ്രധാനമാണു്. ഇതു സ്വാഭാവികമായും അത്ര എളുപ്പമായ കാര്യമല്ല. പക്ഷേ കമ്യൂണിസ്റ്റ് സംഘടനാനേതൃത്വത്തിന്റെ വളരെ പ്രധാനമായ ഈ സംഗതി ഗണിക്കാതിരിക്കുന്നതിന്നു് ഒരുതരം ന്യായമായിത്തീരരുതു്.

തുറന്ന വിപ്ലവപ്പോരാട്ടങ്ങളുടെ കാലഘട്ടത്തിൽ സംഘടനാപരമായി വമ്പിച്ച മാററങ്ങൾ വരുത്തേണ്ടിവരികയാണെങ്കിൽ, ഏററവും സം

ഘടിതമായ പാർട്ടിക്കപോലും വിഷമമേറിയതും കെട്ടുപിണഞ്ഞതുമായ കടമകളെ നേരിടേണ്ടതായിവരും. സ്വല്പം ദിവസങ്ങൾക്കുള്ളിൽ വിപ്ലവപ്പോരാട്ടത്തിനു സ്വന്തം ശക്തികളെയാകെ നമ്മുടെ രാഷ്ട്രീയപ്പാർട്ടിയ്ക്കു് അണിനിരത്തേണ്ടതായി വന്നേക്കാം. പാർട്ടിയുടെ ശക്തികൾക്കു പുറമേ, തങ്ങളുടെ റിസേർവുകളേയും, തങ്ങളോടനുഭാവമുള്ള സംഘടനകളെയും, വിപ്ലവകാരികളായ അസംഘടിതബഹുജനങ്ങളെയാകെയും അതിനു് അണിനിരത്തേണ്ട സന്ദർഭം വരും. ഒരു സംഘടിതചുകപ്പുപട്ടാളം രൂപീകരിക്കാനുള്ള സമയമായിട്ടുമുണ്ടാവില്ല. മുൻകൂട്ടി സംഘടിപ്പിച്ച ഒരു പട്ടാളമില്ലാതെ, പാർട്ടിയുടെ നേതൃത്വത്തിലുള്ള ബഹുജനങ്ങളെക്കൊണ്ടുതന്നെ നമുക്കു ശത്രുവിനെ തോല്പിക്കേണ്ടതായിവരും. അതുകൊണ്ടു്, അത്തരമൊരു സംഭവവികാസത്തെ നേരിടാനായി നമ്മുടെ പാർട്ടി നല്ലപോലെ ഒരുക്കുകൂട്ടുകയും സംഘടിപ്പിക്കുകയും ചെയ്തില്ലെങ്കിൽ, ഏററവും ദൃഢമായ പ്രവർത്തനംപോലും വിജയിക്കുകയില്ല.

85. നമ്മുടെ വിപ്ലവപ്പാർട്ടിയുടെ കേന്ദ്രനേതൃത്വസ്ഥാപനങ്ങൾക്കു വിപ്ലവകരമായ സ്ഥിതിഗതികളിൽ ശരിക്കു പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നു് ഒരുപക്ഷേ കണ്ടിട്ടുണ്ടാവും. ചില്ലറ കാര്യങ്ങളെസ്സംബന്ധിച്ചിടത്തോളം തൊഴിലാളിവർഗ്ഗത്തിനു സാമാന്യമായി മഹത്തായ വിപ്ലവസംഘടനയുണ്ടാക്കാൻ സാധിച്ചിട്ടുണ്ടു്; പക്ഷേ തലസ്ഥാനത്തു മിക്കപ്പോഴും കുഴപ്പവും തകരാറും അരാജകത്വവുമാണുണ്ടായിട്ടുള്ളതു്. ചിലപ്പോൾ ഏററവും പ്രാഥമികമായ 'പ്രവൃത്തിവിഭജനം'പോലും ഇല്ലാതായിട്ടുണ്ടു്. വാർത്താശേഖരണവകുപ്പു് പലപ്പോഴും ഗുണത്തെക്കാളധികം ദോഷം ചെയ്യുന്നതരത്തിൽ അത്രക്കു മോശമായിട്ടാണു് സംഘടിപ്പിയ്ക്കപ്പെട്ടിരുന്നതു്. തപ്പാൽസർവീസിനെയും മററു ഗതാഗതഏർപ്പാടുകളെയും ആശ്രയിയ്ക്കുകയേയില്ല രഹസ്യമായ കത്തിടപാടുകൾക്കും ഗതാഗതത്തിനുമുള്ള എല്ലാ ഏർപ്പാടുകളും, രഹസ്യതാമസസ്ഥലങ്ങളും അച്ചടിശാലയും സാമാന്യമായി വെറും ഭാഗ്യത്തെമാത്രം ആശ്രയിച്ചാണു് നിലനില്ക്കുന്നതു്; ശത്രുക്കളുടെ ചാരന്മാർക്കു കടന്നുകൂടാൻ അവ ഒന്നാന്തരം സൌകര്യങ്ങളുണ്ടാക്കുന്നു.

ഈ പ്രത്യേക പ്രവൃത്തിക്കു പാർട്ടി ഒരു വിദഗ്ദ്ധശാഖയെ സംഘടിപ്പിച്ചില്ലെങ്കിൽ, ഈ പോരായ്മകൾ തീർക്കാനാവില്ല. പട്ടാളചാരപ്രവൃത്തിയ്ക്കു പരിചയവും വിദഗ്ദ്ധപരിശീലനവും അറിവും ആവശ്യ

മുണ്ട്. രാഷ്ട്രീയപ്പോലീസിന്നെതിരായ രഹസ്യപ്രവർത്തനത്തെസംബന്ധിച്ചും ഇതു ശരിയാണ്. നീണ്ടകാലത്തെ പരിചയത്തിലൂടെ മാത്രമേ തൃപ്തികരമായ ഒരു രഹസ്യപ്രവർത്തനഡിപ്പാർട്ടുമെൻറ് സൃഷ്ടിക്കാനാവുകയുള്ളു. ഈ പ്രത്യേകവിപ്ലവപ്രവർത്തനത്തിന്നെല്ലാംതന്നെ ഓരോ നിയമവിധേയകകമ്മ്യൂണിസ്റ്റ് പാർട്ടിയും — അതെത്രതന്നെ ചെറുതായാലും — ഒരുക്കങ്ങൾ ചെയ്യണം. മിക്കപ്പോഴും, തികച്ചും നിയമവിധേയമായ പ്രവർത്തനത്തിലൂടെതന്നെ ഇത്തരമൊരു രഹസ്യസംഘടന കെട്ടിപ്പടുക്കാൻ സാധിയ്ക്കുന്നതാണ്.

ഉദാഹരത്തിന്ന്, സാമർത്ഥമായി മുൻകൂട്ടിയേർപ്പാടുചെയ്ത നിയമവിധേയസാഹിത്യവിതരണംവഴിയും വർത്തമാനപത്രങ്ങളിൽ കള്ളകൾ പ്രസിദ്ധീകരിച്ചും ഒരു കോഡ് അമ്പ്രദായം ഏർപ്പെടുത്തി രഹസ്യമായ കത്തിടപാടുകളും പരസ്പരബന്ധവും പുലർത്താൻ സാധിയ്ക്കും.

59. ഒരു കമ്മ്യൂണിസ്റ്റ് സംഘടകൻ ഓരോ പാർട്ടിമെമ്പറേയും വിപ്ലവകാരിയായ തൊഴിലാളിയേയും വീക്ഷിയ്ക്കേണ്ടതു ഭാവിയിലെ വിപ്ലവപ്പട്ടാളത്തിലെ പടയാളിയാവാൻപോകുന്ന ഒരാളായിട്ടാണ്. അതുകൊണ്ടു ഭാവിയിൽ അയാൾ ചെയ്യേണ്ട ജോലിയ്ക്ക് അയാളെ യോഗ്യനാക്കുന്നവിധത്തിലായിരിക്കും ഇന്ന് ഓരോ പാർട്ടിമെമ്പർക്കും ജോലികൊടുക്കുന്നതു്. ഇന്നത്തെ പാർട്ടിപ്രവർത്തനത്തിന്നാവശ്യമായ പ്രയോജനകരമായ ജോലിയായിരിയ്ക്കണം ഇന്നവർക്കു കൊടുക്കുന്നതു്; അല്ലാതെ പ്രായോഗികപ്രവർത്തകർ വെറുക്കുന്ന വെറും പട്ടാളപരിശീലനമല്ല. ഓരോ കമ്മ്യൂണിസ്റ്റ്കാരനെസ്സംബന്ധിച്ചേടത്തോളവും ഇത്തരം പ്രായോഗികപ്രവർത്തനമാണ് അവസാനസമരത്തിന്റെ ആവശ്യങ്ങളെ നേരിടാനുള്ള ഏററവും നല്ല തെയ്യാറെടുക്കലെന്നു നാം ഒരിയ്ക്കലും മറക്കരുതു്.

---

# കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ ഭരണഘടനയും നിയമങ്ങളും

## I പേരും ലക്ഷ്യങ്ങളും

1 കമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ—സാർവ്വദേശീയതൊഴിലാളിസംഘടന—വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഒരു യൂണിയനാണ്; ലോകകമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. തൊഴിലാളിവർഗ്ഗത്തിന്റെ ലോകവിപ്ലവപ്രസ്ഥാനത്തെ നയിക്കുകയും സംഘടിപ്പിക്കുകയും ചെയ്യുന്ന ഒരു സംഘടനയെന്ന നിലയ്ക്കും കമ്മ്യൂണിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെയും ലക്ഷ്യങ്ങളെയും ഉയർത്തിപ്പിടിക്കുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്കും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനൽ തൊഴിലാളിവർഗ്ഗത്തിന്റെ ഭൂരിപക്ഷത്തെയും സ്വകാര്യസ്വത്തു തീരെയില്ലാത്ത കൃഷകവർഗ്ഗത്തിൽപ്പെട്ട വമ്പിച്ച ജനാവലിയെയും സ്വന്തം കൊടിക്കീഴിൽ അണിനിരത്താൻ പരിശ്രമിക്കും; തൊഴിലാളിവർഗ്ഗത്തിന്റെ ലോകസർവ്വാധിപത്യം സ്ഥാപിക്കാനും സോഷ്യലിസ്റ്റ് സോവിയററ്റിപ്പബ്ലിക്കുകളുടെ ഒരു ലോകയൂണിയൻ സ്ഥാപിക്കാനും വർഗ്ഗവിഭാഗങ്ങളെ നിശ്ശേഷം അവസാനിപ്പിക്കാനും കമ്മ്യൂണിസ്റ്റ് സാമൂഹ്യസംഘടനയുടെ ഒന്നാമത്തെ പതനമായ സോഷ്യലിസം നടപ്പിൽവരുത്തുവാനും വേണ്ടി സമരംചെയ്യും.

2 കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലുമായി അഫിലിയേററ്ചെയ്യപ്പെട്ടിട്ടുള്ള വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളെ........ [രാജ്യത്തിന്റെ പേർ] കമ്മ്യൂണിസ്റ്റ് പാർട്ടി (കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ ഘടകം) എന്നു വിളിക്കും. ഏതൊരു രാജ്യത്തിലും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലുമായി അഫിലിയേററ്ചെയ്തിട്ടുള്ളതും ആ രാജ്യത്തിൽ കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ ഘടകത്തെ പ്രതിനിധീകരിക്കുന്നതുമായ ഒരൊററ കമ്മ്യൂണിസ്റ്റ് പാർട്ടി മാത്രമേ ഉണ്ടാകാൻ നിവൃത്തിയുള്ളു.

3. ഏതെങ്കിലുമൊരു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെയും പരിപാടിയെയും നിയമങ്ങളെയും അംഗീകരി

ക്കുകയും ആ പാർട്ടിയുടെ അടിസ്ഥാനഘടകങ്ങളിലൊന്നിൽ അംഗമായി ച്ചേരുകയും അതിൽ ഫലപ്രദമായി പ്രവർത്തിക്കുകയും പാർട്ടിയുടെയും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറയും എല്ലാ തീരുമാനങ്ങൾക്കും വഴങ്ങുകയും പാർട്ടിയ്ക്കടയ്ക്കാനുള്ള സംഖ്യകളെല്ലാം കൃത്യമായി അടയ്ക്കുകയും ചെയ്യുന്ന എല്ലാവർക്കും കമ്മ്യൂന്നിസ്റ്റ് പാർട്ടിയിലും കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിലും മെമ്പർമാരായി ചേരാവുന്നതാണ്.

4. കമ്മ്യൂണിസ്റ്റ് പാർട്ടിസംഘടനയുടെ അടിസ്ഥാനഘടകം പ്രവൃത്തിസ്ഥലത്തുള്ള (ഫാക്ടറി, വർക്ക്ഷാപ്പ്, ഖനി, ആപ്പീസ്, സ്റ്റോർ, കൃഷിസ്ഥലം മുതലായവ) പാർട്ടിഘടകമാണ്; പ്രസ്തുതസ്ഥാപനത്തിൽ പ്രവൃത്തിയെടുക്കുന്ന എല്ലാ പാർട്ടിമെമ്പർമാരെയും ഏകീകരിക്കുന്നതായിരിക്കും പ്രസ്തുതഘടകം.

5. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിനെയും അതിൻെറ ഘടകങ്ങളെയും പടുത്തുയർത്തിയിട്ടുള്ളതു ജനാധിപത്യപരമായ കേന്ദ്രീകരണത്തിൻെറ അടിസ്ഥാനത്തിലാണ്; അതിൻെറ മൗലികസിദ്ധാന്തങ്ങൾ താഴെ കാണുന്നവയാണ്: (ഏ) പാർട്ടിയുടെ നേതൃത്വം വഹിക്കുന്ന എല്ലാ കമ്മിററികളും—കീഴ്ക്കമ്മിററികളും മേൽക്കമ്മിററികളുമെല്ലാം—തിരഞ്ഞെടുക്കപ്പെട്ടതായിരിക്കും (പാർട്ടിമെമ്പർമാരുടെ പൊതുയോഗങ്ങൾ, കോൺഫറൻസുകൾ, കോൺഗ്രസ്സുകൾ, സാർവ്വദേശീയകോൺഗ്രസ്സുകൾ എന്നിവമുഖേന); (ബി) നേതൃത്വം വഹിക്കുന്ന പാർട്ടിക്കമ്മിററികൾ കീഴ്ഘടകങ്ങൾക്ക് അതാതു കാലഘട്ടങ്ങളിൽ റിപ്പോർട്ടുചെയ്യുന്നതായിരിക്കും; (സി) ഉയർന്ന പാർട്ടിക്കമ്മിററികളുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്താൻ കീഴ്ക്കമ്മിററികൾ ബാദ്ധ്യതപ്പെട്ടിരിക്കും; പാർട്ടിയച്ചടക്കം കണിശമായിരിക്കും; കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറയും അതിൻെറ നേതൃത്വം വഹിക്കുന്ന കമ്മിററികളുടെയും നേതൃത്വം വഹിക്കുന്ന പാർട്ടിസെൻററുകളുടെയും തീരുമാനങ്ങൾ കണിശമായി നടപ്പിൽവരുത്തണം.

പാർട്ടിപ്രശ്നങ്ങളെസ്സംബന്ധിച്ചു പാർട്ടിമെമ്പർമാർക്കും പാർട്ടിസംഘടനകൾക്കും വാദപ്രതിവാദം നടത്താവുന്നതാണ്; പക്ഷേ, ഒരു തീരുമാനമെടുക്കാനർഹതയുള്ള പാർട്ടിക്കമ്മിററി അവയെസ്സംബന്ധിച്ച് ഒരു തീരുമാനമെടുക്കുന്നതുവരെ മാത്രമേ അതു പാടുള്ളു. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ കോൺഗ്രസ്സോ അതിൻെറ ഏതെങ്കിലും ഘടക

ങ്ങളുടെ കോൺഗ്രസ്സുകളോ ഇൻറർനാഷനലിൻെറ നേതൃത്വം വഹിക്കുന്ന കമ്മിററികളോ അതിൻെറ ഘടകങ്ങളുടെ നേതൃത്വം വഹിക്കുന്ന കമ്മിററികളോ ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ അതു യാതൊരു കലവറയും ചെയ്യാതെ നടപ്പിൽവരുത്തിയേ മതിയാവൂ; പാർട്ടിമെമ്പർഷിപ്പിൻെറ ഒരു വിഭാഗമോ പ്രാദേശികപാർട്ടിസംഘടനകളുടെ ചില വിഭാഗങ്ങളോ മററോ പ്രസ്തുതതീരുമാനത്തോടു യോജിക്കുന്നില്ലെങ്കിലും ശരി ആ തീരുമാനം നടപ്പിൽവരുത്തിക്കൊള്ളണം.

പാർട്ടി നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥലങ്ങളിലും സന്ദർഭങ്ങളിലും ഉയർന്ന പാർട്ടിക്കമ്മിററികൾക്കു കീഴ്ക്കമ്മിററികളെ നിയമിക്കുകയും ഉയർന്ന കമ്മിററികളിലേക്കുതന്നെ പുതിയ മെമ്പർമാരെ ചേർക്കുകയും ചെയ്യാവുന്നതാണ്; പക്ഷേ, അർഹതപ്പെട്ട ഉയർന്ന പാർട്ടിക്കമ്മിററികൾ പിന്നീട് ആ പ്രവൃത്തികളെ ശരിവെക്കുന്നപക്ഷം മാത്രമേ ആ പ്രവൃത്തികൾ സാധുവാകയുള്ളു

6 പാർട്ടിയിൽനിന്നു വ്യത്യസ്തമായുള്ള എല്ലാ തൊഴിലാളിസംഘടനകളിലും കർഷകസംഘടനകളിലും ബഹുജനസംഘടനകളിലും അവയുടെ നേതൃത്വം വഹിക്കുന്ന കമ്മിററികളിലും (ട്രേഡ് യൂണിയനുകൾ, കോ-ഓപ്പറേറീവ് സൊസൈററികൾ, സ്പോർട്ട്സ് സംഘടനകൾ, പിരിഞ്ഞുവന്ന പട്ടാളക്കാരുടെ സംഘടനകൾ, അവയുടെ കോൺഗ്രസ്സുകൾ, കോൺഫറൻസുകൾ തുടങ്ങിയവ) മുനിസിപ്പാൽസ്ഥാപനങ്ങളിലും പാർല്ലിമെൻറിലും ഒക്കെത്തന്നെ, പ്രസ്തുതസംഘടനകളിലും സ്ഥാപനങ്ങളിലും കേവലം രണ്ടു പാർട്ടിമെമ്പർമാർ മാത്രമേ പ്രവർത്തിക്കുന്നുള്ളു എന്നു വരികിൽപ്പോലും, കമ്മ്യൂണിസ്റ്റ് ഫ്രാക്ഷനുകൾ രൂപീകരിക്കണം; പ്രസ്തുത സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഉള്ളിൽ പാർട്ടിയുടെ സ്വാധീനശക്തി വർദ്ധിപ്പിക്കാനും പാർട്ടിയുടെ നയം നടപ്പിൽവരുത്തിക്കാനും വേണ്ടിയാണിത്.

7 കമ്മ്യൂണിസ്റ്റ് ഫ്രാക്ഷനുകൾ അർഹതപ്പെട്ട പാർട്ടിക്കമ്മിററികളുടെ കീഴിലായിരിക്കും പ്രവർത്തിക്കുക.

കുറിപ്പ്: 1. സാർവ്വദേശീയസംഘടനകളിലെ കമ്മ്യൂണിസ്റ്റ് ഫ്രാക്ഷനുകൾ (ലേബർയൂണിയനുകളുടെ റെഡ് ഇൻറർനാഷനൽ, ഇൻറർനാഷനൽ ക്ലാസ്സ്‌വാർ പ്രിസണേഴ്സ് എയിഡ് സൊസൈററി, ഇൻറർനാഷനൽ റെഡ് എയിഡ് സൊസൈററി മുതലായവ) കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ എക്സിക്യൂട്ടീവ് കമ്മിററിയുടെ കീഴിലാണ് പ്രവർത്തിക്കുക.

2. കമ്മ്യൂണിസ്ററ് ഫ്രാക്ഷനുകളുടെ സംഘടനാരൂപവും ചട്ടങ്ങളും അവയുടെ പ്രവർത്തനങ്ങൾ ഏതു വിധത്തിൽ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യണമെന്നതും നിശ്ചയിക്കുക. കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ എക്സിക്യൂട്ടീവ് കമ്മിററിയും ഇന്റർനാഷനലിന്റെ അതാതുഘടകങ്ങളുടെ സെൻട്രൽകമ്മിററികളും നൽകുന്ന പ്രത്യേകനിർദ്ദേശങ്ങൾമുഖേനയായിരിക്കും.

## II കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ സാർവ്വദേശീയകോൺഗ്രസ്സ്

8. കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ ഏററവും ഉയന്ന ഘടകം കമ്മ്യൂണിസ്ററ് ഇന്റർനാഷനലുമായി അഫിലിയേററ് ചെയ്തിട്ടുള്ള എല്ലാ പാർട്ടികളുടെയും (ഘടകങ്ങൾ) സംഘടനകളുടെയും പ്രതിനിധികളുടെ സാർവ്വദേശീയകോൺഗ്രസ്സാകുന്നു

സാർവ്വദേശീയകോൺഗ്രസ്സ് കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെയും അതിന്റെ വിവിധഘടകങ്ങളുടെയും പരിപാടിയെയും അവയുടെ പ്രവർത്തനങ്ങളോട് ബന്ധപ്പെട്ട തന്ത്രപരവും സംഘടനാപരവുമായ പ്രശ്നങ്ങളെയും പററി വാദപ്രതിവാദം നടത്തുകയും തീരുമാനമെടുക്കുകയും ചെയ്യും. കമ്മ്യൂണിസ്ററ് ഇന്റർനാഷനലിന്റെ പരിപാടിയിലും നിയമങ്ങളിലും മാററങ്ങൾ വരുത്താനുള്ള അധികാരം കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ സാർവ്വദേശീയകോൺഗ്രസ്സിൽമാത്രം നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

ഈരണ്ടു കൊല്ലത്തിലൊരിക്കൽ സാർവ്വദേശീയകോൺഗ്രസ്സ് വിളിച്ചുകൂട്ടാവുന്നതാകുന്നു. കോൺഗ്രസ്സിന്റെ തീയതിയും കോൺഗ്രസ്സിലേക്കു വിവിധഘടകങ്ങൾ അയക്കേണ്ട പ്രതിനിധികളുടെ എണ്ണവും കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ എക്സിക്യൂട്ടീവ് കമ്മിററിയാണ് നിശ്ചയിക്കുക.

സാർവ്വദേശീയകോൺഗ്രസ്സിൽ ഓരോ ഘടകത്തിനും നീക്കിവെക്കേണ്ടതായ വോട്ടുകളുടെ എണ്ണം ഇത്രയിത്രയായിരിക്കുമെന്നു കോൺഗ്രസ്സിന്റെതന്നെ ഒരു പ്രത്യേകതീരുമാനപ്രകാരമാണ് നിർണ്ണയിക്കുക: ഓരോ പാർട്ടിയുടെയും മെമ്പർഷിപ്പിന്റെ തോതും ആ രാജ്യത്തിന്റെ രാഷ്ട്രീയപ്രാധാന്യവും പരിഗണിച്ചുകൊണ്ടായിരിക്കും ഇതു നിർണ്ണയി

കുന്നത്. കോൺഗ്രസ്സിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക സ്വതന്ത്രമായ തീരുമാനമെടുക്കാൻ അധികാരമുണ്ടായിരിക്കണം; മുൻകൂട്ടി കെട്ടിവെച്ച ചില തീരുമാനങ്ങളെടുക്കാൻ മാത്രമുള്ള അധികാരത്തെ അംഗീകരിക്കാൻ നിവൃത്തിയില്ല.

9. തൊട്ടു മുമ്പു നടന്ന സാർവ്വദേശീയകോൺഗ്രസ്സിൽ ആകെയുണ്ടായിരുന്ന നിജപ്പെടുത്തപ്പെട്ട വോട്ടുകളുടെ നേർപകുതിയിൽ കുറയാത്തത്ര വോട്ടുകളുള്ള പാർട്ടികൾ ആവശ്യപ്പെടുന്ന പക്ഷം കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ പ്രത്യേകകോൺഗ്രസ്സ് വിളിച്ചുകൂട്ടാവുന്നതാണ്.

10 കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ എക്സിക്യൂട്ടീവ് കമ്മിററി (ഇ. സി. സി. ഐ.)യെയും ഇന്റർനാഷനൽകൺട്രോൾ കമ്മീഷനെ (ഐ. സി. സി.)യും സാർവ്വദേശീയകോൺഗ്രസ്സാണ് തിരഞ്ഞെടുക്കുക.

11 എക്സിക്യൂട്ടീവുകമ്മിററിയുടെ ഹെഡ്ക്വാർട്ടേഴ്സ് എവിടെയായിരിക്കണമെന്നു സാർവ്വദേശീയകോൺഗ്രസ്സാണ് നിശ്ചയിക്കുക.

## III കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ എക്സിക്യൂട്ടീവ് കമ്മിററിയും കീഴ്ഘടകങ്ങളും

12 കോൺഗ്രസ്സുകൾക്കിടയിലുള്ള കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ നേതൃത്വം വഹിക്കുന്ന ഘടകം എക്സിക്യൂട്ടീവ് കമ്മിററിയായിരിക്കും. കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ എല്ലാ ഘടകങ്ങൾക്കും നിർദ്ദേശങ്ങൾ നൽകുന്നതും അവയുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതും എക്സിക്യൂട്ടീവ് കമ്മിററിയായിരിക്കും.

ഇ. സി. സി. ഐ. കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ കേന്ദ്രമുഖപത്രം നാലിൽ കുറയാതുള്ള ഭാഷകളിൽ പ്രസിദ്ധപ്പെടുത്തും.

13. ഇ. സി. സി. ഐ.യുടെ തീരുമാനങ്ങൾ കമ്മ്യൂണിസ്റ്റ് ഇന്റർനാഷനലിന്റെ എല്ലാ ഘടകങ്ങൾക്കും ബാധകമാകുന്നു; എല്ലാ ഘടകങ്ങളും അവയെ കണിശമായി നടപ്പിൽവരുത്തേണ്ടതാകുന്നു. ഇ. സി. സി. ഐ.യുടെ തീരുമാനങ്ങൾക്കെതിരായി സാർവ്വദേശീയകോൺഗ്രസ്സിൽ അപ്പീൽകൊടുക്കാനുള്ള അധികാരം ഘടകങ്ങൾക്കുണ്ട്. പക്ഷേ, സാർവ്വദേശീയകോൺഗ്രസ്സിന്റെ തീരുമാനം പുറത്തുവരുന്നതുവരെക്കും

ഇ. സി. സി. ഐ.യുടെ തീരുമാനങ്ങൾ നടപ്പിൽവരുത്തുകയെന്ന പ്രവൃത്തി, ഘടകങ്ങൾ തുടൎന്നുകൊണ്ടിരിക്കണം.

14. കമ്മ്യൂണിസ്റ്റ് ഇന്റൎനാഷനലിന്റെ വിവിധഘടകങ്ങളുടെ കേന്ദ്രക്കമ്മിററികൾ അതാതു പാൎട്ടികളുടെ കോൺഗ്രസ്സുകളോടും ഇ. സി. സി. ഐ. യിനോടും ഉത്തരവാദപ്പെട്ടിരിക്കും. പാൎട്ടികോൺഗ്രസ്സുകളുടെയും പാൎട്ടികളുടെ സെൻട്രൽകമ്മിററികളുടെയും തീരുമാനങ്ങളെ ദുൎബ്ബലപ്പെടുത്താനോ മാററവാനോ ഉള്ള അധികാരവും, അവയ്ക്കു ബാധകമാവുന്ന തീരുമാനങ്ങൾ ഉണ്ടാക്കാനുള്ള അധികാരംകൂടിയും, ഇ. സി. സി. ഐ.യ്ക്കുണ്ട് (13-ാംഖണ്ഡികയുമായി താരതമ്യപ്പെടുത്തി നോക്കുക).

15. കമ്മ്യൂണിസ്റ്റ് ഇന്റൎനാഷനലിന്റെ പരിപാടിയെയും നിയമങ്ങളെയും സാൎവ്വദേശീയകോൺഗ്രസ്സിന്റെയും ഇ. സി. സി. ഐ.യുടെയും തീരുമാനങ്ങളെയും ലംഘിക്കുന്ന മുഴുവൻ ഘടകങ്ങളേയും ഗ്രൂപ്പുകളേയും വ്യക്തികളായ മെമ്പൎമാരേയും കമ്മ്യൂണിസ്റ്റ് ഇന്റൎനാഷനലിൽനിന്നു പുറത്താക്കാൻ ഇ. സി. സി. ഐ.യ്ക്കധികാരമുണ്ട്. പുറത്താക്കപ്പെടുന്ന വ്യക്തികൾക്കും സംഘടനകൾക്കും സാൎവ്വദേശീയകോൺഗ്രസ്സിൽ അപ്പീൽ ബോധിപ്പിക്കാനധികാരമുണ്ട്.

16. കമ്മ്യൂണിസ്റ്റ് ഇന്റൎനാഷനലിന്റെ വിവിധഘടകങ്ങളുടെ പരിപാടികൾ ഇ. സി. സി. ഐ. അംഗീകരിച്ചുകഴിഞ്ഞാൽ മാത്രമേ സാധുവാകയുള്ളൂ. ഏതെങ്കിലുമൊരു ഘടകത്തിന്റെ പരിപാടി അംഗീകരിക്കാൻ ഇ. സി. സി. ഐ. കൂട്ടാക്കാതിരിക്കുന്നപക്ഷം പ്രസ്തുതഘടകത്തിനു കമ്മ്യൂണിസ്റ്റ് ഇന്റൎനാഷനലിന്റെ സാൎവ്വദേശീയകോൺഗ്രസ്സിൽ അപ്പീൽ ബോധിപ്പിക്കാനധികാരമുണ്ട്.

17. കമ്മ്യൂണിസ്റ്റ് ഇന്റൎനാഷനലിന്റെ വിവിധഘടകങ്ങളുടെ പ്രധാനമുഖപത്രങ്ങളും പ്രസിദ്ധീകരണവകുപ്പുകളും ഇ. സി. സി. ഐ.യുടെ എല്ലാ തീരുമാനങ്ങളെയും ഔദ്യോഗികരേഖകളെയും പ്രസിദ്ധംചെയ്യേണ്ടതാണ്. കഴിയുന്നിടത്തോളം ഇത്തരം തീരുമാനങ്ങൾക്കു പാൎട്ടിപത്രങ്ങളുടെയും പ്രസിദ്ധീകരണവകുപ്പുകളുടെയും മററ ഉപാധികൾമുഖേനയും പ്രസിദ്ധീകരണം നൽകണം.

18. കമ്മ്യൂണിസത്തോട് അനുഭാവമുള്ള സംഘടനകളെയും പാൎട്ടികളെയും കമ്മ്യൂണിസ്റ്റ് ഇന്റൎനാഷനലിനോടു അഫിലിയേററുചെയ്യാനു

ള്ള അപേക്ഷ സ്വീകരിക്കാൻ ഇ. സി. സി. ഐ.യ്ക്കധികാരമുണ്ട്; ഇത്തരം സംഘടനകൾക്ക് അഭിപ്രായപ്രകടനത്തിന്നുള്ള അധികാരം മാത്രമേ ഉണ്ടായിരിക്കയുള്ളു.

19. ഇ. സി. സി. ഐ. ഒരു പ്രിസീഡിയത്തെ തിരഞ്ഞെടുക്കും; പ്രിസീഡിയം ഇ. സി. സി. ഐ. യോടുത്തരവാദപ്പെട്ടതായിരിക്കും; ഇ. സി. സി. ഐ യുടെ യോഗങ്ങൾക്കിടയിലുള്ള കാലഘട്ടങ്ങളിൽ ഇ. സി. സി. ഐ. യുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കാനുള്ള സ്ഥിരം സംഘടനയെന്ന നിലയ്ക്കാണ് പ്രിസീഡിയം പ്രവർത്തിക്കുക.

20. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ വിവിധഘടകങ്ങളുമായി ഏററവുമടുത്ത സമ്പർക്കം പുലർത്തിക്കൊണ്ടുപോരാനും അവയുടെ പ്രവർത്തനത്തെ കൂടുതൽ നന്നായി നയിക്കാൻ വേണ്ട കഴിവു നേടുവാനും വേണ്ടി സ്ഥിരം ബ്യൂറോകൾ (പടിഞ്ഞാറേ യൂറോപ്യൻ ബ്യൂറോ, തെക്കെ അമേരിക്കൻ ബ്യൂറോ, കിഴക്കൻദേശങ്ങളിലേക്കുള്ള ബ്യൂറോ എന്നിങ്ങനെ ഇ. സി. സി. ഐ. യുടെ വിവിധബ്യൂറോകൾ) സ്ഥാപിക്കാനുള്ള അധികാരം ഇ. സി. സി. ഐ.യ്ക്കും അതിൻെറ പ്രിസീഡിയത്തിന്നുമുണ്ട്.

കുറിപ്പ്: ഇ. സി. സി. ഐ. യുടെ സ്ഥിരം ബ്യൂറോകളുടെ പ്രവർത്തനപരിധികൾ നിശ്ചയിക്കേണ്ടത് ഇ. സി. സി. ഐ. യോ അതിൻെറ പ്രിസീഡിയമോ ആയിരിക്കും. സ്ഥിരം ബ്യൂറോകളുടെ പ്രവർത്തനപരിധികൾക്കുള്ളിൽപ്പെടുന്ന രാജ്യങ്ങളിലെ കമ്മ്യൂണിസ്ററ് ഇൻറർനാഷനലിൻെറ ഘടകങ്ങളെ പ്രസ്തുതബ്യൂറോകൾക്ക് ഇ. സി. സി. ഐ. നൽകിയിട്ടുള്ള അധികാരങ്ങളെസ്സംബന്ധിച്ച് ഇ. സി. സി. ഐ. അറിയിക്കേണ്ടതാണ്.

21. ഇ. സി. സി. ഐ. യുടെ സ്ഥിരം ബ്യൂറോകൾ നൽകുന്ന നിർദ്ദേശങ്ങളെ ഇൻറർനാഷനലിൻെറ ഘടകങ്ങൾ നടപ്പിൽവരുത്തേണ്ടതാണ്. സ്ഥിരം ബ്യൂറോകളുടെ നിർദ്ദേശങ്ങളെസ്സംബന്ധിച്ചു ഇൻറർനാഷനലിൻെറ ഘടകങ്ങൾക്ക ഇ. സി. സി. ഐ.യോടോ അതിൻെറ പ്രിസീഡിയത്തോടോ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്; പക്ഷേ ഇ. സി. സി. ഐ. യുടെയോ അതിൻെറ പ്രിസീഡിയത്തിൻേറയോ തീരുമാനങ്ങൾ പുറത്തുവരുന്നതുവരേക്കും പ്രസ്തുതനിർദ്ദേശങ്ങൾ നടപ്പിൽവരുത്തുകയെന്ന പ്രവർത്തനം ഘടകങ്ങൾ തുടരേണ്ടതാണ്.

22. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ വിവിധഘടകങ്ങളിലേക്കു സ്വന്തം പ്രതിനിധികളെ അയക്കാൻ ഇ. സി. സി. ഐ.യ്ക്കും അതി

ന്റെ പ്രിസീഡിയത്തിന്നും അധികാരമുണ്ട്. ഇത്തരം പ്രതിനിധികൾക്ക് ഇ. സി സി. ഐ. യിൽനിന്നോ അതിന്റെ പ്രിസീഡിയത്തിൽനിന്നോ ആയിരിക്കും നിർദ്ദേശങ്ങൾ ലഭിക്കുക; തങ്ങളുടെ പ്രവൎത്തനങ്ങൾക്കു ഇത്തരം പ്രതിനിധികൾ ഇ. സി സി. ഐ.യോടോ അതിന്റെ പ്രിസീഡിയത്തോടോ ആയിരിക്കും ഉത്തരവാദപ്പെട്ടിരിക്കുക ഇ. സി. സി. ഐ. പ്രതിനിധികൾക്ക്, തങ്ങളെ ഏതു ഘടകങ്ങളിലേക്കാണോ ഇ. സി. സി. ഐ. (അല്ലെങ്കിൽ അതിന്റെ പ്രിസീഡിയം) അയച്ചിട്ടുള്ളത്, ആ ഘടകങ്ങളുടെ കേന്ദ്രക്കമ്മിററിയോഗങ്ങളിലും പ്രാദേശികസംഘടനായോഗങ്ങളിലും മററും പങ്കുകൊള്ളുവാൻ അധികാരമുണ്ട്. ഇ. സി. സി. ഐ പ്രതിനിധികൾ, തങ്ങളെ ഏതു ഘടകങ്ങളിലേക്കാണോ നിയോഗിച്ചയച്ചിട്ടുള്ളത്, ആ ഘടകങ്ങളുടെ കേന്ദ്രക്കമ്മിററികളുമായി ഏററവുമടുത്ത ബന്ധം പുലർത്തിക്കൊണ്ടു തങ്ങളുടെ പ്രവൎത്തനം നടത്തേണ്ടതാണ്; എങ്കിലും, ഏതെങ്കിലുമൊരു ഘടകത്തിന്റെ സെൻട്രൽക്കമ്മിററി അംഗീകരിക്കുന്ന നയം ഇ. സി. സി. ഐ.യുടെ നിർദ്ദേശങ്ങൾക്ക് എതിരായോ അവയിൽനിന്നു വ്യത്യസ്തമായോ വരുന്നപക്ഷം പ്രസ്തുതഘടകത്തിന്റെ കോൺഗ്രസ്സിലോ കോൺഫറൻസിലോ വെച്ച് ആ ഘടകത്തിലേക്കു നിയോഗിച്ചയക്കപ്പെട്ടിട്ടുള്ള ഇ. സി. സി ഐ പ്രതിനിധികൾക്ക് ആ ഘടകത്തിന്റെ സെൻട്രൽക്കമ്മിററിക്കെതിരായി സംസാരിക്കാവുന്നതാണ്. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ സാൎവ്വദേശീയകോൺഗ്രസ്സുകളും എക്സിക്യൂട്ടീവുകമ്മിററിയും എടുക്കുന്ന തീരുമാനങ്ങൾ നടപ്പിൽവരുത്തുകയെന്ന പ്രവൎത്തനത്തെ മേൽനോട്ടംചെയ്യുവാൻ ഇ. സി. സി. ഐ. പ്രതിനിധികൾ പ്രത്യേകം ചുമതലപ്പെട്ടിരിക്കുന്നു.

കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിന്റെ വിവിധഘടകങ്ങൾക്ക് ഉപദേശകന്മാരെ അയക്കാനുള്ള അധികാരവും ഇ. സി. സി. ഐ.ക്കും അതിന്റെ പ്രിസീഡിയത്തിന്നുമുണ്ട്. ഇങ്ങിനെയുള്ള ഉപദേശകന്മാരുടെ അധികാരങ്ങളും ചുമതലകളും ഇ. സി. സി. ഐ.യാണു നിശ്ചയിക്കുക; ഇ. സി. സി ഐ.യോടാണ് അവർ തങ്ങളുടെ പ്രവൎത്തനങ്ങൾക്കു ഉത്തരവാദപ്പെട്ടിരിക്കുക.

23. ഇ. സി. സി. ഐ.യുടെ യോഗങ്ങൾ ആറുമാസത്തിൽ ചുരുങ്ങിയതു ഒരിക്കലെങ്കിലും നടക്കണം. ഇ. സി. സി. ഐ. മെമ്പർഷിപ്പിന്റെ പകുതിയിൽ കുറയാത്തത്ര പേരുടെ ഹാജരാണ് കോറം.

24. ഇ. സി. സി. ഐ. പ്രിസീഡിയത്തിന്റെ യോഗങ്ങൾ 14 ദിവസത്തിലൊരിക്കലെങ്കിലും കൂടണം. പ്രിസീഡിയത്തിലെ ആകെ

മെമ്പർമാരുടെ നേർപകുതിയിൽ കുറയാത്തത്ര പേർ ഹാജരായാൽ കോറം തികയും.

25. പ്രസീഡിയം അതിൻെറ പൊളിററിക്കൽ സിക്രട്ടേറിയററിനെ തിരഞ്ഞെടുക്കുന്നു; അതിന്നു തീരുമാനങ്ങളെടുക്കാനുള്ള അധികാരമുണ്ട്; ഇ. സി. സി. ഐ.യുടെയും പ്രസീഡിയത്തിൻെറയും യോഗങ്ങളിലാലോചിക്കേണ്ട പ്രശ്നങ്ങൾ തയ്യാറാക്കുന്നതു സിക്രട്ടേറിയററാണ്; ഇ. സി. സി. ഐ.യുടേയും പ്രസീഡിയത്തിൻെറയും തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്ന ഒരു ഘടകമെന്ന നിലയിലാണ് സിക്രട്ടേറിയററ പ്രവർത്തിക്കുക.

26. കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ മുഖപത്രത്തിന്നും മററു പ്രസിദ്ധീകരണങ്ങൾക്കുമുള്ള പത്രാധിപസമിതികളെ പ്രസീഡിയം നിയമിക്കും.

27. ഇ. സി. സി. ഐ. പ്രസീഡിയം അദ്ധ്വാനിക്കുന്ന സ്ത്രീകൾക്കിടയിൽ പ്രവർത്തനം നടത്തുവാൻ ഒരു പ്രത്യേകവകുപ്പ് ഏർപ്പെടുത്തും; കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ ചില ഘടകങ്ങളുടെയും ഗ്രൂപ്പുകളുടെയും പ്രവർത്തനത്തെ നയിക്കാൻ വേണ്ടി സ്ഥിരംകമ്മിററികളെ (നാഷനൽസെക്രട്ടേറിയററുകൾ) നിയമിക്കും; ഇൻറർനാഷനലിൻെറ മററു പ്രവർത്തനങ്ങൾക്കും പ്രത്യേകവകുപ്പുകളുണ്ടാക്കും.

## IV ഇൻറർനാഷനൽ കൺട്രോൾകമ്മീഷൻ

28. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലുമായി അഫിലിയേററു ചെയ്യപ്പെട്ടിട്ടുള്ള ഘടകങ്ങളുടെ ഐക്യത്തെസ്സംബന്ധിച്ചും വിവിധഘടകങ്ങളിലെ വ്യക്തികളായ മെമ്പർമാരുടെ കമ്യൂണിസ്റ്റ് നടപടികളെസ്സംബന്ധിക്കുന്ന സംഗതികളെക്കുറിച്ചും ഇൻറർനാഷനൽകൺട്രോൾകമ്മീഷൻ അന്വേഷണം നടത്തും.

ഇതിന്നുവേണ്ടി ഐ. സി. സി.

(എ) രാഷ്ട്രീയാഭിപ്രായവ്യത്യാസങ്ങളുടെ പേരിൽ അച്ചടക്കനടപടികൾക്ക വിധേയരായിത്തീർന്നിട്ടുള്ള പാർട്ടിമെമ്പർമാർ കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സെൻട്രൽകമ്മിററികൾ കൈക്കൊണ്ടിട്ടുള്ള നടപടികൾക്കെതിരായി സമർപ്പിച്ചിട്ടുള്ള ആവലാതികളെ പരിശോധിക്കും.

(ബി) ആവശ്യമാണെന്നു തോന്നുന്നപക്ഷം, അല്ലെങ്കിൽ ഇ. സി. സി. ഐ.യുടെ അധികൃതഘടകങ്ങൾ ഒരു തീരുമാനമെടുക്കാൻവേണ്ടി ആവശ്യപ്പെട്ടിട്ടുള്ളപക്ഷം, കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ കേന്ദ്രഘടകങ്ങളിലെ മെമ്പർമാരെസംബന്ധിക്കുന്നതും വ്യക്തികളായ പാർട്ടിമെമ്പർ

മാരെസ്സംബന്ധിക്കുന്നതുമായ മേൽച്ചേർത്ത തരത്തിലുള്ള കാര്യങ്ങളെസ്സംബന്ധിച്ച് അന്വേഷണവും പരിശോധനയും നടത്തും.

(സി) കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ കണക്കുകൾ ആഡിററു ചെയ്യും.

കമ്മ്യൂണിസ്ററുപാർട്ടികൾക്കുള്ളിലുള്ള രാഷ്ട്രീയാഭിപ്രായവ്യത്യാസങ്ങളുടെ കശപിശകളിലോ സംഘടനാപരവും ഭരണനിർവ്വഹണപരവുമായ കുഴപ്പങ്ങളിലോ ഇൻറർനാഷനൽകൺട്രോൾകമ്മീഷൻ ഇടപെടാൻ പാടുള്ളതല്ല.

ഐ. സി. സി. യുടെ ഹെഡ്ക്വാർട്ടേഴ്സ് എവിടെയായിരിക്കണമെന്നു ഐ. സി. സി. യാണ് നിശ്ചയിക്കുവാൻ; ആ നിശ്ചയം ഇ. സി. സി. ഐ. അംഗീകരിക്കണമെന്നുമാത്രം.

## V കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ ഘടകങ്ങളും ഇ. സി. സി. ഐ. യും തമ്മിലുള്ള ബന്ധങ്ങൾ

29. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലുമായി അഫിലിയേററുചെയ്തിട്ടുള്ള ഘടകങ്ങളുടെ സെൻട്രൽകമ്മിററികളും അഫിലിയേററുചെയ്തിട്ടുള്ള അനുഭാവമുള്ള സംഘടനകളുടെ സെൻട്രൽകമ്മിററികളും തങ്ങളുടെ യോഗങ്ങളുടെ നടപടിവിവരങ്ങളും തങ്ങളുടെ പ്രവർത്തനറിപ്പോർട്ടുകളും ഇ. സി. സി. ഐ.യ്ക്കയക്കണം.

30. വിവിധഘടകങ്ങളുടെ സെൻട്രൽക്കമ്മിററികളിലെ വ്യക്തികളായ മെമ്പർമാരോ മെമ്പർമാരുടെ ഗ്രൂപ്പുകളോ തങ്ങളുടെ സ്ഥാനങ്ങൾ രാജിവെക്കുന്നതു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പിളർപ്പുണ്ടാക്കുന്ന ഏർപ്പാടായിട്ടാണ് കണക്കാക്കപ്പെടുക. പാർട്ടിയിലെ ഉയർന്ന നേതൃസ്ഥാനങ്ങൾ, ആ സ്ഥാനങ്ങളിൽ കയറിച്ചെന്നിട്ടുള്ളവരുടെ സ്വന്തമല്ല; നേരെമറിച്ച് കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറയാകെ പൊതുസമ്പത്താണ്. വിവിധഘടകങ്ങളിലെ നേതൃത്വം വഹിക്കുന്ന കേന്ദ്രക്കമ്മിററികളിലേക്കു തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർക്ക് തങ്ങളുടെ പ്രവർത്തനകാലാവധി തീരും മുമ്പുതന്നെ രാജിവെയ്ക്കാവുന്നതാണ്; പക്ഷേ, ഇ. സി. സി. ഐ.യുടെ സമ്മതപ്രകാരമായിരിക്കണമെന്നുമാത്രം. ഇ. സി. സി. ഐ.യുടെ അനുമതിയില്ലാതെ ഇൻറർനാഷനലിൻെറ ഘടകങ്ങളുടെ സെൻട്രൽക്കമ്മിററികൾ സ്വീകരിക്കുന്ന രാജികൾക്കു സാധുത്വമുണ്ടായിരിക്കുന്നതല്ല.

31. കമ്മ്യൂണിസ്റ്റ് ഇൻറർനാഷനലുമായി അഫിലിയേററുചെയ്യപ്പെട്ടിട്ടുള്ള ഘടകങ്ങൾ സംഘടനാപരവും വാർത്താവിതരണപരവുമായി ഏ

4510



ററവുമടുത്ത പരസ്പരബന്ധങ്ങൾ പുലർത്തിക്കൊണ്ടു പോരണം; തങ്ങളുടെ കോൺഫറൻസുകളിലും കോൺഗ്രസ്സുകളിലും മററു ഘടകങ്ങളുടെ പ്രതിനിധികളെക്കൂടി പങ്കെടുപ്പിക്കാൻ വേണ്ട പരസ്പരസൌഹാർദ്ദക്രമം കൈക്കൊള്ളണം; ഇ. സി. സി. ഐ.യുടെ അനുമതിയോടുകൂടി, നേതൃസ്ഥാനം വഹിക്കുന്ന സഖാക്കളെ പരസ്പരം കൈമാററംചെയ്യണം. ഇതു വിശേഷിച്ചും ബാധകമാവുന്നതു സാമ്രാജ്യത്വരാജ്യങ്ങളിലെയും അവയുടെ കോളണികളിലെയും തൊട്ടുതൊട്ടുള്ള കിടക്കുന്ന രാജ്യങ്ങളിലെയും ഇൻറർനാഷനലിൻെറ ഘടകങ്ങൾക്കാണ്.

32. സമരത്തിൻെറ പൊതുപരിതസ്ഥിതികൾമൂലം രാഷ്ട്രീയമായി പരസ്പരം അത്യധികം ബന്ധപ്പെട്ടിട്ടുള്ള രാജ്യങ്ങളിലെ കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ രണ്ടോ അധികമോ ഘടകങ്ങൾക്ക (ഉദാഹരണത്തിന്ന്, സ്കാൻഡിനേവിയൻരാജ്യങ്ങളിലെയും ബാൾക്കാൻരാജ്യങ്ങളിലെയും ഘടകങ്ങൾ) ഇ. സി. സി. ഐ.യുടെ അനുമതിയോടുകൂടി, തങ്ങളുടെ പ്രവർത്തനങ്ങളെ ഏകീകരിക്കാനും കൂട്ടിയിണക്കാനുംവേണ്ടി ഫെഡറേഷനുകൾ രൂപീകരിക്കാവുന്നതാണ്; ഇത്തരം ഫെഡറേഷനുകൾ ഇ. സി. സി. ഐ.യുടെ നേതൃത്വത്തിന്നും നിയന്ത്രണത്തിന്നും വഴങ്ങിക്കൊണ്ടായിരിക്കും തങ്ങളുടെ പ്രവർത്തനം നടത്തുക.

33. ഇൻറർനാഷനലിൻെറ ഘടകങ്ങൾ അഫിലിയേഷൻഫീസുകൾ കൃത്യമായി ഇ. സി. സി. ഐ.ക്കു അടയ്ക്കണം. ഇതിൻെറ തുക നിശ്ചയിക്കേണ്ടത് ഇ. സി. സി. ഐ.യാണ്.

34. വിവിധഘടകങ്ങളുടെ സാധാരണകോൺഗ്രസ്സുകളും വിശേഷാൽകോൺഗ്രസ്സുകളും ഇ. സി. സി. ഐ യുടെ സമ്മതപ്രകാരം മാത്രമേ വിളിച്ചുകൂട്ടാൻ പാടുള്ളു.

സാർവ്വദേശീയകോൺഗ്രസ്സ് കൂടുന്നതിന്നുമുമ്പ് ഏതെങ്കിലുമൊരു ഘടകത്തിന്ന് അതിൻെറ പാർട്ടികോൺഗ്രസ്സ് വിളിച്ചുകൂട്ടാൻ കഴിയാതെവരുന്നപക്ഷം ആ ഘടകം സാർവ്വദേശീയകോൺഗ്രസ്സിലേക്കുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന്നു മുമ്പായി ഒരു പാർട്ടികോൺഫറൻസോ സെൻട്രൽകമ്മിററിയുടെ പ്ലീനറിയോഗമോ വിളിച്ചുകൂട്ടണം; അതിൽവെച്ചായിരിക്കണം സാർവ്വദേശീയകോൺഗ്രസ്സിലാലോചിക്കേണ്ട പ്രശ്നങ്ങൾ തയ്യാറാക്കുന്നത്.

35. കമ്യൂണിസ്റ്റ് യുവജനങ്ങളുടെ സാർവ്വദേശീയലീഗ് (കമ്യൂണിസ്റ്റ് യൂത്ത് ഇൻറർനാഷനൽ) കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ

ഒരു ഘടകമാണ്; അതിന്നു് എല്ലാ അധികാരങ്ങളുമുണ്ടു്; ഇ. സി. സി. ഐ.യുടെ കീഴിലാണതു പ്രവർത്തിക്കുക.

36. കമ്യൂണിസ്റ്റുപാർട്ടികളെ നിയമവിരുദ്ധപരിതസ്ഥിതികളിലും പ്രവർത്തിക്കാൻ തയ്യാറാക്കേണ്ടതുണ്ട്. നിയമവിരുദ്ധപരിതഃസ്ഥിതികളിൽ പ്രവർത്തിക്കാൻ വേണ്ടുന്ന മാററങ്ങൾ വരുത്തുന്നതിന്ന് ആവശ്യമായ സഹായങ്ങൾ അതാതുപാർട്ടികൾക്ക് ഇ. സി. സി. ഐ. നൽകേണ്ടതാണ്.

37. കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ ഘടകങ്ങളിലെ വ്യക്തികളായ മെമ്പർമാക്ക് ഒരു രാജ്യത്തിൽനിന്നു മറെറാരു രാജ്യത്തിലേക്കു പോകാൻ തങ്ങൾ ഏതു ഘടകത്തിലെ മെമ്പർമാരാണോ, ആ ഘടകത്തിൻെറ സെൻടൽക്കമ്മിററിയുടെ അനുവാദം വാങ്ങിയിരിക്കണം.

തങ്ങളുടെ സ്വന്തം രാജ്യം വിട്ടു മറെറാരു രാജ്യത്തിൽ പോയി പാക്കുന്ന കമ്യൂണിസ്റ്റുകാർ തങ്ങൾ പുതുതായി പാക്കുന്ന രാജ്യത്തിലെ പാർട്ടിയിൽ മെമ്പർമാരായി ചേരണം. തങ്ങളുടെ രാജ്യത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെ സെൻടൽക്കമ്മിററിയുടെ അനുമതി വാങ്ങാതെ നാടുവിട്ടുപോന്ന കമ്യൂണിസ്റ്റുകാരെ കമ്യൂണിസ്റ്റ് ഇൻറർനാഷനലിൻെറ മററു ഘടകങ്ങളിൽ മെമ്പർമാരായി ചേർത്തുകൂടാത്തതാകുന്നു.

---

**ദേശാഭിമാനി**

**പ്രസിദ്ധീകരണം 31/48**

പ്രസാധകന്മാർ:
ദേശാഭിമാനി പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൗസ്
ലിമിറെറഡ്,
പോസ്റ്റ് ചാലപ്പുറം, കോഴിക്കോട്.

1948 ജൂൺ വില 0—8—0

കോപ്പി 1,000

ദേശാഭിമാനിപ്രസ്സ്, കോഴിക്കോട്.

# വായിക്കേണ്ട പുസ്തകങ്ങൾ

| | | | |
|---|---|---|---|
| 1. ഇന്ത്യൻകമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടാം കോൺഗ്രസ്സിലവതരിപ്പിച്ച കരട് രാഷ്ട്രീയപ്രമേയം | 1 | 0 | 0 |
| 2. മാർക്സിസത്തിന്നു ഒരു മുഖവുര | 0 | 4 | 0 |
| 3. മാർക്സിയൻ ധനശാസ്ത്രം | 0 | 10 | 0 |
| 4. ചരിത്രപരമായ ഭൗതികവാദം | 0 | 6 | 0 |
| 5. ലോകം രണ്ടു ചേരിയിൽ | 0 | 6 | 0 |
| 6. കേരളം—ഒന്നും രണ്ടും ഭാഗങ്ങൾ (ഓരോന്നിന്നും വില) | 1 | 4 | 0 |

## അച്ചടിയിൽ

1. ഭരണകൂടവും വിപ്ലവവും (ലെനിൻ)
2. മാർക്സും ട്രേഡ് യൂനിയനുകളും (എ. ലസ്സോവസ്കി)
3. കൂലിവേലയും മുടക്കമുതലും (കാറൽമാർക്സ്)
4. ജനാധിപത്യമുന്നണി (മാർഷൽ ടിറേറാ)


**പീപ്പിൾസ് ബുക്ക് ഹൌസ്,**

P. O. ചാലപ്പുറം, (S. മലബാർ.)

തൃശ്ശൂർ, എറണാകുളം (കൊച്ചിൻസ്റ്റേയിററ്) ആലപ്പുഴ, കോട്ടയം, തിരുവനന്തപുരം (തിരുവിതാംകൂർ)

..'S BOOK HOUSE
CO. CHALAPURAM,
.. MALABAR

# കമ്യൂണിസ്റ്റ് പാർട്ടി സംഘടനയുടെ അടിസ്ഥാനപ്രമാണങ്ങൾ



KERALA COMMITTEE,
COMMUNIST PARTY OF INDIA,
..PURAM, ERNAKULAM.

137

9/24

324.254